# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 14 ഫെബ്രുവരി 2023 ലക്കം 2

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


നിയുക്ത മെത്രാൻ ഫാ. ജോൺ പനന്തോട്ടത്തിൽ.......... 7
സർക്കുലർ....................................................................... 9
രൂപതാ കച്ചേരി വാർത്തകൾ................................................ 18
മതബോധനരംഗം ................................................................ 23
ചെറുപുഷ്പ മിഷൻലീഗ്........................................................ 25
Department of Youth Ministry ........................................ 31
കെ.സി.വൈ.എം.................................................................. 34
കുടുംബപ്രേഷിതത്വം............................................................ 42
സീയോൻ വാർത്ത................................................................. 51
വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................. 53
സാമൂഹ്യ സേവനരംഗം (WSSS)......................................... 57
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ............................ 60
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.............................. 61
കത്തോലിക്കാ കോൺഗ്രസ്.................................................. 65
ബയോവിൻ അഗ്രോ റിസർച്ച്............................................... 69
റേഡിയോ മാറ്റൊലി .............................................................. 73
Mary Matha Arts & Science College.............................. 75
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................. 78
ബിഷപ്സ് പ്രോഗ്രാം .............................................................. 87

## ഫാ. ജോൺ പനന്തോട്ടത്തിൽ സി.എം.ഐ മെൽബൺ സീറോ മലബാർ രൂപതയുടെ മെത്രാൻ

സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ രണ്ടാമത്തെ മെത്രാനായി ഫാ. ജോൺ പനന്തോട്ടത്തിൽ സി.എം.ഐയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. പ്രഥമ മെത്രാൻ ബിഷപ്പ് ബോസ്കോ പുത്തൂർ വിരമിച്ച ഒഴിവിലാണ് പുതിയ നിയമനം.

ഫാ. ജോൺ 2008 മുതൽ 2014 വരെ രണ്ട് പ്രാവശ്യം സി.എം. ഐ. സഭയുടെ സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ മാനന്തവാടി രൂപതയിലെ നിരവിൽപ്പുഴ ഇടവക വികാരിയും സെന്റ് ഏലിയാസ് ആശ്രമത്തിന്റെ സുപ്പീരിയറുമാണ് അദ്ദേഹം.

1966 മെയ് 31 ന് തലശ്ശേരി അതിരൂപതയിലെ പേരാവൂർ (തൊണ്ടിയിൽ) ഇടവകയിൽ പനന്തോട്ടത്തിൽ ജോസഫ് ത്രേസ്യ ദമ്പതികളുടെ പത്തുമക്കളിൽ ഒമ്പതാമനായി ഫാ. ജോൺ ജനിച്ചു. നിലവിൽ കുടുംബം തലശ്ശേരി അതിരൂപതിയിലെ തന്നെ പെരുമ്പുന്ന ഇടവകയിലാണ്. ഫാ. ജോണിന് ഏഴു സഹോദരന്മാരും രണ്ടു സഹോദരിമാരുമാണുള്ളത്. പിതാവും ഒരു സഹോദരനും ജീവിച്ചിരിപ്പില്ല. സഹോദരങ്ങൾ വിവാഹിതരായി കുടുംബ ജീവിതം നയിക്കുന്നു. മാതാവും അവരോടൊപ്പം ജീവിക്കുന്നു.

തൊണ്ടിയിൽ സെന്റ് ജോസഫ് സ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം സി.എം.ഐ സെന്റ് തോമസ് പ്രൊവിൻസിന്റെ കൂടത്തായിയിലുള്ള ആസ്പിരൻസ് ഭവനത്തിൽ സന്യാസ പരിശീലനത്തിന് ചേർന്നു. തുടർന്ന് മേരിക്കുന്ന് നോവിഷ്യേറ്റിൽ പരിശീലനം പൂർത്തിയാക്കി. 1986 മാർച്ച് 19 ന് താൽക്കാലിക വ്രതവും 1994 ജൂൺ 7ന് നിത്യവ്രതവും എടുത്തു. ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ വൈദിക പരിശീലനം പൂർത്തിയാക്കി. 1997 ഡിസംബർ 26ന് ദേവഗിരി ആശ്രമത്തിൽ വച്ച് അന്നത്തെ താമരശ്ശേരി മെത്രാൻ മാർ പോൾ ചിറ്റിലപ്പിള്ളിയുടെ കൈവയ്പ്പിലൂടെ പൗരോഹിത്യം സ്വീകരിച്ചു.

ഫാ. ജോൺ കോഴിക്കോട് ദേവഗിരി കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി. തുടർന്ന് മാന്നാനം സെന്റ് ജോസഫ്സ് കോളേജിൽ നിന്ന് ബി. എഡ്.,  എം. എഡ് ബിരുദങ്ങളും നേടി.

താമരശ്ശേരി രൂപതയിലെ കൂടരഞ്ഞി (1998) പെരുവയൽ (2011–2014) അമേരിക്കയിലെ നാഷ്‌വിൽ രൂപതയിലെ ലോറൻസ് ബർഗ്ഗ് (2015), ആസ്ത്രേലിയായിൽ ബ്രിസ്ബേയ്ൻ കത്തീഡ്രൽ (2015), ആ രൂപതയിലെ തന്നെ റീജന്റ്സ് പാർക്ക് സെന്റ് ബർണർഡീൻ (2016) എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും, ആസ്പ്ളി സെന്റ് ഡിംപ്ന ഇടവകയിൽ (2017–2021) വികാരിയായും സേവനമനുഷ്ഠിച്ചു. 2020 മുതൽ മാനന്തവാടി രൂപതയിലെ നിരവിൽപുഴ ഇടവക വികാരിയും സെന്റ് ഏലിയാസ് ആശ്രമ സുപ്പീരിയറുമാണ്.

സി.എം.ഐ സഭയുടെ ദേവഗിരി കോളേജ്, മാനന്തവാടി രൂപതയിലുള്ള അരുൾ നിലയം സി.എം.ഐ മോണിംഗ് സ്റ്റാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, താമരശ്ശേരി രൂപതയിലെ ദേവഗിരി സാവിയോ ഇംഗ്ലീഷ് മീഡിയം സ്കൂൾ, മക്കിയാട് ബെനഡിക്റ്റൈൻ ആശ്രമം എന്നിവിടങ്ങളിൽ ഇംഗ്ലീഷ് അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ജോണച്ചന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും മെത്രാനടുത്ത അജപാലനശുശ്രൂഷ നിർവ്വഹിക്കാനുള്ള ദൈവാനുഗ്രഹവും നേരുന്നു

Prot. No. 0029/2023

# സിനഡ് അനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂ
ഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ
അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ ഒന്നാമത്തെ സമ്മേളനം മൂന്നു ദിവസങ്ങളിലെ ധ്യാനത്തിനും പ്രാർത്ഥനകൾക്കും ശേഷം ജനുവരി 9 മുതൽ 14 വരെ സഭാ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

തന്റെ അഗാധമായ ദൈവികജ്ഞാനംകൊണ്ടും മാതൃകാപരമായ വിശുദ്ധജീവിതംകൊണ്ടും തിരുസഭയെ നയിച്ച ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളുടെ കാലത്തു സഭാനൗകയെ ധീരമായി നയിച്ച ബെനഡിക്ട് പാപ്പായോടു സഭയ്ക്കു വലിയ കടപ്പാടുണ്ട്. നമ്മുടെ സഭയുടെ വളർച്ചയ്ക്കു സഹായകമായ നിർണായകമായ ഒട്ടേറെ തീരുമാനങ്ങൾ എടുത്ത ബെനഡിക്ട് പാപ്പായുടെ ഹൃദയത്തിൽ സീറോമലബാർ സഭയ്ക്കു സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. റോമിലെ സെന്റ്

പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ബെനഡിക്ട് പാപ്പായുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ നമ്മുടെ സഭയിൽനിന്നുള്ള ഏതാനും പിതാക്കന്മാരോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. ബെനഡിക്ട് മാർപാപ്പായുടെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു നമുക്കു പ്രാർത്ഥിക്കാം.

ജഗദൽപൂർ രൂപതയുടെ മുൻ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലാത്തറ സി.എം.ഐ. പിതാവിന്റെ മരണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. സീറോമലബാർസഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കു പിതാവു നൽകിയ ഊർജവും ദിശാബോധവും കാലാതിവർത്തിയാണെന്നു സിനഡു വിലയിരുത്തി.

**ഏകീകൃത കുർബാനയും എറണാകുളം - അങ്കമാലി അതിരൂപതയും**

ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കുന്നതിൽ എറണാകുളം - അങ്കമാലി അതിരൂപതയ്ക്കുള്ള അജപാലനപ്രശ്നങ്ങളെ സിനഡു വസ്തുനിഷ്ഠമായി വിലയിരുത്തി. 1999 നവംബർ മാസത്തിലെ സിനഡ് ഒരുമനസ്സോടെ തീരുമാനിച്ചതും തുടർന്നുള്ള വിവിധ സിനഡു സമ്മേളനങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടതും 2021 ആഗസ്റ്റ് മാസത്തിൽ സിനഡിന്റെ തീരുമാനപ്രകാരം 2021 നവംബർ 28 മംഗളവാർത്ത ഒന്നാം ഞായർ മുതൽ നിയമബദ്ധമായി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടതുമാണ് സീറോമലബാർ സഭയുടെ ഏകീകൃത കുർബാനക്രമം. ഈ ക്രമം നടപ്പിലാക്കാൻ, തികച്ചും അസാധരണമായ നടപടിയെന്നനിലയിൽ പിതൃസഹജമായ സ്നേഹത്തോടെ 2021 ജൂലൈ മൂന്നിനും 2022 മാർച്ച് 25 നും ഫ്രാൻസിസ് മാർപാപ്പ രണ്ടു കത്തുകളിലൂടെ നേരിട്ടു ആവർത്തിച്ചു ആവശ്യപ്പെട്ടതാണ്. തിരുസ്സഭയുടെ പരമാധികാരിയായ പരിശുദ്ധ പിതാവിന്റെ ഈ ഉദ്ബോധനം സീറോമലബാർ സഭയുടെ മക്കൾ മുഴുവനും അനുസരിക്കാൻ കടപ്പെട്ടവരാണ്. ആരാധനാക്രമവിഷയങ്ങളിൽ അന്തിമതീരുമാനം എടുക്കേണ്ടതു സഭയുടെ സിനഡും ശ്ലൈഹിക സിംഹാസനവുമാണ്. ഇപ്രകാരം നൽകപ്പെട്ട നിയമത്തിനു വിരുദ്ധമായി തീരുമാനമെടുക്കാൻ മറ്റാർക്കും അവകാശമില്ല. ശ്ലൈഹികസിംഹാസനം അംഗീകരിച്ച സഭാസിനഡിന്റെ

തീരുമാനത്തെ മനഃപൂർവം അവഗണിച്ചു വിശുദ്ധ കുർബാനയർപ്പിക്കുന്നതു നിയമവിരുദ്ധമാണെന്ന് (illicit) എല്ലാവരും തിരിച്ചറിയണം. മേൽപറഞ്ഞ തീരുമാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ചർച്ചകൾക്കുമാത്രമേ സഭാപരമായി സാധുതയുള്ളൂ. എറണാകുളം - അങ്കമാലി അതിരൂപത നിലവിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻ കീഴിലായതിനാൽ സിനഡിനു നേരിട്ട് അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം എടുക്കാനാവില്ല. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ നിർദ്ദേശപ്രകാരം എറണാകുളം അങ്കമാലി അതിരൂപതയിൽ നിന്നുള്ള പിതാക്കന്മാർ ഉൾപ്പെടുന്ന ആറംഗ സമിതി ചർച്ചകൾക്കായി നിയോഗിക്കപ്പെട്ടു. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയെ എതിർക്കുന്നവരും അനുകൂലിക്കുന്നവരുമായി സമിതി പലതവണ ചർച്ചകൾ നടത്തി. അതിരൂപതാകൂരിയായിലെ അംഗങ്ങളുമായും വിശദമായ ചർച്ചകൾ നടന്നു. കൂടാതെ അതിരൂപതാംഗങ്ങളായ വിവിധ അല്മായപ്രമുഖരുമായും സമിതി ആശയവിനിമയം നടത്തി. എറണാകുളം - അങ്കമാലി അതിരൂപതയിൽനിന്നു സിനഡിൽ സന്നിഹിതരായിരുന്ന എല്ലാ പിതാക്കന്മാരും ചർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഹൃദയപൂർവം പങ്കുചേർന്നിരുന്നു. സിനഡു പിതാക്കന്മാരെല്ലാവരും ഉപവാസവും പ്രാർത്ഥനയും വഴി ഈ അനുരഞ്ജന പ്രക്രിയയിൽ പങ്കാളികളായി.

സഭയുടെ ഐക്യത്തെ വർധിപ്പിക്കുന്നരീതിയിൽ ഏകീകൃത ബലിയർപ്പണം നടപ്പാക്കണമെന്ന തീരുമാനത്തിൽ അടിയുറച്ചു നിന്നുകൊണ്ട് അതു നടപ്പിലാക്കാൻ എറണാകുളം - അങ്കമാലി അതിരൂപതയിലെ ഇടവകകൾക്ക് ഔദാര്യപൂർവം സമയം നൽകുകയെന്ന ലക്ഷ്യത്തോടെയാണു ചർച്ചകൾ പുരോഗമിച്ചത്. കത്തീഡ്രൽ ബസിലിക്കയിൽ ഞായറാഴ്ചകളിലെങ്കിലും ഏകീകൃതരൂപത്തിലുള്ള കുർബാനയർപ്പിച്ചുകൊണ്ട് അനുരഞ്ജനത്തിന്റെ പ്രക്രിയ ആരംഭിക്കാമെന്നായിരുന്നു സിനഡുപിതാക്കന്മാരുടെ പ്രതീക്ഷ. അങ്ങനെ യോജിപ്പിൽ എത്തുകയാണെങ്കിൽ സിനഡിന്റെ അവസാന ദിവസം പിതാക്കന്മാരെല്ലാം ഒന്നുചേർന്നു മേജർ ആർച്ചുബിഷപ്പിന്റെ കാർമികത്വത്തിൽ ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിച്ചു ഐക്യത്തിലേക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്താ

മെന്ന ചില വിഭാഗങ്ങളുടെ നിർദ്ദേശവും ഞങ്ങൾക്കു സ്വീകാര്യമായിരുന്നു. എന്നാൽ ഇനിയും വ്യക്തമാകാത്ത കാരണങ്ങളാൽ ഏകീകൃത കുർബാനക്രമത്തെ അംഗീകരിക്കാത്ത ചിലർ മേൽവിവരിച്ച തത്വങ്ങളിൽ ഉറച്ചുനിൽക്കാൻ വിസമ്മതിച്ചതിനാൽ സിനഡിന്റെ സമാപനത്തിൽ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം പ്രഖ്യാപിക്കാൻ കഴിയാത്തതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഐക്യത്തിനുവേണ്ടിയുള്ള സഭയുടെ മനസ്സു തിരിച്ചറിഞ്ഞ് എല്ലാവരും ഏകമനസ്സോടെ സിനഡിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്ന ദിവസം അകലെയല്ലെന്ന പ്രത്യാശ ഈ ചർച്ചകളുടെ വെളിച്ചത്തിൽ ഞങ്ങൾ പങ്കുവയ്ക്കുന്നു. അതിനാൽ ചർച്ചകൾ തുടരുവാൻ ഏതാനും അല്മായപ്രമുഖരോടും ഞങ്ങൾ സഹായം തേടിയിട്ടുണ്ട്. പിതാക്കന്മാരുടെ സമിതി തുടർന്നും ചർച്ചകൾക്കു നേതൃത്വം കൊടുക്കുന്നതാണ്.

മുറിവുകളുണക്കി ഹൃദയൈക്യത്തിലേക്കു നീങ്ങാൻ പരിശുദ്ധാത്മാവ് എല്ലാവരെയും പ്രചോദിപ്പിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. സഭയുടെ ആധികാരിക പ്രബോധനങ്ങളും തീരുമാനങ്ങളും പൊതുനന്മയും ബലികഴിച്ചുകൊണ്ടുള്ള ഒത്തുതീർപ്പിനു സിനഡിനു സാധിക്കില്ല എന്ന സത്യം എല്ലാവരും മനസ്സിലാക്കേണ്ടതാണ്. ചർച്ചകളിലൂടെ പ്രശ്നപരിഹാരമുണ്ടാക്കാൻ ഒരു മനസ്സോടെ പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാത്തരം പ്രതിഷേധപ്രകടനങ്ങളിൽനിന്നും സമരമുറകളിൽനിന്നും പിന്മാറണമെന്ന് എല്ലാ വൈദികരോടും സന്യസ്തരോടും അല്മായവിശ്വാസികളോടും സിനഡ് ഏകമനസ്സോടെ ആഹ്വാനം ചെയ്യുന്നു. മാർപാപ്പയുടെ ഉദ്ബോധനം ലംഘിക്കുന്നതും മാർപാപ്പനിയോഗിച്ച അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കെതിരായി പ്രവർത്തിക്കുന്നതും പരിശുദ്ധപിതാവിനെ നിരാകരിക്കുന്ന ഗുരുതരമായ കുറ്റമാണെന്ന് എല്ലാവരും ഗ്രഹിക്കണം. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെയുള്ള സിനഡിന്റെ തീരുമാനം നടപ്പിലാക്കാൻ വിശ്വാസപൂർവം മുമ്പോട്ടു വന്ന എറണാകുളം - അങ്കമാലി അതിരൂപതയിലെ വൈദികരുടെയും അല്മായസഹോദരങ്ങളുടെയും നിലപാടു മാതൃകാപരമാണ്.

ഏകീകൃതരീതിയിലുള്ള കുർബാനയർപ്പണത്തിനുള്ള പരിശീലനമാണ് 2000-ാം ആണ്ടു മുതൽ കേരളത്തിലെ വൈദികവി

ദ്യാർത്ഥികൾക്കു മേജർ സെമിനാരികളിൽ നൽകിവരുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി നമ്മുടെ സഭയുടെ മതബോധനക്ലാസുകളിൽ പഠിപ്പിച്ചിരുന്നതും ഏകീകൃത കുർബാനയർപ്പണരീതിയെ പരിചയപ്പെടുത്തുന്ന പാഠങ്ങളാണ്. അതിനാൽ ഏകീകൃത കുർബാനയർപ്പണരീതി തികച്ചും അപരിചിതമെന്നു പറയാൻ ആർക്കും സാധിക്കില്ല. നമ്മുടെ സഭയിൽ പ്രധാനമായും രണ്ടു തരത്തിലുള്ള വിശുദ്ധ കുർബാനയർപ്പണരീതികളാണ് 1999 വരെ നിലനിന്നിരുന്നത്: പൂർണമായി അൾത്താരാഭിമുഖവും പൂർണമായി ജനാഭിമുഖവും. പ്രസ്തുത രീതികളെ സഭയുടെ ഐക്യത്തെ മുൻനിറുത്തി ഏകോപിപ്പിച്ചാണു നിലവിലുള്ള ഏകീകൃത കുർബാനയർപ്പണരീതി സിനഡ് അംഗീകരിച്ചത്. അതിനാൽ, ഏതെങ്കിലും പക്ഷത്തിന്റെ വിജയമോ പരാജയമോ ആയി ഏകീകൃത കുർബാനയർപ്പണരീതിയെ ആരും ദുർവ്യാഖ്യാനം ചെയ്യരുത്.

2022 നവംബർ 27ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിക്കാനെത്തിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ തടഞ്ഞതും എറണാകുളം – അങ്കമാലി അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രതിഷേധപ്രകടനങ്ങളും അതിക്രമങ്ങളും അങ്ങേയറ്റം അപലപനീയമാണ്. പരിശുദ്ധ സിംഹാസനം ഭരമേല്പിച്ച ദൗത്യനിർവഹണത്തിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവു നടത്തിയതെന്നു സിനഡു വിലയിരുത്തി. 2022 ഡിസംബർ 23, 24 തീയതികളിൽ എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്നതു സമാനതകളില്ലാത്ത വിശ്വാസവിരുദ്ധ പ്രവർത്തനങ്ങളാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന പ്രവർത്തനങ്ങൾ ഹൃദയം തകർക്കുന്ന വേദനയോടെയാണു സഭയിലെ ഓരോ വിശ്വാസിയും നോക്കിക്കണ്ടത്. വിശുദ്ധ കുർബാനയെ പ്രതിഷേധ സമരമാർഗമായി ഉപയോഗിച്ച വൈദികരും അതിനെ പ്രതിരോധിക്കാൻ ബലിപീഠം കയ്യേറിയ വ്യക്തികളും സഭാഗാത്രത്തിൽ ഏൽപ്പിച്ച മുറിവ് ഏറെ ആഴമുള്ളതാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്നതു നേരിട്ടുള്ള ദൈവനിന്ദയാണ്. ഈ സംഭവത്തെക്കുറിച്ചു അന്വേഷിക്കാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ റിപ്പോർട്ടു റോമിലെ ബന്ധ

പ്പെട്ട കാര്യാലയത്തിൽ അറിയിക്കുകയും അവിടെനിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതം മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പരിശുദ്ധ കുർബാനയെ അവഹേളിച്ച പ്രവർത്തിക്കു പരിഹാരമായി മെത്രാന്മാരും വൈദികരും സന്യസ്തരും സാധിക്കുന്ന വിശ്വാസികളും വിശുദ്ധ കുർബാനയ്ക്കുമുന്നിൽ ഒരു മണിക്കൂർ നിശബ്ദമായ ആരാധന നടത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം സഭയിലൂടെ ദൈവം നൽകുന്ന ദാനമാണ്. പരിശുദ്ധ പിതാവിനോടും മേജർ ആർച്ചുബിഷപ്പിനോടും രൂപതാദ്ധ്യക്ഷനോടും ചേർന്നുനിൽക്കുമ്പോഴാണു പൗരോഹിത്യം കൃപാദായകമാകുന്നത്. മാർപാപ്പായെയും സഭാതലവനെയും രൂപതാദ്ധ്യക്ഷനെയും നിഷേധിക്കുമ്പോൾ പൗരോഹിത്യം ഉറകെട്ടുപോയ ഉപ്പുപോലെ ഫലരഹിതമാകും എന്നതിനാലാണ് പൗരോഹിത്യ സ്വീകരണവേളയിൽ സഭാധികാരികളോടുള്ള അനുസരണവും വിധേയത്വവും പുരോഹിതാർത്ഥികൾ ഏറ്റുപറയുന്നത്. സഭയോടുള്ള കൂട്ടായ്മ മറക്കുമ്പോൾ പൗരോഹിത്യം ദൈവജനത്തിന് കൃപ നൽകാൻ കഴിവില്ലാത്തതാകുമെന്ന സത്യം എല്ലാ വൈദികരും തിരിച്ചറിയണം. അനുരഞ്ജിതരായിത്തീരാൻവേണ്ടി നാം അർപ്പിക്കുന്ന വിശുദ്ധ കുർബാന അനൈക്യത്തിന്റെ വേദിയാക്കി സ്വയം അപഹാസ്യരാകാതിരിക്കാൻ എല്ലാ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും ശ്രദ്ധിക്കണം. സഭാസ്നേഹികളും പാരമ്പര്യവാദികളും എന്ന പേരിൽ നിരന്തരം പ്രകോപനപരമായി പ്രതികരിക്കുന്ന ഓൺലൈൻ കൂട്ടായ്മകൾ സ്വയം നിയന്ത്രിക്കേണ്ടത് സഭയുടെ ഐക്യത്തിന് അനിവാര്യമാണ്.

**പുതിയ യാമപ്രാർത്ഥനകൾ**

നമ്മുടെ സഭയുടെ യാമപ്രാർത്ഥനകളുടെ നവീകരിച്ച ക്രമം പുറത്തിറക്കാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്. സഭയുടെ തനതു പാരമ്പര്യങ്ങളോടും മൂലകൃതികളോടും വിശ്വസ്തത പുലർത്തുന്ന രീതിയിലാണ് പുതിയ ക്രമം രൂപപ്പെടുത്തിയിരിക്കുന്നത്.നമ്മുടെ ആധ്യാത്മികതയിൽ യാമപ്രാർത്ഥനകൾക്കു വലിയ പ്രാധാന്യമുണ്ട്. വൈദികരും സന്യസ്തരും സാധിക്കുന്ന അല്മായരും യാമപ്രാർത്ഥനകൾ അനുദിന ആധ്യാത്മികതയുടെ ഭാഗമാ

ക്കണം. 2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതലാണ് നവീകരിച്ച ക്രമം ഔദ്യോഗികമായി നിലവിൽ വരുന്നത്.

**ബഫർസോൺ**

ബഫർ സോൺ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2023 ജനുവരി 11 ലെ പരാമർശം കർഷകർക്ക് ആശാവഹമാണെന്നു സീറോമലബാർസിനഡു വിലയിരുത്തി. മുഴുവൻജനവാസകേന്ദ്രങ്ങളെയും കൃഷിഭൂമിയെയും തോട്ടങ്ങളെയും ബഫർ സോൺ പരിധിയിൽനിന്നു ഒഴിവാക്കാനുള്ള സത്വരനടപടികൾ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. കണ്ണൂർ ജില്ലയിലെ ആറളം മുതൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർവരെ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കുചുറ്റും ജീവിക്കുന്ന ജനങ്ങൾ അപ്രഖ്യാപിത കുടിയിറക്കിന്റെ വക്കിലാണെന്നു സിനഡു നിരീക്ഷിച്ചു. നിലവിലുള്ള സങ്കേതങ്ങൾക്കുപുറമേ അട്ടപ്പാടിയിൽ പുതുതായി വനംവകുപ്പ് ശുപാർശ ചെയ്തിരിക്കുന്ന ഭവാനി വന്യജീവി സങ്കേതം അട്ടപ്പാടിയെ കൂടുതൽ ദോഷകരമായി ബാധിക്കും. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഈ പുതിയ നീക്കം കർഷകരോടുള്ള വെല്ലുവിളിയായി മാത്രമേ മനസ്സിലാക്കാനാകൂ എന്നു സിനഡു വിലയിരുത്തി. കൃഷിസ്ഥലങ്ങളും ജനവാസകേന്ദ്രങ്ങളും പൂർണമായും ഒഴിവാക്കി വനാതിർത്തിക്കുള്ളിൽ ബഫർസോൺ നിലനിർത്തണമെന്നു സിനഡു സർക്കാരിനോട് ആവശ്യപ്പെടുന്നു. പുതുതായി നിർദ്ദേശിച്ചിരിക്കുന്ന ഭവാനി വന്യജീവിസങ്കേത ശുപാർശ അടിയന്തരമായി പിൻവലിക്കണം. കേരളത്തിലെ ഭൂരിപക്ഷം വന്യജീവിസങ്കേതങ്ങളുടെയും കോർസോണിന്റെ അതിർത്തി ജനവാസകേന്ദ്രങ്ങളുമായി പങ്കിടുന്ന വിധത്തിൽ തെറ്റായി നിശ്ചയിക്കപ്പെട്ടുപോയിട്ടുണ്ടെന്നും, വന്യജീവി സങ്കേതങ്ങളുടെ അതിർത്തിനിർണയത്തിലെ ഈ തെറ്റുതിരുത്താൻ സമയം അനുവദിക്കണമെന്നും കോടതിയിൽ ആവശ്യപ്പെടണം. ജനവാസകേന്ദ്രങ്ങളും കൃഷിഭൂമികളും വന്യജീവിസങ്കേതങ്ങളുടെ ബഫർസോൺ ആയി പ്രഖ്യാപിക്കാൻ സാധിക്കുകയില്ല എന്നും രേഖകളുടെ പിൻബലത്തോടെ കോടതി മുൻപാകെ സമർത്ഥിക്കാൻ സർക്കാരിനു കഴിയണം. നിലവിലുള്ള വന്യജീവി സങ്കേതങ്ങളുടെ അതിർത്തി അടിയന്തരമായി പുനർനിർണയിച്ച റിപ്പോർട്ട്

കേന്ദ്ര വന്യജീവിബോർഡിന്റെ ശുപാർശയോടും സെൻട്രൽ എംപവെർഡ് കമ്മിറ്റി (CEC) യുടെയും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരത്തോടെയും സുപ്രീംകോടതിയിൽ സമർപ്പിക്കാൻ ആവശ്യമായ സമയം അനുവദിക്കണമെന്നു കോടതിയിൽ ആവശ്യപ്പെടണം. സാങ്കേതിക പിഴവുകൾകൊണ്ടു വനാതിർത്തിക്കുള്ളിൽ പെട്ടുപോയ നിരവധി ജനവാസമേഖലകളും കൃഷിയിടങ്ങളും സംരക്ഷിക്കാൻ പ്രസ്തുത പ്രദേശങ്ങളിലെ വനാതിർത്തികൾ പുനർനിർണയിക്കേണ്ടത് ആവശ്യമാണ്. കർഷകരെ മറന്നുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം ഒരിക്കലും പ്രായോഗികമല്ല. അതിനാൽ, കർഷകരെക്കൂടി വിശ്വാസത്തിൽ എടുത്ത് ആരോഗ്യകരമായ പരിസ്ഥിതി സംസ്കാരം രൂപപ്പെടുത്തുവാൻ സർക്കാരിനു കഴിയണം.

**സംവരണേതര വിഭാഗങ്ങൾക്കുള്ള സംവരണം**

സംവരണേതരവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിന്റെ (EWS) ആനുകൂല്യങ്ങൾ സഭാംഗങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു. സംവരണ മാനദണ്ഡങ്ങളെ സംബന്ധിച്ചുള്ള കേന്ദ്ര ഗവൺമെന്റ് ഉത്തരവിനനുസൃതമായി കേരളത്തിലും നിയമഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണം. എങ്കിൽമാത്രമേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സഭാംഗങ്ങൾക്ക് ഈ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. കേന്ദ്രസംസ്ഥാന നിയമങ്ങൾ തമ്മിൽ നിലവിലുള്ള വൈരുദ്ധ്യം പരിഹരിക്കാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്നു സിനഡ് ആവശ്യപ്പെട്ടു.

**മെൽബൺ രൂപതയ്ക്ക് പുതിയ ഇടയൻ**

സീറോമലബാർ സഭയ്ക്കു ഓസ്ട്രേലിയായിലെ മെൽബൺ കേന്ദ്രമായുള്ള രൂപതയ്ക്കു പുതിയ ഇടയനായി സി.എം.ഐ. സന്യാസസഭാംഗമായ ഫാ. ജോൺ പനന്തോട്ടത്തിലിനെ മാർപാപ്പ നിയമിച്ചു. നിയുക്തമെത്രാനും മെൽബൺ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ആരംഭം മുതൽ നാളിതുവരെ മെൽബൺ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനോടു

സീറോമലബാർ സഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയുടെ ആദ്യത്തെ കൂരിയാ ബിഷപ്പ് എന്നനിലയിലും മെൽബൺ രൂപതാദ്ധ്യക്ഷൻ എന്നനിലയിലുമുള്ള പിതാവിന്റെ ശ്ലൈഹികശുശ്രൂഷ സഭയ്ക്കു മുഴുവൻ അനുഗ്രഹമായിരുന്നു.

പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുമായി നമ്മെ മുന്നോട്ടുനയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ! പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മെ അനുഗ്രഹിക്കട്ടെ!

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ജനുവരി മാസം 14-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

ഈ സർക്കുലർ 2023 ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും, 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3-ാം തീയതി ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും സ്മരിക്കാം.

**തിരുബാലസഖ്യദിനം - ഫെബ്രുവരി 12**

ഫെബ്രുവരി 12-ാം തിയതി തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കാൻ രൂപതാ കേന്ദ്രത്തിലേയ്ക്ക് എത്തിക്കുമല്ലോ.

**വൈദിക സെനറ്റ് (Presbyteral Council)**

വൈദിക സെനറ്റിന്റെ ഒരു യോഗം 2023 ഫെബ്രുവരി 16 രാവിലെ 10:30 മുതൽ 1:00 മണിവരെ ബിഷപ്പ്സ് ഹൗസിൽ വെച്ചു ചേരുന്നതാണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ കത്തുകൾ ലഭിക്കാതിരുന്നാൽ ഇതൊരറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## യുവവൈദികരുടെ ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ്

നേരത്തെ അറിയിച്ചിരുന്നതുപോലെ മാനന്തവാടി രൂപതയിലെ യുവ വൈദികർക്കുവേണ്ടിയുള്ള ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് 2023 ഫെബ്രുവരി 13 മുതൽ 18 വരെ രണ്ട് ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്നു. ഫെബ്രുവരി 13 വൈകിട്ട് 6 മുതൽ 15 വൈകിട്ട് 4 മണിവരെ ഒന്നാമത്തെ ബാച്ചിനും, ഫെബ്രുവരി 16 വൈകിട്ട് 6 മുതൽ 18 വൈകിട്ട് 4 മണി വരെ രണ്ടാമത്തെ ബാച്ചിനും കോഴ്സ് നടത്തപ്പെടും. 2011 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങി ഈ വർഷം തിരുപ്പട്ടം സ്വീക

രിച്ചവർ ഉൾപ്പടെ എല്ലാ വൈദികരും നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴികഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും, ഇടവകയിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളൊക്കെ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

## ഓഡിറ്റിംഗ് 2022-23

നമ്മുടെ രൂപതയിലെ 2022-23 വർഷത്തെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ് ഏപ്രിൽ 18-ാം തീയതിമുതൽ 28-ാം തീയതി വരെയാണ് നടത്തപ്പെടുന്നത്. ഓരോ ഇടവകയും ഓഡിറ്റിംഗിനായി വരേണ്ട തീയതി മാർച്ച് മാസത്തെബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. അതിനാൽ ഓഡിറ്റിംഗിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യണം എന്ന് ഓർമിപ്പിക്കുന്നു.

## ജൂബിലി വാർത്തകൾ

### തിരുസ്വരൂപ പ്രയാണം

നീലഗിരി റീജിയനിൽ 2023 ജനുവരി 1ന് പനംചിറ ഇടവകയിൽ തിരുസ്വരൂപ പ്രയാണത്തിനു ഉജ്ജ്വല സ്വീകരണം നൽകി. തുടർന്ന് വിവിധ ഇടവകകളിൽ പ്രയാണം പൂർത്തിയാക്കി. ജനുവരി 13 നു മണിമൂളി ഫൊറോനപള്ളിയിൽ എത്തിച്ചേർന്നതോടെ മണിമൂളി ഫൊറോനയിലെ തിരുസ്വരൂപ പ്രയാണത്തിന് തുടക്കമായി. ജനുവരി 21 നു നിലമ്പൂർ ഫൊറോനയിൽ വള്ളിക്കെട്ട് ഇടവകയിൽ തിരുസ്വരൂപ പ്രയാണം എത്തിച്ചേർന്നു. വിവിധ ഇടവകകളിലെ പ്രയാണത്തിന് ശേഷം തിരുസ്വരൂപം ഫെബ്രുവരി 1 നു പൂളപ്പാടം ഇടവകയിൽ എത്തിച്ചേരും.

നീലഗിരി റീജിയനിൽ ബഹു. ബിനോയി കാശംകുറ്റി അച്ചനും, മണിമൂളി ഫൊറോനയിൽ ബഹു ജിന്റോ തട്ടുപറമ്പിൽ അച്ചനും, നിലമ്പൂർ ഫൊറോനയിൽ ബഹു. സന്തോഷ് കിഴക്കൻ പുതുപ്പള്ളി അച്ചനും ഫൊറോനാ കോർഡിനേറ്റർമാരായി പ്രവർത്തിച്ചു.

**അഖണ്ഡജപമാലയും**

ഫെബ്രുവരി മാസത്തിൽ അഖണ്ഡജപമാലയ്ക്ക് നേതൃത്വം കൊടുക്കുന്നത് രൂപതയിലെ എഫ്. സി. സി സന്യാസിനി സമൂഹങ്ങളാണ്.

**മിഷൻ സംഗമം**

മാനന്തവാടി രൂപത സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് രൂപതയിലെ എല്ലാ വൈദികരുടെയും സമർപ്പിതരുടേയും ഒരു സംഗമം 2023 മാർച്ച് 4 ന് നടത്തുന്നു. കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

**ബൈബിൾ കൺവെൻഷൻ**

രൂപതയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി ദ്വാരക സിയോനിൽ വെച്ച് 2023 ഫെബ്രുവരി 22 ബുധനാഴ്ച മുതൽ 26 ഞായറാഴ്ച വരെ നടക്കുന്ന ബൈബിൾ കൺവെൻഷന് അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകുന്നു.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ജപമാലയോടെ ശുശ്രൂഷകൾ ആരംഭിക്കുകയും ഉച്ചകഴിഞ്ഞ് 3.30 ന് സമാപിക്കുകയും ചെയ്യും. 22 ന് ബുധനാഴ്ച രാവിലെ 10 മണിക്ക് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം മെത്രാൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വി. ബലിയർപ്പിക്കും. 26 ന് ഞായറാഴ്ച്ച സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് തരാമംഗലം സമാപന സന്ദേശം നൽകും. എല്ലാ ദിവസവും കൗൺസിലിംഗ് ഉണ്ടായിരിക്കും. 23 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ കുമ്പസാരത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കും. ഇടവകയിൽ നിന്നും സാധിക്കുന്നിടത്തോളം ആളുകളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

മാനന്തവാടി രൂപതാ വൈദികനായ ബഹു. ഫാ. സജി തോമസ് കാട്ടാംകോട്ടിൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രതിഭാസ വിശകലന ദർശനത്തിൽ (Phenomenology) ഡോക്ടറേറ്റ് നേടി.

*'ദൈവികത അതി അതിരിക്തതയിൽ നിന്ന് ആന്തരികതയിലേക്ക്: പ്രതിഭാസ വിശകലന ദർശനത്തിന്റെ കാഴ്ചപ്പാടിൽ'* എന്ന വിഷയത്തിൽ ഉത്തരാധുനികതയുടെ പശ്ചാത്തലത്തിൽ ഉള്ളതായയിരുന്നു ഗവേഷണം. ബഹു. സജി അച്ചന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

---

കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ സെക്രട്ടറി ആയി നിയമിതനായിരിക്കുന്ന മിഷൻ ലീഗ് മാനന്തവാടി രൂപതാ മുൻ ഡയറക്ടറും മിഷൻലീഗ് സംസ്ഥാന ഡയറക്ടറുമായ ഫാ. ഷിജു ഐക്കരക്കാനായിലിന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

**മോൺ. പോൾ മുണ്ടോളിക്കൽ**
സിഞ്ചെല്ലൂസ്

Prot.No. 27013 /2022

**Revoking of Prohibition of the Exercise of Priestly Faculties**

It is hereby made known to all concerned, that having been completed the required canonical procedures in accordance with the directives of the Dicastery for Divine Worship and Sacraments of the Holy See, the prohibition imposed on Rev Fr Philip Mekkattu (Jino George) for exercising his priestly faculties (1st March 2017), was lifted with effect from 7th October 2022. As per the spirit of the directives of the above-mentioned Dicastery, he has been permitted to get incardinated in the Latin diocese of Miao in Arunachal Pradesh. From that date (7-10-2022) onwards he has been at liberty to exercise his priestly ministry also in the eparchy of Mananthavady with certain restrictions, as and when circumstances warrant.

Issued from the office of the Bishop of Mananthavady on the 26th day of the month of December of the year two thousand and twenty two.

Bishop Jose Porunnedom
Bishop of the eparchy of Mananthavady

## HCC പരീക്ഷകൾ

HCC പരീക്ഷകൾ ഇപ്രാവശ്യം ഫൊറോനതലത്തിലാണ് നടക്കുന്നത്. പരീക്ഷകൾ ഏറ്റവും ഭംഗിയായി നടത്തുവാൻ ബഹുമാനപ്പെട്ട മേഖലാ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ മേഖല ടീം അംഗങ്ങളും, ഹെഡ്മാസ്റ്റേഴ്സും, അധ്യാപകരും ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾ ബഹു. വികാരിയച്ചന്മാരുടെയും, ഹെഡ്മാസ്റ്റേഴ്സിന്റെയും ഗ്രൂപ്പിൽ അറിയിക്കുന്നതായിരിക്കും.

## HCC സേ പരീക്ഷ

ഈ വർഷം 11,12 ക്ലാസിലെ കുട്ടികൾക്ക് സേ എക്സാം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷകൾക്ക് തോറ്റ കുട്ടികൾക്ക് രൂപതയിൽനിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് നല്കുന്നതായിരിക്കും. അവർക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കുന്നതല്ല. പഠനവൈകല്യമുള്ളകുട്ടികൾക്ക് സ്ക്രൈബിനെ വച്ച് പരീക്ഷ എഴുതിക്കുന്നത് അനുവദനീയമല്ല. അവർക്ക് ഇടവകകളിൽ പരീക്ഷ നടത്തി മാർക്ക് രൂപതയ്ക്ക് നല്കിയാൽ മതി. രൂപതയിൽ നിന്ന് കോഴ്സ് കംപ്ലീറ്റഡ് സർട്ടിഫിക്കറ്റ് അവർക്ക് നല്കുന്നതായിരിക്കും.

## മൂല്യനിർണ്ണയം

HCC പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് സഹായിക്കാൻ ഇടവകകളിൽനിന്ന് വരുന്ന അദ്ധ്യാപകരുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സിനു നല്കിയിരിക്കുന്ന ഗൂഗിൾ ഫോമിൽ ചേർത്ത് ജനുവരി 31 നുള്ളിൽ രൂപതാമതബോധന ഓഫീസിലേക്ക് അയയ്ക്കേണ്ടതാണ്. മൂല്യനിർണ്ണയം നടത്തുന്നതിനായി അദ്ധ്യാപകർ 2023 ഫെബ്രുവരി 10 ന് വൈകുന്നേരം 6 മണിയോടുകൂടി ദ്വാരക പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്. ഫെബ്രുവരി 12 ന് ഉച്ചക്ക് 3.00 മണി വരെയായിരിക്കും മൂല്യനിർണ്ണയം നടക്കുക. മൂല്യനിർണ്ണയം നടത്തുന്ന അദ്ധ്യാപകർ പഠിപ്പിക്കുന്ന പാഠപുസ്തകവും, ഉപപാഠപുസ്തകവും കൊണ്ടുവരേണ്ടതാണ്.

## ഡിപ്ലോമ പരീക്ഷ, വാർഷിക പരീക്ഷ

ഈ വർഷത്തെ മതബോധന കലണ്ടർ അനുസരിച്ച് ഡിപ്ലോമ പരീക്ഷ 2023 ഫെബ്രുവരി 26 നാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ CBSE പരീക്ഷ നടക്കുന്നതുകൊണ്ട് ഡിപ്ലോമ പരീക്ഷ 04/04/2023 ചൊവ്വാ

ഴ്ചയിലേക്ക് മാറ്റുകയാണ്. നീലഗിരി റീജിയനിൽ 2023 ഏപ്രിൽ 2 ഞായറാഴ്ചയായിരിക്കും ഡിപ്ലോമ പരീക്ഷ നടത്തപ്പെടുന്നത്. 1 മുതൽ 9 വരെ ക്ലാസിലെ കുട്ടികളുടെ വാർഷികപരീക്ഷ 03/04/2023 നും നടത്തപ്പെടുന്നതായിരിക്കും.

**HM കോൺഫറൻസ്**

നമ്മുടെ ഈ വർഷത്തെ HM കോൺഫറൻസ് 2023 ജനുവരി 26 ന് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാ ബഹു. ഹെഡ്മാസ്റ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി.

**സംസ്ഥാന പ്രതിഭാസംഗമം**

രൂപതാ പ്രതിഭാസംഗമത്തിൽ സെലക്ട് ആയ നാലു കുട്ടികൾ 2022 ഡിസംബർ 28,29,30 തിയ്യതികളിൽ എറണാകുളത്തുവച്ച് നടത്തപ്പെട്ട സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുത്തു.

**രൂപതാ പ്രതിഭാസംഗമം ക്ലാസ്സ് 7**

7-ാം ക്ലാസ്സിന്റെ പ്രതിഭാസംഗമം ഇനിയും നടത്താത്ത മേഖലകൾ ഉണ്ടെങ്കിൽ എത്രയും പെട്ടന്ന് പൂർത്തീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന 4 കുട്ടികളുടെ പേര് വിവരങ്ങൾ ഫെബ്രുവരി 5 ന് മുമ്പായി രൂപതാ മതബോധന ഓഫീസിൽ നല്കേണ്ടതാണ്. രൂപതയിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കുമായിരിക്കും സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുക.

**ജൂബിലേറിയൻസ്**

ഈ വർഷം മതാധ്യാപന രംഗത്ത് 25, 35, 50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരെ 2023 മെയ് മാസത്തിൽ നടക്കുന്ന HM കോൺഫറൻസിൽ വച്ച് ആദരിക്കുന്നതായിരിക്കും. ഓരോ ഇടവകയിലും 25, 35, 50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും ഓഫീസിൽ എത്തിക്കേണ്ടതാണ്. അതോടൊപ്പം ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസ്സിൽ എത്തിയിട്ടുള്ള കുട്ടികളുടെ പേരും മാർച്ച് 1 നുള്ളിൽ രൂപതാ ഓഫീസിൽ എത്തിക്കുകയോ വാട്സാപ്പിലൂടെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ളവരെ,

''അവിടുത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുകയും ഉപവാസവും പ്രാർത്ഥനയും അനുതാപവും വഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്ക് പ്രസാദിപ്പിക്കാം'' എന്ന വിശുദ്ധ കുർബാനയിലെ പ്രാർത്ഥനയോടെ നമ്മുടെ ഹൃദയങ്ങളെ ചേർത്തുവച്ചുകൊണ്ട് നല്ല ഒരു നോമ്പുകാലത്തിലേക്ക് നമുക്ക് പ്രവേശിക്കാം. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഫെബ്രുവരി മാസത്തിന് ആയി നൽകിയ നിർദ്ദേശത്തെ അടിസ്ഥാനമാക്കി ഈ വർഷത്തെ നോമ്പ് 'സഹനത്തിലൂടെ നന്മയുടെ പുണ്യങ്ങളിലേക്ക്'' എന്ന ആപ്തവാക്യവുമായി നമുക്ക് ആചരിക്കാം. ചെറുപുഷ്പ മിഷൻ ലീഗിൽ അംഗങ്ങൾ ആയിട്ടുള്ള കുഞ്ഞുമക്കൾക്ക് ഈ നോമ്പുകാലം ക്രിസ്തീയ ചൈതന്യം പരിശീലിക്കാനുള്ള ഒരു അവസരമാക്കി മാറ്റാം. മുതിർന്നവർക്ക് ഇത് ക്രിസ്തു സാക്ഷ്യത്തിന്റെ ദിനങ്ങളും. അങ്ങനെ ഈ നോമ്പുകാലം ഈശോയുടെ കുരിശിന്റെ വഴിയിലൂടെ നടന്നു നമ്മുടെ മുദ്രാവാക്യത്തിൽ ഊന്നി സഹനവും ത്യാഗവും വഴി സ്നേഹവും സേവനവും അനുഷ്ഠിക്കുവാൻ നമുക്ക് തയ്യാറാകാം. എല്ലാവർക്കും നല്ല ഒരു നോമ്പുകാലം ആശംസിക്കുന്നു

സ്നേഹപൂർവ്വം,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**അർദ്ധ വാർഷിക മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത അർദ്ധ വാർഷിക മാനേജിംഗ് കമ്മിറ്റി ദ്വാരക പാസ്റ്റർ സെന്ററിൽ വച്ചു നടത്തി. മേഖലാ എക്സികുട്ടീവ് അംഗങ്ങളും രൂപതാ എക്സികുട്ടിവ് അംഗങ്ങളും പങ്കെടുത്ത മാനേജിംഗ് കമ്മിറ്റിയിൽ പ്രവർത്തന വർഷത്തിലെ മേഖല, രൂപത പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രസ്തുത മാനേജിംങ് കമ്മിറ്റിയിൽ രൂപത ജോ. സെക്രട്ടറിയായി കുമാരി അജിറ്റ കണ്ണുകെട്ടിയിലും എക്സിക്യൂട്ടീവ് അംഗമായി കുമാരി ലിഡ പടിഞ്ഞാറെമുറിയിലും തിരഞ്ഞെടുക്കപ്പെട്ടു. അജിറ്റയ്ക്കും ലിഡ

യ്ക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബ ത്തിലേക്ക് സ്വാഗതം.

**ഉദയം 2023-കുടുംബ സംഗമം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത, രൂപതാ എക്സി ക്യൂട്ടീവ് അംഗങ്ങളുടെയും ഓർഗനൈസിംഗ് ടീം അംഗങ്ങളു ടെയും കുടുംബ സംഗമം *ഉദയം 2023* എന്ന പേരിൽ ദ്വാരകയിൽ വച്ച് നടത്തി. സംഗമത്തിൽ മാനന്തവാടി രൂപതാ മതബോധന ഡയറക്ടർ ഫാദർ തോമസ് കച്ചറയിൽ മുഖ്യ സന്ദേശം നൽകി. സംഗമത്തിൽ വച്ച് നറുക്കിട്ട് ക്രിസ്തുമസ് സമ്മാനങ്ങൾ പരസ്പരം കൈമാറുകയും ചെയ്തു. സ്നേഹവിരുന്നിനു ശേഷം എല്ലാവരും സ്വഭവനങ്ങളിലേക്ക് തിരിച്ചു. *ഉദയം 2023* വേറിട്ടൊരു അനുഭവ മാക്കി മാറ്റാൻ സഹായിച്ച ചെറുപുഷ്പ മിഷൻലീഗ് രൂപതാ എക്സി ക്യൂട്ടീവ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത മുൻ എക്സിക്യൂ ട്ടീവ് അംഗം ശ്രീ. ഡോളി പാറേക്കുടിയിലിന്റെ നിര്യാണത്തിൽ സി.എം.എൽ രൂപതാ കുടുംബം അനുശോചനം അറിയിക്കുകയും ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ച് കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും ചെയ്തു.

പോപ്പ് എമരിത്തൂസ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ യുടെ ദേഹവിയോഗത്തിൽ മിഷൻ ലീഗ് മാനന്തവാടി രൂപത അനുശോചനം രേഖപ്പെടുത്തി.

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ മുൻ ജോ. ഡയറക്ടർ ബഹു. സി. സെറിൻ സി. എം. സി യുടെ അമ്മയുടെ നിര്യാണത്തിൽ സി.എം.എൽ രൂപതാ കുടുംബത്തിന്റെ അനുശോ ചനം അറിയിച്ചുകൊണ്ട് രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവനം സന്ദർശിച്ച് പ്രാർത്ഥിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കു കയും ചെയ്തു.

**അഭിനന്ദനങ്ങൾ**

കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ സെക്രട്ടറി ആയി നിയമിതനായിരിക്കുന്ന മിഷൻ ലീഗ് മാനന്തവാടി രൂപതാ മുൻ ഡയ റക്ടറും മിഷൻ ലീഗ് സംസ്ഥാന ഡയറക്ടറുമായ ഫാ. ഷിജു ഐക്കര ക്കാനായിലിന് മിഷൻ ലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

**വിജയികൾക്ക് അഭിനന്ദനങ്ങൾ**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തിൽ പഞ്ചാബ് മിഷനിൽ ഒരു ദേവാലയം പണിയുക എന്ന ലക്ഷ്യത്തോടെ ഫണ്ട് കണ്ടെത്താനായി നടത്തിയ സമ്മാന കൂപ്പൺന്റെ നറുക്കെടുപ്പിൽ അമൃത ബേക്കറി (അമ്പലവയൽ) ഒന്നാം സ്ഥാനവും, അനന്തൻ പാലവയൽ (കൽപ്ര) ക്രിസൽ അഗസ്റ്റിൻ (കൊമ്മയാട്) എന്നിവർ രണ്ടാം സ്ഥാനവും, സെബാസ്റ്റ്യൻ കല്ലക്കാട്ട് (കൂളിവയൽ) ബിസി വഴുതക്കാട്ടിൽ (വാഴവറ്റ) ലാലി നിലമ്പൂർ (നിലമ്പൂർ) എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കൂപ്പൺ പദ്ധതിയിൽ വിജയികളായവർക്ക് അഭിനന്ദനങ്ങൾ. ഇത് വിജയിപ്പിക്കാനായി പരിശ്രമിച്ച എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരെയും ജോയിൻ ഡയറക്ടർമാരായ സിസ്റ്റേഴ്സിനെയും ശാഖ, മേഖല, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെയും കൂപ്പണുകൾ വിൽക്കാൻ സഹായിച്ച എല്ലാ കുഞ്ഞുമിഷനറിമാരെയും ഏറെ സ്നേഹത്തോടെ നന്ദിയോടെ ഓർക്കുന്നു. എല്ലാ ഇടവകകൾക്കുംഓരോ പ്രോത്സാഹന സമ്മാനവും ഉണ്ട് ഇടവകകളിൽ പ്രോത്സാഹന സമ്മാനത്തിന് അർഹരായവർക്കും അഭിനന്ദനങ്ങൾ.

**പൊലിയരുതിനിയും ഒരു ജീവനും**

തോമസ് പള്ളിപ്പുറത്തിൽ (പുതുശ്ശേരി) കടുവ ആക്രമണത്തിൽ കൊല്ലപ്പെട്ടതിനെതിരെ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ പ്രതിഷേധം അറിയിച്ചു. വന്യമൃഗങ്ങളിൽ നിന്ന് ജനത്തെ സംരക്ഷിക്കേണ്ടത് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പ്രഥമ ഉത്തരവാദിത്വമായി മാറണമെന്നും, ഇനി ഒരു മനുഷ്യൻ പോലും വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെടില്ല എന്നും വനംവകുപ്പ് ഉറപ്പുവരുത്തണമെന്ന് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ആവശ്യപ്പെട്ടു. വയനാട്ടിൽ തുടർച്ചയായി ഉണ്ടാകുന്ന വന്യജീവി ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടകണം. വന്യജീവി നിയന്ത്രണം, ജനവാസമേഖലകളിൽ റെയിൽവേ ഫെൻസിംങ്, വന്യജീവികളുടെ ആക്രമണത്തിൽ ഉണ്ടാകുന്ന കാർഷിക നഷ്ടങ്ങൾക്ക് അർഹമായ നഷ്ടപരിഹാരവും, വന്യമൃഗങ്ങളിൽ നിന്ന് മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നീ ആവശ്യങ്ങൾ രൂപതാ സമിതി സാമൂഹ്യമാധ്യമങ്ങളിലൂടെ പങ്കുവച്ചു.

**ദേശീയ വാർഷികവും പ്ലാറ്റിനം ജൂബിലി സമാപനവും**

29-ാം തിയതി തക്കലയിൽ വച്ച് നടന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ ദേശീയ വാർഷികത്തിലും പ്ലാറ്റിനം ജൂബിലി സമാപനത്തിലും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**തിരുബാലസഖ്യം രൂപതാതല മത്സരങ്ങൾ**

ഈ വർഷത്തെ തിരുബാലസഖ്യം രൂപതാതല മത്സരങ്ങൾ ഫെബ്രുവരി 18 ന് ദ്വാരക എ.യു.പി സ്കൂളിൽ വച്ച് നടത്തുന്ന വിവരം ഓർമ്മിപ്പിക്കുന്നു. ആദ്യകുർബാന സ്വീകരണം കഴിയാത്തവരും മിഷൻലീഗ് അംഗങ്ങൾ അല്ലാത്തവരുമായവർക്കാണ് തിരുബാല സഖ്യ മത്സരം സംഘടിപ്പിക്കുന്നത്. മേഖലയിൽ ഒന്നാം സ്ഥാനം ലഭിച്ചവർക്കും ഒന്നാം സ്ഥാനം ലഭിച്ച ടീമിനും ആണ് രൂപതയിൽ മത്സരിക്കാൻ അർഹതയുണ്ടാവുക. ഒരു അംഗത്തിന് 2 വ്യക്തിഗത ഇനങ്ങളിലും ഒരു ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാം.

**നിബന്ധനകൾ**

1. സംഗീതം - ക്രിസ്തീയ ഭക്തിഗാനം മാത്രമേ ആലപിക്കാൻ പാടുള്ളൂ. സ്വരങ്ങൾ ആലപിക്കാൻ പാടില്ല. ഹമ്മിംഗ് ആകാം - 5 മിനിറ്റ്

2. ആക്ഷൻ സോങ്ങ്: പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞത് 5 പേർ. പരമാവധി 7 പേർ. കുട്ടികൾ തന്നെ പാടി കളിക്കണം. പശ്ചാത്തല സംഗീതം പാടില്ല. ക്രിസ്തീയ മലയാളഗാനമായിരിക്കണം. പരമാവധി സമയം 5 മിനിട്ട്. ടീം മിക്സ്ഡ് ആകണമെന്ന് നിർബന്ധമില്ല.

3. ബൈബിൾ കഥ പറച്ചിൽ: ബൈബിളിലെ കഥ ആണ് ഉപയോഗിക്കേണ്ടത്. പറയുന്ന രീതി, സ്പുടത, ഒഴുക്ക്, ശൈലി, എന്നിവ നോക്കുന്നതാണ്. സമയം 5 മിനിട്ട്

4. സങ്കീർത്തനാലാപനം: സങ്കീർത്തനങ്ങൾ ആണ് ആലപികേണ്ടത്.20 വാക്യത്തിൽ കൂടാൻ പാടില്ല, ആലപിക്കുന്ന രീതി, സ്ഫുടത, ഒഴുക്ക്, ശൈലി എന്നിവ നോക്കുന്നതാണ്.

5. മോണോ ആക്റ്റ്: ക്രിസ്തീയ മൂല്യം ഉള്ളതായിരിക്കണം - 3 മിനിട്ട്

6. പ്രസംഗം (മലയാളം) വിഷയം പൂമ്പാറ്റ 1

ഈശോ എന്റെ കൂട്ടുകാരൻ

പൂമ്പാറ്റ 2

ഈശോ എന്റെ കുടുംബത്തിന്റെ നാഥൻ
English speech
Subject
Jesus our saviour
ശാഖ വാർത്തകൾ

**കൊട്ടിയൂർ:** സുവർണ്ണ ജൂബിലി സ്മാരക ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി. ക്രിസ്തുമസ് കാർഡ് നിർമ്മാണം, കരോൾ ഗാന മത്സരം സംഘടിപ്പിച്ചു. സംസ്ഥാന സ്കൂൾ കായിക മേളയിൽ ജൂനിയർ വിഭാഗം ആൺകുട്ടികളുടെ 100 മീറ്റർ ഓട്ടത്തിൽ ഗോൾഡ് മെഡൽ നേടിയ മിഷൻ ലീഗ് അംഗമായ അലൻ മാത്യു മുറിക്കുറ്റിക്കലിന് ആശംസകളും, അഭിനന്ദനങ്ങളും നേർന്നു.

**കയ്യൂന്നി:** ഇരുപത്തഞ്ച് ദിവസം മിഷൻ ലീഗ് അംഗങ്ങൾ വി. ബലിയിൽ പങ്കെടുക്കുകയും സുകൃതങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു. തിരുപിറവിയോടനുബന്ധിച്ച് യൂണിറ്റിൽ കുറഞ്ഞ വിലയ്ക്ക് കേക്കുകൾ വിതരണം നടത്തി. ഇടവകയിൽ നടത്തിയ എക്യുമെനിക്കൽ ക്രിസ്തുമസ്സ് ആഘോഷത്തിൽ മിഷൻ ലീഗ് അംഗങ്ങൾ  വിവിധ പരിപാടികൾ അവതരിപ്പിച്ചു.

**മഞ്ഞൂറ:** രോഗീ സന്ദർശനം നടത്തി. അൾത്താരസംഘം കുട്ടികൾക്ക് ആരാധന, പരിശീലനം നൽകി. കരോൾ ഗാന മൽസരം നടത്തി. കുട്ടികൾ വചന വൃക്ഷം തയ്യാറാക്കി.

**കേളകം:** സി.എം.എൽ അംഗങ്ങൾ 25 ദിവസവും നോമ്പെടുക്കുകയും ദിവ്യ ബലിയിൽ പങ്കെടുക്കുകയും ചെയ്തു. വി. ഫ്രാൻസീസ് സേവ്യറുടെ തിരുനാൾ ദിനത്തിൽ മിഷേൽ മലയിൽ പുത്തൻപുര വി. ഫ്രാൻസീസ് സേവ്യറിനെ പരിചയപ്പെടുത്തി. ഐക്യ ക്രിസ്തുമസിൽ എല്ലാവരും പങ്കെടുക്കുകയും കലാ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഇവാഞ്ചലിൻ കളർപാറ ക്രിസ്തുമസ് സന്ദേശം നൽകി. ക്രിസ്തുമസ് ദിനത്തിൽ കുട്ടികൾ ഫ്ളാഷ് മോബ്  നടത്തി.

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന്:** ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ റാലി, പോസ്റ്റർ പ്രചരണം, പോസ്റ്റർ നിർമ്മാണ മത്സരം, ലഹരി വിരുദ്ധ പ്രതിജ്ഞ എന്നിവ സംഘടിപ്പിച്ചു. മെഗാ ക്വിസ് 2022 ക്വിസ് മത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്തു. എല്ലാ ശാഖകളുടെയും പങ്കാളി

ത്തത്തോടെ കരോൾ ഗാനം, സാന്താക്ലോസ് എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു.സമ്മാന വിതരണം നടത്തി.

**തരിയോട്:** അർദ്ധ വാർഷിക മാനേജിംഗ് കമ്മിറ്റി കൂടി. കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. കരോൾ ഗാന മൽസരം നടത്തി. വിജയികൾക്ക് ക്യാഷ് അവാർഡുകൾ നൽകി. ക്രിസ്മസ്സ് കാർഡ് നിർമ്മാണ മൽസരം നടത്തി.

കർമ്മ വീഥികളിൽ നൻമയുടെയും കാരുണ്യത്തിന്റെയും ചിന്തകൾ നിറച്ച്, മിഷൻ മുദ്രാവാക്യങ്ങൾ ജീവിതബന്ധിയാക്കി ചെമ്മഞ്ഞക്കൊടിക്കീഴിൽ അണിനിരക്കാം.

സ്നേഹപൂർവ്വം,
**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

## Department of Youth Ministry

**ലൈഫ് ട്രെയിനിങ്**

2022 ഡിസംബർ ഇരുപത്തിയാറാം തീയതി തിങ്കളാഴ്ച വൈകിട്ട് 3 മണി മുതൽ മുപ്പതാം തീയതി വെള്ളിയാഴ്ച രാവിലെ പത്തു മണിവരെ ലൈഫ് 2019, 2020, 2021 ബാച്ചുകളുടെ പരിശീലനം മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് നടത്തി. 24 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു. അധ്യാപികയായ ജെസ്‌ലി ചെന്നലോട് വിദ്യാർത്ഥികൾക്കു ഗണിത ക്ലാസ് നൽകി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, ലൈഫ് ട്രെയിനിങ് കോഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. കല്ലോടി ഫൊറോന വികാരി ഫാ. ബിജു മാവറ, ഊട്ടി ഇടവക വികാരി, ധർമ്മഗിരി ഇടവക വികാരി ഫാ. റോബിൻ പടിഞ്ഞാറയിൽ, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി അസോസിയേറ്റ് ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ എന്നിവർ വിദ്യാർത്ഥികളെ സന്ദർശിച്ച് സംസാരിച്ചു. ലൈഫ് പരിശീലനത്തിന് എല്ലാ സൗകര്യങ്ങളും ചെയ്തുതന്ന ന്യൂമാൻസ് കോളേജ് പ്രിൻസിപ്പൽ ഫാ. ജസ്റ്റിൻ മൂന്നനാൽ, വിനീത് സാർ എന്നിവർക്ക് ഹൃദയംഗമമായ നന്ദി.

**പി. എസ്. സി പരിശീലനം**

ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പി. എസ്. സി പരിശീലനം 2022 ഡിസംബർ 27-ാം തീയതി ചൊവ്വാഴ്ച ഒരുമണി മുതൽ അഞ്ചു മണിവരെ മാനന്തവാടി ന്യൂമാൻസ് കോളേജിൽ വെച്ച് സംഘടിപ്പിക്കപ്പെട്ടു. 24 വിദ്യാർഥികൾ പങ്കുചേർന്ന ഈ പരിശീലനത്തിന് സെബിൻ പോരൂർ നേതൃത്വം നൽകി. ചിട്ടയായ പി. എസ്. സി. പഠനം എങ്ങനെയാണ് നടത്തേണ്ടതെന്നും, അതിനുവേണ്ടിയുള്ള പ്രായോഗിക തലങ്ങളും പഠന രീതികളും ഏവയെന്നും ഈ ഓറിയന്റേഷൻ ക്ലാസിലൂടെ വിദ്യാർത്ഥികൾക്ക് ലഭ്യമായി.

**വയനാട് സാഹിത്യോത്സവം (WLF -2022)**

2022 ഡിസംബർ 29 ന് ദ്വാരക കാസാ മരിയയിൽ വെച്ച് സംഘടിപ്പിക്കപ്പെട്ട സാഹിത്യ ലോകത്തെ മഹാ പ്രതിഭകളുടെ സംഗമവും ഇന്ത്യൻ എഴുത്തുകാരുമായി സംവദിക്കലും ഉൾപ്പെടുത്തിക്കൊണ്ടുള്ള വയനാട് സാഹിത്യോത്സവത്തിന്റെ ലൈഫ് 2019, 2020, 2021 ബാച്ചിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. സാഹിത്യോത്സവ ഡയറക്ടർ ഡോ. വിനോദ് കെ ജോസ് നയിച്ച പ്രസ്തുത പരിപാടിയുടെ മുഖ്യപ്രമേയം അതിജീവനം, ആവിഷ്കാരം, പ്രതിനിധാനം എന്നതായിരുന്നു. ഷാജി പുൽപ്പള്ളി, കൽപ്പറ്റ നാരായണൻ, കെ. ജെ. ബേബി, ഷീല ടോമി, കെ. യു. ജോണി എന്നിങ്ങനെ വയനാട്ടിലെ പ്രമുഖ സാഹിത്യകാരന്മാർ സംവദിച്ച 'എഴുത്തിന്റെ വയനാടൻ ഭൂമിക' എന്ന പരിപാടിയിൽ വിദ്യാർത്ഥികൾ പങ്കെടുത്ത് വയനാട്ടിലെ സാഹിത്യകാരെ പരിചയപ്പെട്ടു.

**അഭിമാന നേട്ടം**

കേരള സംസ്ഥാന കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം കഥാപ്രസംഗം മത്സരത്തിൽ എ ഗ്രേഡും ഏറ്റവും കൂടുതൽ പോയന്റും കരസ്ഥമാക്കി ലൈഫ് ട്രെയിനിങ് വിദ്യാർത്ഥിനി അഭിമാനമായി. ലൈഫ് ട്രെയിനിങ് 2020 ബാച്ചിലെ ആൻ മരിയ അജിൻ നിലമ്പൂർ ആണ് ഈ വിജയം കരസ്ഥമാക്കിയത്. സംസ്ഥാന കലോത്സവത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയ ആൻ മരിയക്ക് അനുമോദനങ്ങൾ.

**പ്രാർത്ഥനയിലൂടെ പഠനത്തിലേക്ക്**

2022 ഡിസംബർ 28 ബുധനാഴ്ച 7 മണി മുതൽ 9 മണി വരെ പ്രാർത്ഥനയിലൂടെ പഠനത്തിലേക്ക് എങ്ങനെ വളരാമെന്നും അതുവഴി എപ്രകാരം ഉന്നത വിജയം കരസ്ഥമാക്കാമെന്നും സ്വന്തം ജീവിതാനുഭവങ്ങളിലൂടെ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളോട് പങ്കുവെക്കുകയായിരുന്നു മെൽവിൻ വിളമ്പുകണ്ടം. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ യൂത്ത് ലീഡർ ആയ മെൽവിൻ തന്റെ ജീവിതാനുഭവങ്ങളിൽ ചാലിച്ചെടുത്ത വിജയകഥ വിവരിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് ഏറെ പ്രചോദനം പകർന്നു. മെൽവിന് ഹൃദ്യമായ നന്ദി.

**പോസിറ്റീവ് എനർജി**

2022 ഡിസംബർ 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ ഒരു മണി വരെ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾക്ക് അടയ്ക്കാത്തോട് സ്കൂൾ അധ്യാപകനും പ്രശസ്ത ട്രെയിനറു

മായ ജോൺസൺ വടക്കേക്കര സാർ ക്ലാസുകൾ നയിച്ചു. ക്രിയാത്മകമായ ചിന്തകൾക്കും, ശക്തമായ പ്രവർത്തനങ്ങൾക്കും, മൂല്യവത്തായ ജീവിതത്തിലും പ്രചോദനം നൽകുന്നവയായിരുന്നു ക്ലാസുകൾ. ജോൺസൺ സാറിന് നന്ദി.

**അനുദിന പരിശീലനം**

ലൈഫ് ട്രെയിനിങ് 8, 9, 10 ക്ലാസിലെ വിദ്യാർത്ഥികൾക്ക് വേണ്ടി എല്ലാദിനവും യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ നേതൃത്വത്തിൽ രാവിലെ 5.15 ന് സൂം മീറ്റിംഗ് വഴി പരിശീലനം നൽകി വരുന്നു. ലൈഫ് വിദ്യാർത്ഥി ജോയൽ ജോർജ് അമരക്കുനി സൂം മീറ്റിങ്ങിന്റെ നേതൃത്വം വഹിക്കുന്നു.

**അനുമോദനങ്ങൾ**

2023 ജനുവരി 9 ന് മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രതിഭാസ വിശകലന ദർശനത്തിൽ (Phenomenology) ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡിപ്പാർട്ട്മെന്റ് ഓഫ് മിനിസ്ട്രി ടീം അംഗമായ ഫാ. സജി തോമസ് കാട്ടാംകോട്ടിലിന് യൂത്ത് മിനിസ്ട്രി കുടുംബത്തിന്റെ ഹൃദയംഗമമായ അനുമോദനങ്ങൾ.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**വാർഷികസെനറ്റും രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും**

കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ വാർഷിക സെനറ്റും 2023 വർഷത്തിൽ പ്രസ്ഥാനത്തെ നയിക്കേണ്ട പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും 2023 ജനുവരി 2 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം മാനന്ത വാടി രൂപതാ പ്രസിഡന്റ് ശ്രീ. റ്റിബിൻ വർഗീസ് പാറയ്ക്കൽ അധ്യക്ഷനായിരുന്ന സെനറ്റ് യോഗം മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. കെ. സി. വൈ എം സംസ്ഥാന സെക്രട്ടറി കുമാരി ലിനറ്റ് വർഗീസ് മുഖ്യപ്രഭാഷണവും, പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോജോ കുടക്കച്ചിറ ആശംസകളും അർപ്പിച്ച് സംസാരിച്ചു. സംസ്ഥാന തലത്തിൽ കലാ മത്സരത്തിന് സമ്മാനം ലഭിച്ച യുവജനങ്ങൾക്കും, കെ.സി.വൈ.എം ഓഗസ്റ്റ് മാസാചരണത്തിൽ ഓരോ മേഖലകളി ലുമായി മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച 15 യൂണിറ്റുകൾക്കും, മികച്ച മേഖലയ്ക്കും ആദരവ് നൽകി. 2022 പ്രവർത്തന വർഷത്തിൽ മികച്ച മേഖലയായി കെ.സി.വൈ.എം മുള്ളൻകൊല്ലി മേഖലയും, മികച്ച പ്രവർത്തകനായി പയ്യമ്പള്ളി മേഖല ഒണ്ടയങ്ങാടി യൂണിറ്റ് അംഗമായ ശ്രീ ജോബിൻ മാർട്ടിൻ, മികച്ച പ്രവർത്തകയായി ദ്വാരക മേഖല തോണിച്ചാൽ യൂണിറ്റ് അംഗമായ കുമാരി ജസ്ന മണ്ഡപ ത്തിൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. 2022 പ്രവർത്തന വർഷത്തെ മേഖല - രൂപതാ വാർഷിക റിപ്പോർട്ടുകളും രൂപതാ കണക്ക് വിവര ങ്ങളും സെനറ്റിൽ അവതരിപ്പിക്കപ്പെട്ടു. തുടർന്ന് 2023 പ്രവർത്തന വർഷത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപതയെ നയിക്കേണ്ട രൂപതാ നേതൃത്വങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. കെ. സി. വൈ. എം മാനന്തവാടി രൂപതാ വൈസ് പ്രസിഡന്റ് കുമാരി നയന മുണ്ടയ്ക്കാതടത്തിൽ, സെക്രട്ടറിമാരായ കുമാരി അമൽഡ തൂപ്പും കര, ശ്രീ. ലിബിൻ മേപ്പുറത്ത്, ട്രഷറർ ശ്രീ. അനിൽ സണ്ണി അമ്പലത്തിങ്കൽ, കോഡിനേറ്റർ ശ്രീ. ബ്രാവോ പുത്തൻപറമ്പിൽ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ, ആനിമേറ്റർ സി.സാലി ആൻസ് സി. എം. സി എന്നിവർ നേതൃത്വം നൽകി.

**2023 ലെ രൂപതാ നേതൃത്വം (സെക്രട്ടറിയേറ്റ് അംഗങ്ങൾ)**

| സ്ഥാനം | പേര്, വീട്ടുപേര് | മേഖല | യൂണിറ്റ് |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ | നിലമ്പൂർ | വള്ളിക്കെട്ട് |
| വൈ. പ്രസിഡന്റ് | കുമാരി മെലിൻ ആന്റണി പുളിക്കിയിൽ | നീലഗിരി | അരുൾനിലയം |
| ജന. സെക്രട്ടറി | ശ്രീ അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ | തരിയോട് | കാവുംമന്ദം |
| സെക്രട്ടറി | അനില ദീപക്ക് ഒറവനാംതടത്തിൽ | നടവയൽ | ചുണ്ടക്കര |
| ശിശുമല | ശ്രീ ഫെബിൻ ടോം കാക്കോനാൽ | | മുള്ളൻകൊല്ലി |
| ട്രഷറർ | ശ്രീ ബിബിൻ ജോസ് പിലാപ്പള്ളി | ദ്വാരക | ദ്വാരക |
| കോഡിനേറ്റർ | ശ്രീ അഖിൽ ജോസ് വാഴച്ചാലിൽ | പയ്യംമ്പള്ളി | ഒണ്ടയങ്ങാടി |

**2023 ലെ സംസ്ഥാന പ്രതിനിധികൾ അംഗങ്ങൾ**

ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ,
കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ,
ശ്രീ. റ്റിബിൻ വർഗ്ഗീസ് പാറയ്ക്കൽ,
കുമാരി അമൽഡ തൂപ്പുംകര,
ശ്രീ. ലിബിൻ മേപ്പുറത്ത്
ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ

## Ex- officio Members

ഫാ. റോബിൻ പടിഞ്ഞാറയിൽ, സി. സ്മിത എസ്. എ. ബി. എസ്, ശ്രീ റ്റിബിൻ വർഗ്ഗീസ് പാറയ്ക്കൽ, കുമാരി നയന മുണ്ടയ്ക്കാതടത്തിൽ, ശ്രീ. ഡെറിൻ കൊട്ടാരത്തിൽ, കുമാരി ടെസിൻ വയലിൽ

**മേഖലകളിൽ നിന്ന് തിരഞ്ഞടുക്കപ്പെട്ടവർ**

| | | |
|---|---|---|
| **മാനന്തവാടി:** | അഷ്ജാൻ സണ്ണി | മാനന്തവാടി |
| | അഞ്ചു മാളിയേക്കൽ | തവിഞ്ഞാൽ |

| | | |
|---|---|---|
| **തരിയോട്:** | അഭിനന്ദ് കൊച്ചുമലയിൽ കാവുംമന്ദം | |
| | സ്നേഹ ജോസ് കാവാലം | കുറുമണി |
| **നടവയൽ:** | റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ | കല്ലുവയൽ |
| | അനില ഒറവനാംതടത്തിൽ | ചുണ്ടക്കര |
| **നീലഗിരി:** | മെലിൻ ആൻറണി പുളിക്കൽ അരുൾനിലയം | |
| | ജസ്റ്റിൻ വർഗീസ് തെക്കേമുറിയിൽ മൺവയൽ | |
| **മുള്ളൻകൊല്ലി:** | ആൽബിൻ കൂട്ടുങ്കൽ | പട്ടാണിക്കൂപ്പ് |
| | റ്റീന മലയത്തടത്തിൽ | ശിശുമല |
| **മണിമൂളി:** | കുര്യൻ നീലത്തുമുക്കിൽ | പാലേമാട് |
| | നീതു നിലത്തു മുക്കിൽ | പാലേമാട് |
| **കല്ലോടി:** | അജിത്ത് പറയിടത്തിൽ | കല്ലോടി |
| | ശ്രുതി കണിയംപറമ്പിൽ | വാളേരി |
| **ബത്തേരി:** | ഡെധിക്ക് ശ്രാവൺ മാങ്കുഴ | മൂലങ്കാവ് |
| | ആൻമേരി കൈനിക്കൽ | ബത്തേരി |
| **കൽപ്പറ്റ:** | റ്റിജിൽ പൊൻവേലിൽ | എടപ്പെട്ടി |
| | എയ്ഞ്ചൽ മേരി മഞ്ഞപ്പള്ളി | തെനേരി |
| **ചുങ്കക്കുന്ന്:** | വിനീഷ് മഠത്തിൽ | ശാന്തിഗിരി |
| | ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ | ഒറ്റപ്ലാവ് |
| **പയ്യമ്പള്ളി:** | അഖിൽ ജോസ് വാഴച്ചാലിൽ | ഒണ്ടയങ്ങാടി |
| | അമൽഡ തൂപ്പുംകര | കമ്മന |
| **നിലമ്പൂർ:** | ജോസ്ന പുതുശ്ശേരി | നിലമ്പൂർ |
| **ദ്വാരക:** | ജെസ്ന ഡെന്നി മണ്ഡപത്തിൽ തോണിച്ചാൽ | |
| | ബിബിൻ പിലാപ്പള്ളി | ദ്വാരക |

**നന്ദിയോടെ**

ക്രിസ്തു സാക്ഷ്യം ഉജ്ജ്വലിത യുവത്വത്തിന്റെ അടയാളം എന്ന പ്രവർത്തന വർഷം മുദ്രാവാക്യത്തിൽ അടിയുറച്ചു നിന്നു കൊണ്ട് ധാർമ്മിക യുവജന പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തിലേക്കടുക്കുവാൻ ചരിത്ര ബോധമുള്ളരായി, ചരിത്രത്തിന്റെ ഭാഗമായി തീരുവാൻ യുവജനങ്ങളെ സന്നദ്ധരാക്കുന്ന കർമ്മ വീഥികളിലൂടെ അക്ഷീണം പ്രയത്നിച്ച്, സമൂഹത്തിന്റെയും സഭയുടെയും അനിഷേധ്യ ശബ്ദമായി തീർന്നു കൊണ്ട്, കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ഉജ്ജ്വലിത യുവത്വത്തെ 2022 പ്രവർത്തനവർഷ കാലം ധീരതയോടെ നയിച്ച ശ്രീ. റ്റിബിൻ വർഗീസ് പാറയ്ക്കലിന്റെ നേതൃത്വത്തിലുള്ള കരുത്തുറ്റ നേതാക്കന്മാർക്ക് വൈസ് പ്രസിഡന്റ് കുമാരി നയന മുണ്ടയ്ക്കാതടത്തിൽ, ജനറൽ സെക്രട്ടറി ശ്രീ

ഡെറിൻ കൊട്ടാരത്തിൽ, സെക്രട്ടറിമാരായ കുമാരി അമൽഡ തൂപ്പുംകര, ശ്രീ. ലിബിൻ മേപ്പുറത്ത്, ട്രഷറർ ശ്രീ. അനിൽ സണ്ണി അമ്പലത്തിങ്കൽ, കോഡിനേറ്റർ ശ്രീ. ബ്രാവോ പുത്തൻപറമ്പിൽ എന്നിവർക്ക് ഹൃദയപൂർവ്വകമായ നന്ദി. 2022 വർഷം ഏറ്റവും ശക്ത മായി കൂടെ നിന്ന് മേഖലാ നേതൃത്വങ്ങൾക്കും യൂണിറ്റ് നേതൃത്വ ങ്ങൾക്കും ബഹുമാന്യരായ എല്ലാ ഡയറക്ടർ അച്ചന്മാർക്കും, ആനി മേറ്റർ സിസ്റ്റർമാർക്കും രൂപതയിലെ എല്ലാ യുവജന സുഹൃത്തു ക്കൾക്കും നന്ദി അറിയിക്കുന്നു.

**കടുവാ ആക്രമണത്തിൽ മരണം; പന്തം കൊളുത്തി പ്രകടന വുമായി കെ.സി.വൈ.എം മാനന്തവാടി രൂപത**

**മാനന്തവാടി:** ജനവാസ മേഖലയായ പുതുശ്ശേരിയിൽ കടുവ യുടെ ആക്രമണത്തിൽ പ്രദേശവാസിയായ തോമസ് (സാലു 50) കൊല്ലപ്പെട്ട സംഭവത്തോടുള്ള വനം വകുപ്പിന്റെ തികഞ്ഞ അനാ സ്ഥയിൽ പ്രതിഷേധിച്ച് കെ.സി.വൈ.എം രൂപതയുടെ നേതൃത്വ ത്തിൽ മാനന്തവാടി ടൗണിൽ പന്തം കൊളുത്തി പ്രകടനവും പ്രതി ഷേധ സമ്മേളനവും നടത്തി. വയനാട്ടിലെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ ജനപ്രതിനിധികളും, പ്രസ്ഥാനങ്ങളും ജനപക്ഷത്ത് നിന്ന് ഇക്കാര്യങ്ങളിൽ ഇടപെട്ട് ജനങ്ങളുടെ ആശങ്ക അകറ്റണം എന്ന് രൂപതാ സമിതി ആവശ്യപ്പെട്ടു. മുൻ രൂപതാ പ്രസിഡന്റ് സജിൻ ചാലിൽ മുഖ്യ പ്രഭാഷണം നടത്തി. കല്ലോടി മേഖല പ്രസിഡന്റ്, സംസ്ഥാന സെനറ്റ് അംഗവുമായ ലിബിൻ മേപ്പുറത്ത് സംസാരിച്ചു. ജനറൽ സെക്രട്ടറി അഭിനന്ദ് കൊച്ചുമലയിൽ, കോർഡിനേറ്റർ അഖിൽ ജോസ് വാഴച്ചാലിൽ, ട്രഷറർ ബിബിൻ പിലാപള്ളി, ഡയ റക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, രൂപതാ സിൻഡിക്കേറ്റ് അംഗം അഷ്ജാൻ, മാനന്തവാടി മേഖലാ പ്രസിഡൻറ് ലിബിൻ, ദ്വാരക മേഖല പ്രസിഡൻറ് അജയ്, പയ്യമ്പള്ളി മേഖല വൈസ് പ്രസിഡൻറ് നിതിൻ തുടങ്ങിയവർ നേതൃത്വം നൽകി.

വിവിധ മേഖലകളിലെ യുവജന നേതാക്കളും, ചെറുപുഷ്പ മിഷൻ ലീഗ് രൂപത ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ ഫാ. സജി പുതുക്കുളങ്ങര കെ.സി.വൈ.എം പയ്യംമ്പള്ളി മേഖല ഡയറക്ടർ, ഫാ. നിഖിൽ ചവരനാൽ കെ.സി.വൈ എം കൂളിവയൽ യൂണിറ്റ് ഡയറക്ടർ എന്നീ വൈദികരുമടക്കം അൻപതിലേറെ പേർ പ്രതിഷേധ പ്രകടനത്തിലും സമ്മേളനത്തിലും പങ്കെടുത്തു.

**കടുവാക്രമണത്തിൽ കൊല്ലപ്പെട്ട തോമസ് പള്ളിപ്പുറത്തിലിന്റെ കുടുംബത്തിന് പിന്തുണയുമായി കെ. സി. വൈ. എം മാനന്ത വാടി രൂപത**

പുതുശേരിയിൽ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട തോമസ് പള്ളിപ്പുറത്തിന്റെ ഭവനം സന്ദർശിച്ച് സാന്ത്വനമായി കെ. സി. വൈ. എം മാനന്തവാടി രൂപത. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ശക്തമായ നടപടികൾ സർക്കാർതലങ്ങളിൽ നിന്ന് ഉണ്ടാകണം എന്നും കുടുംബത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങളും സഹായങ്ങളും നൽകണം എന്നും കെ. സി. വൈ. എം മാനന്തവാടി രൂപതാ സമിതി വിലയിരുത്തി. മണ്ണിനോട് മല്ലിട്ട് ജീവിതം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന കർഷകരുടെ ജീവനും ജീവിതത്തിനും ഭീഷണിയാകുന്ന സർക്കാർ നിലപാട് മലയോര ജനതയോടുള്ള കടുത്ത നീതിനിഷേധം ആണെന്നും ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടായില്ലായെങ്കിൽ കുടിയിറക്ക് ഭീഷണിയിൽ കഴിയുന്ന ജനങ്ങളോടൊപ്പം പ്രക്ഷോഭണങ്ങളുമായി രൂപതാ സമിതി മുന്നിൽ ഉണ്ടാകുമെന്നും പുതുശ്ശേരിയിലെ കടുവാക്രമണത്തിൽ ദാരുണമായി കൊല്ലപ്പെട്ട തോമസ് പള്ളിപ്പറത്തിന്റെ ഭവനം സന്ദർശിച്ച ശേഷം കെ. സി. വൈ. എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അഭിപ്രായപെട്ടു. വയനാട്ടിലെ ജനവാസ മേഖലയിൽ വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായ സാഹചര്യമാണ് നിലവിലുള്ളത്. ഇതിനൊരു പരിഹാരത്തിനായി ജനങ്ങൾ തെരുവിൽ ഇറങ്ങിയിട്ടും ശാശ്വതമായ പരിഹാരം കാണുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് സാധിച്ചിട്ടില്ല. ജനവാസമേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ കൂട് വെച്ച് പിടികൂടി കാട്ടിൽ തന്നെ തുറന്നുവിടുന്ന പതിവ് ശൈലി മനുഷ്യജീവന് വില കൽപ്പിക്കാതെ, അധികാരികൾ മലയോര ജനതയോടു കാണിക്കുന്ന അവഗണയാണ്. ഈ വിഷയത്തിലുള്ള സർക്കാർ നിലപാടുകൾ പുന:പരിശോധിച്ച്, ജനങ്ങളുടെ ജീവന് സംരക്ഷണം ലഭിക്കുന്ന നടപടികൾ ഉണ്ടാകണമെന്ന് കെ. സി. വൈ. എം മാനന്തവാടി രൂപതാ സമിതി ആവശ്യപ്പെട്ടു. രൂപതാ വൈസ് പ്രസിഡന്റ് കുമാരി മെലിൻ ആന്റണി പുളിക്കിയിൽ, ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് കൊച്ചുമലയിൽ, ട്രഷറർ ശ്രീ. ബിബിൻ പിലാപ്പിള്ളിൽ, ആനിമേറ്റർ സി. സാലി ആൻസ് സി.എം.സി, സംസ്ഥാന സെനറ്റ് അംഗവും കല്ലോടി മേഖല പ്രസിഡന്റുമായ ശ്രീ. ലിബിൻ മേപ്പുറത്ത് എന്നിവർ മരണപെട്ട തോമസ് പള്ളിപ്പുറത്തിന്റെ ഭവനത്തിൽ എത്തി അനുശോചനം അറിയിച്ചു

**സംസ്ഥാന സമിതിയുടെ ലഹരിവിരുദ്ധ സന്ദേശ യാത്രയ്ക്ക് ബത്തേരിയിൽ സ്വീകരണം നൽകി**

ലഹരിയുടെ അടിമത്വത്തിലകപ്പെട്ട് കഴിയുന്ന യുവതലമുറയ്ക്ക് പുതിയ ദിശാബോധം നൽകുക എന്ന ലക്ഷ്യത്തോടെ കെ.സി.വൈ.എം സംസ്ഥാന സമിതി, കേരളത്തിലെ 32 രൂപതാ കേന്ദ്രങ്ങളിലായി സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ സന്ദേശ യാത്രയ്ക്ക് (Anti Drug Drive -ADD) കെ.സി.വൈ.എം മാനന്തവാടി - ബത്തേരി രൂപതകൾ സംയുക്തമായി ബത്തേരിയിൽ സ്വീകരണം നൽകി. എം.സി.വൈ.എം ബത്തേരി രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ക്രിസ്റ്റി വർഗ്ഗീസ് സ്വാഗതം ആശംസിച്ചു. ബത്തേരി രൂപതാധ്യക്ഷൻ ബിഷപ് ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റും യാത്രാ ക്യാപ്റ്റനുമായ ശ്രീ. ഷിജോ ഇടയാടിയിൽ വിഷയാവതരണം നടത്തി. സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ചാലക്കര ആമുഖ പ്രഭാഷണം നടത്തി. മാനന്തവാടി രൂപത വികാരി ജനറാൾ പോൾ മുണ്ടോളിക്കൽ ആശംസകൾ അർപ്പിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതാ ഡയറക്ടറും സംസ്ഥാന സിൻഡിക്കേറ്റ് അംഗവുമായ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ലഹരിക്കെതിരെ ഞാനും എന്ന മുദ്രാവാക്യമുയർത്തി എം.സി.വൈ.എം ബത്തേരി രൂപതയും, കെ.സി.വൈ.എം മാനന്തവാടി രൂപതയും സംസ്ഥാന സമിതിയോട് ചേർന്ന് ജനകിയ ഒപ്പ് ശേഖരണം നടത്തി. ബത്തേരി രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് മുടമ്പള്ളിക്കുഴിയിൽ, സംസ്ഥാന സെക്രട്ടറി കുമാരി. ലിനറ്റ് വർഗീസ്, മാനന്തവാടി രൂപത ജനറൽ സെക്രട്ടറി ശ്രീ.അഭിനന്ദ് ജോർജ് കൊച്ചു മലയിൽ എന്നിവർ സംസാരിച്ചു. ബത്തേരി മുനിസിപ്പാലിറ്റി, പോലീസ് ഡിപ്പാർട്ട്മെന്റ് എന്നിവരുടെ സഹകരണത്തോടെയാണ് യാത്രക്ക് സ്വീകരണം നൽകിയത്. കെ. സി. വൈ. എം മാനന്തവാടി - ബത്തേരി രൂതകളിലെ ആനിമേറ്റർമാരായ സി. സാലി ആൻസ് സി.എം.സി, സി. സാലീന ഡി.എം, മറ്റു വൈദികർ, സന്യസ്തർ, സംസ്ഥാന - സെനറ്റംഗമായ ശ്രീ ലിബിൻമേപ്പുറത്ത്, ശ്രീ റ്റിബിൻ വർഗ്ഗീസ് പാറയ്ക്കൽ, രൂപതാ സിൻഡിക്കേറ്റംഗങ്ങളായ കുമാരി ടെസിൻ വയലിൻ, കുമാരി നയന മുണ്ടയ്ക്കാതടത്തിൽ, കുമാരി ആൻമേരി കൈനിക്കൽ, കുമാരി എയ്ഞ്ചൽ മേരി മഞ്ഞപ്പള്ളി, മേഖല ഭാരവാഹികൾ, തുടങ്ങിയവർ നേതൃത്വം നൽകുകയും നിരവധി യുവജനങ്ങൾ യാത്രയുടെ ഭാഗമാവുകയും ചെയ്തു. ജനുവരി 15 ന് തിരുവനന്തപുരത്തുനിന്ന്

ആരംഭിച്ച യാത്ര 19 ന് അവസാനിക്കും. പൊതുയോഗത്തിൽ Anti Drug Drive -ADD സെൽ ലോഗോ, കെ.വൈ.സി (കേരള യൂത്ത് കോൺഫറൻസ്) ലോഗോ എന്നിവ മാനന്തവാടി രൂപത ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് ജോർജ് കൊച്ചു മലയിൽ, എം.സി.വൈ.എം ബത്തേരി രൂപത ജനറൽ സെക്രട്ടറി ശ്രീ. ക്രിസ്റ്റി വർഗ്ഗീസ് എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ലഹരി വിരുദ്ധ സന്ദേശയാത്രയിൽ 100 ലധികം യുവജനങ്ങൾ പങ്കെടുത്തു.

**ആശംസകൾ**

മാനന്തവാടി രൂപതയിൽ വൈദിക ജീവിതാന്തസ്സിലേക്ക് പ്രവേശിച്ചിരിക്കുന്ന നവ വൈദീകർക്ക് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ പ്രാർത്ഥനാശംസകളും, അഭിനന്ദനങ്ങളും.

മെൽബൺ രൂപതയുടെ പുതിയ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട തലശ്ശേരി അതിരൂപതാംഗവും, നമ്മുടെ അഭിമാനവുമായ റവ. ഫാ. ജോൺ പനന്തോട്ടത്തിൽ സി. എം. ഐ ക്ക് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ പ്രാർത്ഥനാശംസകൾ

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപയിലെ കോട്ടത്തറ സെന്റ് ആന്റണീസ് ഇടവകാംഗവും വട്ടക്കാട് ജോസ് ലില്ലി ദമ്പതികളുടെ മകനും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ രണ്ടാം വർഷ തത്വശാസ്ത്ര പഠനവിദ്യാർത്ഥിയുമായ ബ്രദർ നിർമ്മൽ ജോസിനും, പുതുശ്ശേരിയിൽ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട തോമസ് (സാലു 50) നും കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ആദരാഞ്ജലികൾ

**നടവയൽ മേഖല**

നടവയൽ മേഖലയുടെ AMAZIAH 2023 പ്രവർത്തനവർഷത്തിന്റെ ഭാഗമായി കേണിച്ചിറ സെന്റ് സെബാസ്റ്റ്യൻ യൂണിറ്റിൽ വെച്ച് Youth gathering നടത്തപ്പെട്ടു. യുവജനങ്ങളുടെ ആത്മീയ പങ്കാളിത്തത്തോടെ രാവിലെ 9 മണിയോടെ യൂത്ത് മാസ്സ് നടത്തി പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. മേഖലാ പ്രസിഡന്റ് ശ്രീമതി. അനില ദീപക് കെ.സി.വൈ.എം പതാക ഉയർത്തി youth gathering-ന് തുടക്കം കുറിച്ചു. മേഖലാ ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ സ്വാഗതം ആശംസിച്ചു. മേഖല പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. ബഹു. ഫാ. ലിവി ബിജു അമ്പാറയിൽ ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് കൊച്ചുമലയിൽ, രൂപതാ

സെക്രട്ടറി ശ്രീ. ഫെബിൻ കാക്കോനാൽ, എന്നിവർ മേഖല പ്രവർത്തനങ്ങൾക്ക് ആശംസകൾ അറിയിച്ച് സംസാരിച്ചു. പൊതുസമ്മേളനത്തിന് ശേഷം ജിഷ കൊല്ലറക്കൽ വിവിധ തരം ഗ്രൂപ്പ് ആക്ടിവിറ്റിയും, കുമാരി ടെസിൻ ചാവറ ക്വിസ്സും നടത്തി. വിജയികൾക്കുള്ള സമ്മാനദാനം കേണിച്ചിറ യൂണിറ്റ് ഡയറക്ടർ ബഹു. ഫാ. ജോഷി തോമസ് പുൽപ്പയിൽ നിർവഹിച്ചു. നടവയൽ മേഖല സെക്രട്ടറി റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ എവർക്കും നന്ദി അർപ്പിച്ച് സംസാരിച്ചു. യൂണിറ്റ്, മേഖല ഭാരവാഹികൾ നേതൃത്വം നല്കി.

**കുറുമണി യൂണിറ്റ്**

KCYM ന്റെ നേതൃത്വത്തിൽ ക്രിസ്തുമസ്സ് കേക്കുകൾ വിതരണം ചെയ്തു. പഴയ (ആക്രി) സാധനങ്ങൾ ശേഖരിച്ച് ഫണ്ട് സ്വരൂപിച്ചു. മേഖല കലാസാഹിത്യ മത്സരങ്ങളിൽ സമ്മാന അർഹരായിട്ടുള്ളവർക്ക് സമ്മാനം വിതരണം ചെയ്തു. 2023 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

**കല്ലോടി യൂണിറ്റ്**

ഇടവകയിൽ കെ. സി. വൈ. എം പ്രവർത്തകർ 2023 വർഷത്തിലെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ക്രിസ്തുമസിനു പരിപാടികൾ സംഘടിപിച്ചു. World Cup നോട് അനുബന്ധിച്ച് Goal challenge നടത്തി. യൂണിറ്റ് ഡയറക്ടറായ ഫാ. ബിജു മാവറ അച്ചന്റ പൗരോഹിത്യ ജൂബലി ആശംസിക്കുകയും പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഇടവക ദേവാലയ തിരുനാളിന്ന് വേണ്ടി ആവശ്യമായ സഹായങ്ങൾ ചെയ്തു.

**പുതുശ്ശേരിക്കടവ് യൂണിറ്റ്**

യുവജനങ്ങൾ ക്രസ്തുമസ്സിനോടനുബന്ധിച്ച് നക്ഷത്രം തയ്യാറാക്കി, ഇറ്റാലിയൻ സ്റ്റൈൽ പുൽക്കൂട് നിർമ്മിച്ചു. ക്രിസ്തുമസ്സ് കലാസന്ധ്യയിൽ യുവജനങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഫണ്ട് ശേഖരണാർത്ഥം കൂപ്പൺ വിറ്റത്തിന്റെ നറുക്കെടുപ്പ് നടത്തി. യുവജനങ്ങൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു. പൗരോഹിത്യ ജീവിതത്തിന്റെ 25 വർഷങ്ങൾ പിന്നിടുന്ന ഇടവക വികാരി റവ. ഫാ. പോൾ ഇടയകൊണ്ടാട്ടിന് ജൂബിലി ആശംസകൾ അറിയിച്ചു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

ജനുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 64 പേർ പങ്കെടുത്തു. അടുത്ത വിവാഹ ഒരുക്ക കോഴ്സ് ജനുവരി 31 മുതൽ ഫെബ്രുവരി 3 വരെയുള്ള തിയതികളിലും, മാർച്ച് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് മാർച്ച് 11,12,13,14 തിയതികളിലും, 28,29,30,31 തിയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

രൂപത നേതൃത്വത്തിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. 'മാതൃ വെളിച്ചം 2022 , മാനന്തവാടി രൂപത സഹായ മെത്രാൻ മാർ അലക്സ് തരാമംഗലം പിതാവിന്റെ കാർമ്മികത്വത്തിൽ ഡിസംബർ 28-ന്, വി. കുർബാനയും തുടർന്ന് വാർഷികവും നടത്തപ്പെട്ടു. രൂപത വാർഷികത്തിൽ രൂപതയുടെ എല്ലാ യൂണിറ്റുകളിൽ നിന്നുമായി 400 ഓളം അമ്മമാർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിനും പങ്കെടുത്തു വിജയിപ്പിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു. 'ലൂമെൻ ഫിദെയ്' 2023 ( വിശ്വാസത്തിന്റെ പ്രകാശം) പ്രവർത്തന മാർഗരേഖ കുടുംബ പ്രേഷിതത്വ ഡയറക്ടർ ഫാ,ജോജോ കുടക്കച്ചിറ പ്രകാശനം ചെയ്തു. 2022 പ്രവർത്തന വർഷത്തിൽ മേഖല പ്രവർത്തനങ്ങൾക്ക് തരിയോട്, മുള്ളൻകൊല്ലി, പയ്യമ്പള്ളി മേഖലകൾക്ക് A ഗ്രേഡും, കല്ലോടി, ചുങ്കക്കുന്ന്, കല്പ്പറ്റ, ദ്വാരക, മണിമൂളി, നിലമ്പൂർ, നടവയൽ, ബത്തേരി, നീലഗിരി, മാനന്തവാടി എന്നീ മേഖലകൾക്ക് B ഗ്രേഡും ലഭിച്ചു. നല്ല പ്രവർത്തന വർഷം കാഴ്ച വച്ച എല്ലാ യൂണിറ്റ്, മേഖല പ്രതിനിധികൾക്കും അഭിനന്ദനങ്ങൾ. 2023 ജനുവരി 23, 24 തീയതികളിൽ പാലക്കാട് നടത്തപ്പെട്ട അന്തർദേശീയ വാർഷിക ജനറൽബോഡിയിൽ രൂപതയിൽ നിന്നുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. എല്ലാ യൂണിറ്റുകളിലും മാതൃവേദി പ്രാർത്ഥനകൾ (ഞായർ എങ്കിലും) സജീവമാക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു. 2023 പ്രവർത്തന വർഷത്തിൽ നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ എല്ലാ അമ്മമാർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി.16 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് February 15

**മേഖലാ വാർത്തകൾ**

**മണിമൂളി**

മേഖലാ ഡയറക്ടർ നോമ്പിൽ സന്ദേശം നൽകി. ഓരോ ശാഖയിലെയും അമ്മമാർ രണ്ട് മിനിറ്റ് സമയം സന്ദേശങ്ങൾ നൽകി. ജപമാല കോട്ട സമർപ്പണത്തിൽ 20000 ജപമാല ചൊല്ലി സമർപ്പിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മേഖല കരോൾ ഗാന മത്സരം നടത്തി. തലഞ്ഞി, നരിവാലമുണ്ട, പാതിരിപ്പാടം എന്നീ ശാഖകൾ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. ഇന്റർനാഷണൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സമ്പൂർണ്ണ വചന പാരായണത്തിൽ മണിമൂളി മേഖലയിൽ നിന്നും മേരി കൊച്ചു കാട്ടിത്തറയിൽ പങ്കെടുത്തു.

**പയ്യംമ്പള്ളി**

മേഖല ഡയറക്ടറുടെ നേതൃത്വത്തിൽ 2023 ലെ മാർഗരേഖ ഉണ്ടാക്കി, ഭാരവാഹികൾക്ക് വിതരണം ചെയ്തു

**തരിയോട്**

മേഖലാ എക്സിക്യൂട്ടീവ്, കരോൾ ഗാന മത്സരം എന്നിവ നടത്തി. വേങ്ങപ്പള്ളി Rehabilitation Centre സന്ദർശിച്ച് 75 നൈറ്റികൾ കൊടുത്തു. മാതാവിന്റെ അമലോത്ഭവ തിരുന്നാൾ ആചരിച്ചു. മേഖലാ എക്സിക്യൂട്ടീവ് ഭാരവാഹികൾ ക്രിസ്തുമസ് സന്ദേശം അറിയിച്ച് വീഡിയോ ഉണ്ടാക്കി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**മുള്ളൻകൊല്ലി**

മരകാവിൽ വച്ച് മേഖലാ എക്സിക്യൂട്ടീവ്, മേഖലാ വാർഷികം എന്നിവ നടത്തി. രൂപതാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം കരസ്ഥമാക്കി. രൂപതാ വാർഷികത്തിൽ എല്ലാ യൂണിറ്റ്, മേഖലാ ഭാരവാഹികൾ പങ്കെടുത്തു. ക്രിസ്തുമസിനൊരുക്കമായി പട്ടാണികൂപ്പ് യൂണിറ്റിലെ ഒരു നിർധന കുടുംബത്തെ മേഖലാ ടീം സന്ദർശിച്ചു. 3000/-രൂപയുടെ കിറ്റ് നല്കി.

**ശാഖാ വാർത്തകൾ**

**പാലാങ്കര**

പള്ളി പരിസരം വൃത്തിയാക്കി. ചെടി നടാനുള്ള ഗ്രോ ബാഗിൽ മണ്ണ് നിറച്ചു. മേഖല കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. പള്ളിയലങ്കരിക്കുവാനുള്ള പൂക്കൾ ഉണ്ടാക്കി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംങ്ങ് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കൻ ചൂലുണ്ടാക്കി. കല്പറ്റ റാട്ടക്കൊല്ലി സന്ദർശിച്ച് പച്ചക്കറികളും മറ്റ് സാധനങ്ങളും നൽകി. മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. വേങ്ങപ്പള്ളി Rehabitation Centre സന്ദർശിച്ച് 75 നൈറ്റികൾ നല്കി അമലോത്ഭവ തിരുന്നാൾ ആചരിച്ചു.രോഗി സന്ദർശനം നടത്തി. മസാലപ്പൊടി ഉണ്ടാക്കാൻ Training നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**വഞ്ഞോട്**

വളവ് കുരിശടി, പള്ളി പരിസരം എന്നിവ വൃത്തിയാക്കി. ക്രിസ്തുമസ്സിന് പൊതിച്ചോറ് പാവങ്ങൾക്ക് നൽകി. എക്സിക്യൂട്ടീവ് യോഗം ചേർന്നു.

**കബനിഗിരി**

25 നോമ്പ് ആചരിച്ചു. അമലോത്ഭവ മാതാവിന്റെ തിരുനാൾ, ഇടവകാ തിരുനാൾ എന്നിവ ആചരിച്ചു. മികച്ച യൂണിറ്റിനുള്ള മേഖലാ പുരസ്കാരം ലഭിച്ചു. ഇടവകാ തിരുന്നാളിന് മൂന്നു ദിവസം സ്റ്റാൾ ഇട്ടു.

**പൂളപ്പാടം**

25 നോമ്പ് ആചരിച്ചു. ക്രിസ്തുമസ് സന്ദേശം 25 ദിവസം വീഡിയോയായി ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. മൂന്നാം സ്ഥാനം ലഭിച്ചു.

**കുഞ്ഞോം**

വിവിധ നിയോഗങ്ങൾക്കായി ചെയിൻ റോസറി നടത്തി. മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിധവകളായ അമ്മമാരെ ആദരിച്ചു. അടുക്കളത്തോട്ടം പച്ചക്കറി മത്സരം നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**മരക്കടവ്**

25 നോമ്പ് ആചരിച്ചു. ഡിസംബർ ബൈബിൾ മാസമായി ആചരിച്ചു.സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. കൈനാട്ടി ഗവൺമെന്റ് ജനറൽ ആശുപത്രിയിലെ 100 രോഗികൾക്ക് ഉച്ച ഭക്ഷണം നൽകി.രൂപത കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു. മേഖല വാർഷികത്തിൽ പങ്കെടുത്തു. മേഖലയിലെ മികച്ച ശാഖയായി തിരഞ്ഞെടുക്കപ്പെട്ടു.

**തവിഞ്ഞാൽ**

മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. രണ്ടാം സ്ഥാനം കരസ്ഥമാക്കി. എക്സിക്യൂട്ടീവ് നടത്തി. ഭവന സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. രൂപത വാർഷികത്തിൽ പങ്കെടുത്തു.

**ഇരുളം**

25 നോമ്പ് ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. അമലോത്ഭവ മാതാവിന്റെ തിരുനാൾ ആചരിച്ചു.രോഗി സന്ദർശനം നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ഫണ്ട് കളക്ഷന്റെ ഭാഗമായി കേക്കുകൾ വിലകുറച്ച് ഇടവകയിലെ കുടുംബങ്ങൾക്ക് നൽകി. പഠന സഹായമായി 2 കുട്ടികൾക്ക് 5500/- രൂപ നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**സീതാമൗണ്ട്**

മേഖലാ വാർഷികത്തിൽ പങ്കെടുത്തു. പള്ളിപ്പറമ്പിൽ നട്ട കപ്പയുടെ കാടു ചെത്തി വൃത്തിയാക്കി. മരക്കടവ് വൃദ്ധ സദനം സന്ദർശിച്ച് ആവശ്യ സാധനങ്ങൾ നല്കി. ഭവന സന്ദർശനം നടത്തി. 2 ഭവനങ്ങളിൽ ഭക്ഷ്യ കിറ്റ് നല്കി.

**വാളാട്**

മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. ഇടവകയിലെ വലിയ കുടുംബത്തെ ആദരിക്കുന്നതിന്റെ ഭാഗമായി ഷിന്റോ തെക്കുംപുറത്തെയും കുടുംബത്തേയും ആദരിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**യവനാർകുളം**

മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. സ്നേഹാലയം സന്ദർശിച്ചു. അരി, വിറക്, സോപ്പ്, നൈറ്റി, തോർത്ത് എന്നിവ നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**പട്ടാണികൂപ്പ്**

എക്സിക്യൂട്ടീവ് കൂടി. 5 പാവപ്പെട്ട കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റ് നൽകി. ഉണ്ണിയപ്പം, ചായപ്പൊടി എന്നിവ വിറ്റ് ധനസമാഹരണം നടത്തി. മേഖല, രൂപതാ വാർഷികത്തിൽ ഭാരവാഹികൾ പങ്കെടുത്തു. മേഖലാ വാർഷികത്തിൽ തിരുവാതിര അവതരിപ്പിച്ചു.

**മാനന്തവാടി**

25 നോമ്പ് ആചരിച്ചു. മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. സമ്പൂർണ ബൈബിൾ പാരായണം നടത്തി.അമലോത്ഭവ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**പോരൂർ**

മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി.

**മഞ്ഞൂറ**

ഭവന സന്ദർശനം നടത്തി. കരോൾ ഗാനമത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി.

**പുതിയിടം**

25 നോമ്പ് ആചരിച്ചു. അമലോത്ഭവ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു. മേഖല കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി ആചരിച്ചു.

**മൺവയൽ**

25 നോമ്പ് ആചരിച്ചു. അമലോത്ഭവ മാതാവിന്റെ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു.രൂപതാ വാർഷികത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. രോഗി സഹായം നല്കി.

**പൂക്കോട്ടുംപാടം**

ചെയിൻ റോസറി നടത്തി. മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം, നവോമി സന്ദർശനം, ഏലീശ്വാ സന്ദർശനം എന്നിവ നടത്തി. സുകൃതജപ മത്സരത്തിൽ പങ്കെടുത്തു. ഭിന്നശേഷി ദിനത്തിൽ പ്രതീക്ഷ ഭവൻ സന്ദർശിച്ചു. മണ്ണു ദിനം, ന്യൂനപക്ഷാവകാശ ദിനം എന്നിവയുടെ വീഡിയോ പോസ്റ്റ് ചെയ്തു. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് കൂടി.

**മരകാവ്**

25 നോമ്പ് ആചരിച്ചു. അവശത അനുഭവിക്കുന്നവർക്ക് ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ നൽകി. രോഗി സന്ദർശനം നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**നടവയൽ**

മേഖലാ കരോൾ ഗാന മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. 25 നോമ്പിൽ ലഭിച്ച ദശാംശ തുക ഉപയോഗിച്ച് സാധു സഹായം 2000/-രൂപയും, രോഗിസഹായം 1700/-രൂപയും, വസ്ത്രം വാങ്ങുവാൻ 3700/- രൂപയും നൽകി.

**മണിമൂളി**

കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. രൂപതാ വാർഷികത്തിൽ മാർഗം കളി അവതരിപ്പിച്ചു. ലോഗോസിന് ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചതിനും E- വിഭാഗത്തിൽ രണ്ടാം സ്ഥാനം ലഭിച്ചതിനും രൂപതയിൽ നിന്നും ട്രോഫി കരസ്ഥമാക്കി.

**കണിയാരം**

25 നോമ്പ് ആചരിച്ചു. മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. അമലോത്ഭവ തിരുനാൾ ആചരിച്ചു. പാർശ്വവൽക്കരിക്കപ്പെട്ട കുടുംബങ്ങൾക്ക് വസ്ത്രങ്ങൾ നൽകി. സമ്പൂർണ്ണ ബൈബിൾ വാരാചരണം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**വലിയകൊല്ലി**

25 നോമ്പ് ആചരിച്ചു. എക്സിക്യൂട്ടിവ് കൂടി. രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പ്രശാന്തിഗിരി**

25 നോമ്പ് ആചരിച്ചു. മേഖലാതല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് യോഗം കൂടി. രോഗി സന്ദർശനം നടത്തി.

**തലപ്പുഴ**

25 നോമ്പ് ആചരിച്ചു.മേഖലാതല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. സ്നേഹാലയം സന്ദർശിച്ചു.

**തലഞ്ഞി**

25 നോമ്പ് ആചരിച്ചു. ഒരു നിർധന വിദ്യാർത്ഥിക്ക് പഠന സഹായമായി 5500/- രൂപ നല്കി. മേഖല കരോൾ ഗാന മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.അൾത്താര ശുശ്രൂഷകർക്ക് ഡ്രസ് വാങ്ങുവാൻ 4000/- രൂപ നൽകി.

**ചിത്രഗിരി**

പാവപ്പെട്ട 3 കുടുംബങ്ങൾ സന്ദർശിച്ചു. കേക്ക്, വസ്ത്രങ്ങൾ എന്നിവ വിതരണം ചെയ്തു.

**ഏലപ്പീടിക**

25 നോമ്പ് ആചരിച്ചു. എക്സിക്യൂട്ടീവ് യോഗം കൂടി. മേഖലാ തല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു.രോഗി സന്ദർശനം നടത്തി. ഒരു നിർധന കുടുംബത്തിന് വസ്ത്രം നല്കി.

**കരിമാനി**

25 നോമ്പ് ആചരിച്ചു. മേഖലാതല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. അമലോത്ഭവ മാതാവിന്റെ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു. ചെയിൻ റോസറി നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം കേക്ക് വിൽപ്പന നടത്തി.

**പേരിയ**

മേഖലാ തല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. 25 നോമ്പ് ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ചെമ്പേരി സ്നേഹമന്ദിരം സന്ദർശിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വചന കവചം - വചനം ചൊല്ലി പ്രാർത്ഥിച്ചു. പ്രായമായവർക്കും, കോളനികളിലും കേക്കുകൾ വിതരണം ചെയ്തു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. പള്ളി ശുചീകരണം നടത്തി.

**ബത്തേരി**

25 നോമ്പ് ആചരിച്ചു. നിർധന കുടുംബങ്ങൾക്ക് 10000/- രൂപയുടെ ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മേഖല കരോൾ ഗാനമത്സരത്തിൽ ഒന്നാം സ്ഥാനവും, രൂപതാതലത്തിൽ രണ്ടാം സ്ഥാനവും അസംപ്ഷൻ കരസ്ഥമാക്കി. മേഖല വാർഷികത്തിൽ പങ്കെടുത്തു.

**വാളേരി**

25 നോമ്പ് ആചരിച്ചു. അമലോത്ഭവ മാതാവിന്റെ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു. പ്രായമായവരെ സന്ദർശിച്ചു. രൂപതാ വാർഷികത്തിൽ 6 പേർ പങ്കെടുത്തു. ലേഖന വായന മത്സരം നടത്തി. ചെടി തോട്ടം വൃത്തിയാക്കി. വചന കവചം, സാന്താമോനിക്കാ, ചിട്ടി നറുക്കെടുപ്പ് എന്നിവ നടത്തി.

**വൈത്തിരി**

25 നോമ്പ് ആചരിച്ചു. അമലോൽഭവ മാതാവിന്റെ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ, തിരുകുടുംബത്തിന്റെ തിരുനാൾ എന്നിവ ആചരിച്ചു. വൈത്തിരി ഗവൺമെന്റ് ആശുപത്രിയിൽ ഭക്ഷണം നൽകി. വൈത്തിരി അഗതിമന്ദിരം സന്ദർശിച്ചു. രോഗി സന്ദർശനം നടത്തി

**തരിയോട്**

25 നോമ്പ് ആചരിച്ചു. വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. ഏയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിനായി 1000/- രൂപ സഹായം നൽകി. രോഗി സന്ദർശനം നടത്തി. മേഖല കരോൾ ഗാന മത്സരത്തിൽ 9 പേർ പങ്കെടുത്തു.

**ടി.കെ. കോളനി**

ക്രിസ്തുമസ് ഫ്രണ്ട് എടുത്തു. രണ്ട് നിർധന വ്യക്തികൾക്ക് രോഗീ സഹായമായി 11000/- രൂപ നൽകി വൃദ്ധ സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി.

**വടപുറം**

മരിയൻ ക്വിസ് നടത്തി. 55 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുവേണ്ടി സക്കറിയാസ് കൺവെൻഷൻ നടത്തി. മേഖലാതല കരോൾ ഗാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. നിലമ്പൂർ മേഖല സുകൃതജപം എഴുത്തു മത്സരത്തിൽ ശാഖയിലെ ശ്രീമതി ജിജി കളത്തിനാനിക്കൽ 16000 സുകൃതജപം എഴുതി ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഒരു നിർധന വ്യക്തിക്ക് ചികിത്സാ സഹായമായി 1700/- രൂപ നല്കി.

**അപ്പപ്പാറ**

ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ 2023 ലെ ശാഖ മാർഗരേഖ പ്രകാശനം ചെയ്തു.

**കുറുമണി**

ഏയ്ഡ്സ് ദിനം, അമലോൽഭവ മാതാവിന്റെ തിരുനാൾ, എന്നിവ ആചരിച്ചു. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**ദ്വാരക**

25 നോമ്പ്, അമലോത്ഭവമാതാവിന്റെ തിരുനാൾ, തിരുകുടുംബത്തിന്റെ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു. മേഖലാ കരോൾ ഗാന മത്സരത്തിൽ രണ്ടാം സ്ഥാനം

ലഭിച്ചു. രണ്ട് നിർധന കുടുംബങ്ങൾക്ക് 3800/- രൂപയുടെ ഭക്ഷണം കിറ്റുകൾ നൽകി. ആൻസ് ഭവൻ വൃദ്ധമന്ദിരം സന്ദർശിച്ചു.

**കയ്യുന്നി**

25 നോമ്പ് ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. നീലഗിരി മേഖല യുടെ നേതൃത്വത്തിൽ എക്യുമെനിക്കൽ ക്രിസ്തുമസ് ആഘോഷം നടത്തി.

**താളിപ്പാടം**

എക്സിക്യൂട്ടീവ് കൂടി. ഒരു നിർധന രോഗിക്ക് ചികിത്സാ സഹായം നൽകി. സന്ദർശനം നടത്തി. മേഖലാ കരോൾഗാന മത്സര ത്തിൽ പങ്കെടുത്തു. അമലോൽഭവ മാതാവിന്റെ തിരുനാൾ, കുഞ്ഞി പൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു.

**റൂബി നഗർ**

മേഖല കരോൾ ഗാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥ മാക്കി. മൂന്ന് കുടുംബങ്ങൾക്ക് ക്രിസ്തുമസിന് സമ്മാനം നൽകി.

**പനംഞ്ചിറ**

25 നോമ്പ് ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് ജനറൽ ബോഡി എന്നിവ നടത്തി. വാർഷികത്തിൽ പങ്കെടുത്തു

**പുതുശ്ശേരിക്കടവ്**

ക്രിസ്തുമസിന് കലാസന്ധ്യ നടത്തി. രോഗംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു കുടുംബത്തിന് ഭക്ഷണകിറ്റ് നൽകി.

**കരിമ്പിൽ**

25 നോമ്പ് ആചരിച്ചു. അമലോത്ഭവ മാതാവിന്റെ തിരുനാൾ, തിരുകുടുംബത്തിന്റെ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മാതൃ മൊഴി എന്ന പേരിൽ വചന സന്ദേശം നൽകി.

**ആടിക്കൊല്ലി**

എക്സിക്യൂട്ടീവ്, രോഗി സന്ദർശനം എന്നിവ നടത്തി. രോഗി സഹായം, വസ്ത്ര സഹായം എന്നിവയ്ക്ക് 5450/-രൂപ നൽകി. മേഖലാ, രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം ചായപ്പൊടി വിതരണം ആരംഭിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ഏകദിന കൺവെൻഷന്റെ ഒരുക്കത്തിനായി സിയോൻ ശുശ്രൂഷകർ ആദ്യവെള്ളിയാഴ്ച്ച ജനുവരി 6 ന് രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി.

ശനിയാഴ്ച രാവിലെ 9.00 ന് ജപമാല പ്രാർത്ഥനയോടെ കൺവെൻഷൻ ശുശ്രൂഷകൾ ആരംഭിച്ചു. തങ്കമ്മ കൊട്ടിയൂർ, ഷെറിൻ ചുണ്ടേൽ എന്നീ സഹോദരിമാർ നേതൃത്വം നൽകി. ബ്ര. ജോസ് മാളോല സ്തുതിയാരാധന നടത്തി. 10.30 ന് വി. ബലിക്ക് രൂപതയുടെ നവ വൈദീകർ കാർമ്മികരായി. ബഹു. ഫാ. അനൂപ് കൊച്ചേരിൽ വചനസന്ദേശം നൽകി.

ജാർഖണ്ട്, റാഞ്ചിയിൽ നിന്നുള്ള പ്രശസ്ത ധ്യാനഗുരുവായ ബഹു. ഫാ. ജേക്കബ് മരിയദാസ് OCD വചനപ്രഘോഷണം നടത്തി. അസിസ്റ്റന്റ് ഡയറക്ടർ ബഹു. ഫാ. പ്രിൻസ് തെക്കേതിൽ ആരാധനക്ക് നേതൃത്വം നൽകി. ബ്ര. ബിജു പുളിക്കൽ, സി. ലിസ SKD, എന്നിവർ ഗാനങ്ങളാലപിച്ചു.

ജനുവരി 10,17,24,31 എന്നീ ചൊവ്വാഴ്ചകളിൽ രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ സിയോൻ ചാപ്പലിൽ ബൈബിൾ കൺവെൻഷന്റെ വിജയത്തിനുവേി പ്രത്യേക പ്രാർത്ഥനകൾ നടത്തി.

ജനുവരി 14 ന് രണ്ടാം ശനിയാഴ്ച പൊതു സ്പിരിചൽ ഷെറിംങ്ങിന് ബഹു. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ, ബ്ര. ജോസ് മാളോല, ബ്ര. പൈലി പെലക്കുടി, എൽസി കുളത്തിങ്കൽ, സി. സിൽജ FCC, സി മരിന SH എന്നിവർ നേതൃത്വം നൽകി.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വഴകാട്ട് എന്നിവർ ഞായറാഴ്ചകളിൽ ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ (സിയോൻ വോയ്സ് ) പങ്കുവെച്ചു.

ജനുവരി 27 ന് വെള്ളിയാഴ്ച വൈകിട്ട് സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടന്നു. 6.30 ന് കുരിശിന്റെ വഴിയോടെ

ശുശ്രൂഷകൾ ആരംഭിച്ചു. വിവിധ ഇടവകകളിൽനിന്നും ദൈവജനം പങ്കെടുത്തു. ആഘോഷമായ ജപമാലയും, ജെറിക്കോ പ്രാർത്ഥനയും, മാധ്യസ്ഥപ്രാർത്ഥനകളും ഉണ്ടായിരുന്നു. ബഹു. ഫാ. പ്രിൻസ് തെക്കേതിൽ വചനം പങ്കുവെച്ചു. ബ്ര. ജോസ് മാളോല, ബ്ര. ബേബി കുപ്പയിൽ, ബ്ര മത്തായി കാരക്കാട്ട്, ശ്രീമതി ഗ്രേസി കൊല്ലംകുന്നേൽ, എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. 12.15 ന് വി. കുർബാനയോടെ ജാഗരാണപ്രർത്ഥന സമാപിച്ചു.

ജനുവരി 22 മുതൽ 25 വരെ മഞ്ഞൂറ, 26 മുതൽ 29 വരെ പുൽപള്ളി ഇടവകകളിൽ വാർഷിക ധ്യാനം നടത്തി. കല്ലുവയൽ ഇടവകയിൽ ധ്യാനം ജനുവരി 29 ന് ആരംഭിച്ച് ഫാബ്രുവരി 1 ന് സമാപിക്കും. ഫാ. സോണി വാഴകാട്ട്, ബ്ര. ജോസഫ് വട്ടക്കുന്നേൽ, ബ്ര ബിജു പുളിക്കൽ എന്നിവർ നേതൃത്വം നൽകി.

**Nb:** അടുത്ത ഏകദിന കൺവെൻഷൻ, ഫെബ്രുവരി 4 ന് ശനിയാഴ്ച.

2023 ഫെബ്രുവരി 22-26 ദിവസങ്ങളിൽ നടക്കുന്ന ബൈബിൾ കൺവെൻഷന്റെ വിജയത്തിനായി പ്രാർത്ഥിച്ചൊരുങ്ങാം.

**ഫാ. സോണി വാഴകാട്ട്**

ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

അതിവേഗം മുന്നേറുന്ന ഒരു ലോകത്തെക്കുറിച്ചാണ് നാം അടുത്തകാലംവരെ കേട്ടുകൊണ്ടിരുന്നത്. പഴയതിനെയെല്ലാം തട്ടിമാറ്റി പുതിയൊരു ലോകം സൃഷ്ടിക്കുമെന്നായിരുന്ന ഈ നവ ലോക സൃഷ്ടാക്കൾ എന്നവകാശപ്പെടുന്നവരുടെ വാദം. ജീവിത രീതികൾ ആകെ മാറി, വ്യക്തി, കുടുംബബന്ധങ്ങൾ എന്നിവ അപ്രസക്തമായി. സ്നേഹപ്രകടനങ്ങൾ സ്വാർത്ഥ ലാഭങ്ങൾക്കു വേണ്ടി മാത്രമായി. പലരുടെയും ലക്ഷ്യം എങ്ങിനെയും ധനം സമ്പാദിക്കുകയെന്നതുമാത്രമായി. എല്ലാം തകിടം മറിഞ്ഞത് കൊവിഡ് എന്ന ഒരു കുഞ്ഞുരോഗാണുവിന്റെ കടന്നുവരവോടെ യാണ്. അതിവേഗം സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു വാഹനത്തെ പെട്ടെന്ന് പിടിച്ചു നിർത്തിയ അവസ്ഥയിൽ ലോകം നിശ്ചലമായി. ഇന്ന് ഈ നിശ്ചലാവസ്ഥക്ക് കുറച്ചൊക്കെ അയവുവന്നെങ്കിലും ലോകത്തിന് പൂർവ്വസ്ഥിതിയിലേക്ക് മടങ്ങുവാൻ സാധിക്കുന്നില്ല. പക്ഷെ ഇതിനിടയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി യുടെ പ്രവർത്തനങ്ങൾക്ക് വലിയ ഭംഗം നേരിട്ടു. സംഘടനയുടെ താഴെത്തട്ട് കോൺഫ്രൻസു മുതൽ മുകൾ തലംവരെയുള്ള പ്രവർ ത്തനങ്ങൾ നിശ്ചലമായി. കൊവിഡ് കാലത്തിനുശേഷം ലോകം വീണ്ടും ചലിക്കുവാൻ തുടങ്ങിയെങ്കിലും നമ്മുടെ സംഘടന പ്രവർ ത്തനം ഇപ്പോഴും പലയിടങ്ങളിലും നിശ്ചലമാണ്. ഈ നിശ്ചലാ വസ്ഥ മാറ്റുവാൻ നമുക്കു മാത്രമേ കഴിയൂ.

നമ്മൾ വീണ്ടും പ്രവർത്തനസജ്ജമാകണം. കാരണം ഈ ലോകത്തിന് നമ്മെ ആവശ്യമുണ്ട്. കഴിഞ്ഞ ദിവസം നമ്മുടെ മാധ്യ മങ്ങളിൽ വന്ന ഒരു വാർത്ത നിങ്ങളിൽ ചിലരുടെയെങ്കിലും ശ്രദ്ധ യിൽപ്പെട്ടുകാണുമെന്നു കരുതുന്നു. ആഗോളതലത്തിൽ ദാരിദ്ര നിർമ്മാർജ്ജനത്തിനായി പ്രവർത്തിക്കുന്ന ഓക്സ്ഫാമിന്റെ സർ വൈവൽ ഓഫ് ദി റിച്ചസ്റ്റ്ദി ഇന്ത്യ സപ്ലിമെൻറ് എന്ന ലേഖന

മാണ് നമ്മുടെ ശ്രദ്ധ ആകർഷിക്കേണ്ടത്. ഇന്ത്യയിലെ 40 ശതമാനം സമ്പത്ത് ഒരു ശതമാനം മാത്രം വരുന്ന അതിസമ്പന്നരുടെ കൈവശമാണ്. സാമ്പത്തികശേഷി തീരെകുറഞ്ഞ 50 ശതമാനം വരുന്ന പട്ടിണിപ്പാവങ്ങളുടെ ആകെ സമ്പത്തിന്റെ 13 ഇരട്ടിയാണ് ഈ സമ്പത്ത്. 10 വർഷങ്ങൾക്കു മുമ്പ് രാജ്യത്തെ അതിസമ്പന്നരായ പത്തുശതമാനം പേരുടെ ആകെ സമ്പാദ്യം ഇന്ത്യയിലെ ആകെ സമ്പത്തിന്റെ 45 ശതമാനമായിരുന്നത് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 63 ശതമാനമായി വളർന്നു. രാജ്യത്തിന്റെ ആകെ സമ്പത്തിന്റെ 61.7 ശതമാനവും അതിസമ്പന്നരായ അഞ്ചു ശതമാനം പേരുടെ കൈവശവുമാണ്. ആത്യന്തികമായി പറയുമ്പോൾ സമ്പന്നർ വീണ്ടും അതിസമ്പന്നനാവുകയും, ദരിദ്രൻ അതിദരിദ്രനായി മാറുകയുമാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വളരെ വേഗം വർദ്ധിക്കുകയാണ്. ഈ സാഹചര്യത്തിൽ വിൻസെൻഷ്യൻ പ്രവർത്തകരായ നമുക്ക് വളരെയേറെ പ്രവർത്തിക്കുവാനുണ്ട്. പാവങ്ങളെ സഹായിക്കുവാനുള്ള കൂടുതൽ പ്രവർത്തന മേഖലകളാണ് നമുക്കു മുന്നിൽ തുറക്കുന്നത്. നമ്മുടെ സഹജീവികൾ പട്ടിണികൊണ്ട് ദുരിതമനുഭവിക്കുമ്പോൾ നമുക്ക് എങ്ങിനെ അലസരായി നില്ക്കുവാൻ സാധിക്കും. ലോകം നമ്മളിൽനിന്നും വളരെയേറെ പ്രതീക്ഷിക്കുന്നു. ഭവനസന്ദർശനങ്ങളും, രോഗീ സന്ദർശനങ്ങളും നാം കൂടുതൽ ഊർജ്ജിതമായി നടത്തണം. അർഹിക്കുന്നവർക്ക് സഹായം എത്തിക്കുവാൻ നാം കഠിനപ്രയത്നം നടത്തണം. ദൈവത്തിന്റെ കരങ്ങളും കണ്ണുകളും, കാലുകളുമായി ഓരോ വിൻസെൻഷ്യനും മാറാൻ കഴിയണം. നന്മ ചെയ്യാത്ത ഒരൊറ്റ ദിവസവും ഒരു വിൻസെൻഷ്യനും ഉണ്ടാകരുത്. മറ്റുള്ളവർ നമ്മെ ചിലപ്പോൾ അവഗണിച്ചേക്കാം, അവഹേളിച്ചേക്കാം. ഇതൊന്നും നമ്മുടെ കർത്താവിനുവേണ്ടി ചെയ്യുന്ന സദ്പ്രവർത്തികൾക്കു മുന്നിൽ തടസ്സമാകരുത്. നാം ഉണർന്നേ പറ്റൂ.

**ഭവന സന്ദർശനം**

2023ലെ കലണ്ടർ വിതരണത്തിലൂടെ നാം ഉദ്ദേശിച്ചത് മുടങ്ങിക്കിടക്കുന്ന ഭവനസന്ദർശനം പുനരുജ്ജീവിപ്പിക്കുകയെന്നതായിരുന്നു. രൂപതയിലെ 13000 ഭവനങ്ങൾ നമുക്ക് സന്ദർശിക്കുവാൻ ഇതുമൂലം സാധിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സന്ദേശം ഭവനങ്ങളിൽ എത്തിക്കുവാൻ നമുക്ക് സാധിച്ചു. ഇതി

നായി ഉണർന്നു പ്രവർത്തിച്ച എല്ലാ വിൻസെൻഷ്യൻ സഹോദരരെയും ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുന്നു. തുടർന്നും ഭവനസന്ദർശനങ്ങളും, രോഗീ സന്ദർശനങ്ങളും അഭംഗുരം തുടർന്നു കൊണ്ടുപോകുവാൻ നമുക്ക് സാധിക്കട്ടെ.

**സി.സി.യോഗം**

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ യോഗം ദ്വാരക പാസ്റ്ററൽ സെന്ററിലെ ഓഫീസിൽ ചേർന്നു. സി.സി. പ്രസിഡൻറ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. സി.സി. വൈസ് പ്രസിഡൻറ് സിസ്റ്റർ റോസമ്മ അയ്യംകുഴക്കലിന്റെ പ്രാരംഭപ്രാർത്ഥനയോടെയും ബ്രദർ അജി വിരിപ്പാമറ്റത്തിന്റെ ജ്ഞാനവായനയോടെയും ആരംഭിച്ച യോഗത്തിൽ ബ്രദർ രാജു വലിയാറ സ്വാഗതമാശംസിച്ചു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ സന്ദേശം നല്കി. സി. സി. സെക്രട്ടറി ബ്രദർ മാത്യു പുതുപ്പറമ്പിൽ പ്രവർത്തന റിപ്പോർട്ടും, സി.സി. ട്രഷറർ ബ്രദർ വിൻസെന്റ് റാത്തപ്പള്ളി കണക്കുകളും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. തുടർന്ന് സി.സി, എ.സി, കോൺഫ്രൻസുകൾ എന്നിവയുടെ പ്രവർത്തനം അവലോകനം ചെയ്തു. സി.സി. നടപ്പാക്കിയ കലണ്ടർ വിതരണത്തിലൂടെ രൂപതയിലെ 13000 കുടുംബങ്ങൾ വിൻസെൻഷ്യൻ പ്രവർത്തകർ സന്ദർശിക്കുകയും, രോഗീസന്ദർശനങ്ങൾ നടത്തിയതും യോഗം വിലയിരുത്തി. 2023 മെമ്പർഷിപ്പ് വിപുലീകരണ വർഷമായി ആചരിക്കുവാനും ഒരംഗം ഒരംഗത്തെക്കൂടി എന്ന് ലക്ഷ്യത്തോടെ മെമ്പർഷിപ്പ് കാമ്പൈൻ നടത്തുവാനും യോഗം തീരുമാനിച്ചു. മാനന്തവാടി രൂപതയുടെ ജൂബിലി വർഷത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപതയിലെ 100 കുടുംബങ്ങൾക്ക് ആടിനെ വിതരണം ചെയ്യുവാനും ഇതിനായി 6 ലക്ഷം രൂപ ശേഖരിക്കുവാനും തീരുമാനിച്ചു. നമ്മുടെ നാട്ടിലെത്തിയിരിക്കുന്ന അതിഥി തൊഴിലാളി കുടുംബങ്ങൾക്ക് വസ്ത്രങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുവാൻ എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും രംഗത്തിറങ്ങുവാനും തീരുമാനിച്ചു. എ.സി.തലത്തിൽ കോൺഫ്രൻസ് ഭാരവാഹികളെ സംഘടിപ്പിച്ച് നേതൃസംഗമങ്ങൾ നടത്തുവാൻ തീരുമാനിച്ചു. സമാപനപ്രാർത്ഥനയോടെ യോഗം സമാപിച്ചു..

**എ.സി. നേതൃസംഗമങ്ങൾ**

സി.സി. തീരുമാനപ്രകാരം എ.സി.തല നേതൃസംഗമങ്ങൾ ആരംഭിച്ചു. ചുണ്ടക്കര പള്ളിയിൽ നടന്ന എ.സി. നേതൃസംഗമത്തിൽ എ.സി.ക്കു കീഴിലുള്ള എട്ട് കോൺഫ്രൻസ് ഭാരവാഹികൾ പങ്കെടുത്തു. എ.സി. പ്രസിഡന്റ് ബ്രദർ സെബാസ്റ്റ്യൻ കദളിക്കാട്ടിൽ അധ്യക്ഷത വഹിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം, സി.സി. സീനിയർ വൈസ്പ്രസിഡന്റ് ബ്രദർ ജോണി പാറ്റാനി, സി.സി. സെക്രട്ടറി ബ്രദർ മാത്യു പുതുപ്പറമ്പിൽ, സി.സി. സഹരക്ഷാധികാരി ബ്രദർ തങ്കച്ചൻ മേപ്പാടത്ത് എന്നിവർ പ്രസംഗിച്ചു. ബ്രദർ മാത്യു നിരപ്പേൽ, ബ്രദർ ജോസ് പയ്യനാട്ട് എന്നിവർ നേതൃത്വം നല്കി.

തരിയോട് എ.സി.യോഗം ചെന്നലോട് സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഹാളിൽ നടന്നു. എ.സി. പ്രസിഡന്റ് ബ്രദർ ബെന്നി മാങ്കോട്ട് അധ്യക്ഷത വഹിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം, സി.സി. വൈസ്പ്രസിഡന്റ് സിസ്റ്റർ റോസമ്മ അയ്യങ്കുഴയ്ക്കൽ, സി.സി. സഹരക്ഷാധികാരി ബ്രദർ തങ്കച്ചൻ മേപ്പാടത്ത് എന്നിവർ പ്രസംഗിച്ചു. എ.സി.യുടെ കീഴിലുള്ള 7 കോൺഫ്രൻസുകളുടെയും ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.

എല്ലാവർക്കും പ്രാർത്ഥനാശംസകളോടെ,

**റവ. ഫാ. ജോജോ കുടക്കച്ചിറ**

**ബ്രദർ ബാബു നമ്പുടാകം**

(സി. സി. ആത്മീയ ഉപദേഷ്ടാവ്)

(സി.സി. പ്രസിഡന്റ്)

# സാമൂഹ്യ സേവനരംഗം (WSSS)

**SWS മീറ്റിംഗ് നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആറാട്ടുത്തറ, പയ്യംപള്ളി, പടമല, ഒണ്ടയങ്ങാടി, തൃശ്ശിലേരി, തവിഞ്ഞാൽ, ആലാറ്റിൽ, കമ്മന, ചെറുകാട്ടൂർ, ജൂഡ്സ്മൗണ്ട്, ശിശുമല, കോട്ടത്തറ, കൊളറാട്ടുകുന്ന് എന്നീ യൂണിറ്റുകളിൽ മീറ്റിംഗുകൾ നടത്തി. WSSS പ്രോഗ്രാം ഓഫീസർ പി. എ ജോസ്, കോ-ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, സുജ മാത്യു എന്നിവർ നേതൃത്വം നൽകി.

**ക്രിസ്തുമസ്സ് ന്യൂഇയർ പ്രോഗ്രാം**

ഒണ്ടയങ്ങാടി, പടമല, പയ്യംപള്ളി, കമ്മന, തൃശിലേരി, തവിഞ്ഞാൽ, ആറാട്ടുത്തറ, ചെറുകാട്ടൂർ, ജൂഡ്സ്മൗണ്ട് എന്നീ യൂണിറ്റുകളിൽ വിവിധ കലാപരിപാടികളും കരോൾഗാന മത്സരവും നടത്തി. ഫാ. സജി പുതുകുളങ്ങര, ഫാ. സുനിൽ വട്ടുകുന്നേൽ, ഫാ. ബാബു മാപ്ലശ്ശേരി, ഫാ. ജോസ് കൊച്ചറയ്ക്കൽ, ഫാ. മനോജ് കാക്കോനാൽ എന്നിവർ ക്രിസ്തുമസ്സ് ന്യൂഇയർ സന്ദേശങ്ങൾ നൽകുകയും കേക്ക് മുറിച്ച് സംഘാംഗങ്ങൾക്ക് നൽകുകയും മത്സര വിജയികൾക്ക് സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു.

**ആട് വിതരണം നടത്തി**

പടമല, കമ്മന, കുഞ്ഞോം എന്നീ യൂണിറ്റുകളിൽ ആട് വിതരണം നടത്തി. SWS കോർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**മുറിവെണ്ണ നിർമ്മാണം**

ആലാറ്റിൽ SWS ന്റെ നേതൃത്വത്തിൽ മുറിവെണ്ണ തയ്യാറാക്കി. WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല അനുഗ്രഹ പ്രഭാഷണം നടത്തി. ഷീന ആന്റണി ആശംസകളർപ്പിച്ച് സംസാരിച്ചു.

**SHG & JLG രൂപീകരണം**

വെൺമണി, തൃശിലേരി, എടയൂർക്കുന്ന്, കബനിഗിരി എന്നീ സ്ഥലങ്ങളിൽ ഗ്രൂപ്പുകൾ രൂപീകരിച്ചു

**സോപ്പ് ട്രെയിനിംഗ്**

കുറുക്കന്മൂല GLP സ്കൂൾ, പിലാക്കാവ് LP സ്കൂൾ, കൊട്ടിയൂർ I.J.M.H.S.S.S എന്നീ സ്ഥലങ്ങളിൽ NSSS ക്യാമ്പിന്റെ ഭാഗമായി സോപ്പ് & ഡിറ്റർജെന്റ് പരിശീലനം നടത്തി.കോർഡിനേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ എന്നിവർ നേതൃത്വം നൽകി

**പ്രസംഗ പരിശീലനം നടത്തി**

ഇരുളം ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തിയ NSSS ക്യാമ്പിൽ കോഡിനേറ്റർ സുജ മാത്യു പ്രസംഗപരിശീലനം നടത്തി.

**SHG ഓഡിറ്റ്**

എടയൂർക്കുന്ന്, തൃശിലേരി, കാപ്പിക്കുന്ന്, ഉദയകവല, അമ്പുകുത്തി എന്നീ സ്ഥലങ്ങളിൽ സംഘങ്ങളുടെ ഓഡിറ്റ് നടത്തി.

**കേരള ലേബർ മൂവ്മെന്റ്**

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ സ്വാവലംബന്റെ 2022-23 വർഷത്തെ പുതുക്കൽ നടപടി തുടരുന്നു. ജന്മവർഷം 1963 വരെ ഉള്ളവർ ഈ വർഷം അടയ്ക്കേണ്ടതില്ല. 60 വയസ്സ് പൂർത്തിയായവരുടെ ഫണ്ട് പിൻവലിക്കാനുള്ള നടപടി ക്രമങ്ങൾ 2023 മാർച്ചിന് ശേഷം ആരംഭിക്കുന്നതാണ്.

**ക്ഷേമപദ്ധതികൾ**

ക്ഷേമനിധിയിൽ അംഗത്വമെടുത്ത 2 അംഗങ്ങൾക്ക് പ്രസവാനുകൂല്യത്തിനും ഒരാൾക്ക് പെൻഷനും ഉള്ള അപേക്ഷ സമർപ്പിച്ചു. വിദ്യാഭ്യാസ സ്കോളർഷിപ്പ് 18 വിദ്യാർത്ഥികൾക്ക് പാസ്സായി.

**ജീവസ് ഇൻഷൂറൻസ്**

129 ക്ലെയിമുകളിൽ നിന്നായി 1174953 രൂപ പാസായി. ഇൻഷൂറൻസ് പോളിസിയുടെ പുതുക്കിയ നിയമം അനുസരിച്ച് ഒരാൾ അഡ്മിറ്റായാൽ 24 മണിക്കൂറിനുള്ളിൽ അറിയിച്ചില്ലെങ്കിൽ ക്ലെയിം ലഭിക്കുകയില്ല. 9400367560 എന്ന ഫോൺ നമ്പറിൽ അറിയിക്കുക.

**DDU-GKY**

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന DDU-GKY പദ്ധതിയിൽ ഫുഡ് പ്രൊസസിംഗ് കോഴ്സിന്റെ അവസാനത്തെ ബാച്ച് ആരംഭിക്കുകയും അവരുടെ പഠന

ത്തിനാവശ്യമായ പഠന ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.

അതുപോലെ തന്നെ മുൻ ബാച്ചുകളിലായി പഠനം പൂർത്തിയാക്കിയ എല്ലാവർക്കും കോഴ്സ് കംപ്ലീറ്റ് ചെയ്ത സർട്ടിഫിക്കറ്റും പരീക്ഷയിൽ വിജയം നേടിയവർക്ക് കേന്ദ്ര ഗവൺമെന്റ് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും വിതരണം ചെയ്തു. കൂടാതെ WSSS ഓാഡിറ്റോറിയത്തിൽ കോൺവൊക്കേഷൻ പ്രോഗ്രാമും അതോടനുബന്ധിച്ച് അലുമിനി മീറ്റും നടത്തി. ഈ മീറ്റിംഗിൽ WSSS അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. പി. എ ജോസഫ്, ശ്രീ. റോബിൻ ജോസഫ്, ശ്രീമതി. ജാൻസി, ശ്രീ. ജോമോൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. കൂടാതെ അന്നേ ദിവസം തൊഴിൽമേള സംഘടിപ്പിക്കുകയും ചെയ്തു.

ബ്യൂട്ടീഷൻ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ എല്ലാവരും പരിശീലനത്തിനായി വിവിധ ബ്യൂട്ടീപാർലറുകളിൽ ജോയിൻ ചെയ്യുകയും ചെയ്തു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ

**സൗജന്യ നേത്ര ചികിത്സാ ക്യാമ്പുകൾ നടത്തി**

കാട്ടിക്കുളം സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് ജനുവരി 8 നും പേര്യ സെന്റ് ജോർജ് പള്ളിയിൽവച്ച് ജനുവരി 15 നും സൗജന്യ നേത്ര പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ചു.

**ഡയാലിസിസ് യൂണിറ്റ് കെട്ടിടത്തിന് തറക്കല്ലിട്ടു**

ഹോസ്പിറ്റലിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാനുള്ള കെട്ടിടത്തിന്റെ തറക്കല്ലിടൽ കർമ്മം മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ജനുവരി 16-ാം തിയ്യതി നിർവഹിച്ചു. മാനന്തവാടി രൂപതാ സുവർണ്ണ ജൂബിലി വർഷത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളിൽ ഒന്നാണ് ഹോസ്പിറ്റലിൽ സൗജന്യ ഡയാലിസിസ് യൂണിറ്റ്. രൂപതാ വികാരി ജനറാൾ ബഹുമാനപ്പെട്ട ഫാ. പോൾ മുണ്ടോളിക്കൽ, രൂപതാ പ്രൊക്കുറേറ്റർ ഫാ. ബിജു പൊൻപാറ, രൂപതാ സുവർണജൂബിലി കൺവീനർ ഫാ. ബിജു മാവറ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ SJMH

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**PMEGP വിവിധ ബാങ്കുകളുടെ ഫീൽഡ് വിസിറ്റ്**

NDS ഉം നബാർഡും സംയുക്തമായി നടപ്പിലാക്കുന്ന LEDP ട്രെയിനിങ് പൂർത്തീകരിച്ച 150 ഓളം വരുന്ന വനിതാ സംരംഭകർക്ക് PMEGP സ്കീം വഴി വിവിധ ബാങ്കുകളിൽ സബ്സിഡിയോടു കൂടിയ ലോണിന് അപേക്ഷകൾ പൂർത്തീകരിച്ചു. ഇവർക്കുള്ള വിവിധ ബാങ്കുകളുടെ ഫീൽഡ് വിസിറ്റ് അതതു പ്രദേശങ്ങളിൽ വിവിധ ബാങ്ക് മാനേജേർസ്, ബാങ്ക് ഫീൽഡ് ഓഫീസർ, NDS യൂണിറ്റ് കോർഡിനേറ്റർസ് എന്നിവരുടെ നേതൃത്വത്തിൽ വിജയകരമായി നടത്തപ്പെട്ടു.

കൊളപ്പള്ളി കാനറാ ബാങ്ക് മാനേജർ ശ്രീ. ഹരി നന്ദൻ, NDS കൽപ്ര NDS യൂണിറ്റ് കോ-ഓർഡിനേറ്റർ ശ്രീമതി. ലൂസി ആന്റണി, NDS ട്രൈനെർ ശ്രീ. ജൂഡ് മാർട്ടിൻ എന്നിവരുടെ നേതൃത്വത്തിൽ NDS കൽപ്ര യൂണിറ്റിലെ മുഴുവൻ അപേക്ഷകരുടെയും വീടുകളിൽ ഫീൽഡ് വിസിറ്റ് നടത്തപ്പെട്ടു. ചേരമ്പാടി കനറാ ബാങ്ക് മാനേജർ ശ്രീ. എൽബിൻ എരുമാട്, കനറാ ബാങ്ക് മാനേജർ ശ്രീമതി. ലിയാ, NDS കയ്യൂന്നി യൂണിറ്റ് കോ-ഓർഡിനേറ്റർ ശ്രീമതി. സാലി കുര്യൻ, ശ്രീ. വർഗീസ് പാലക്കുഴി, NDS ട്രൈനെർ ശ്രീ. ജൂഡ് മാർട്ടിൻ എന്നിവരുടെ നേതൃത്വത്തിൽ NDS കയ്യൂന്നി യൂണിറ്റിലെ മുഴുവൻ അപേക്ഷകരുടെയും വീടുകളിൽ ഫീൽഡ് വിസിറ്റ് നടത്തപ്പെട്ടു. ബിതർകാട് SBI മാനേജർ ശക്തിമാണിക്യം, ഉപ്പട്ടി സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ നന്ദകുമാർ NDS കുന്നലാടി യൂണിറ്റ് കോ-ഓർഡിനേറ്റർ ശ്രീ. തങ്കച്ചൻ, NDS ട്രൈനെർ ശ്രീ. ജൂഡ് മാർട്ടിൻ എന്നിവരുടെ നേതൃത്വത്തിൽ NDS കുന്നലാടി യൂണിറ്റിലെ മുഴുവൻ അപേക്ഷകരുടെയും വീടുകളിൽ ഫീൽഡ് വിസിറ്റ് നടത്തപ്പെട്ടു. ഗൂഡല്ലൂർ

കാനറാ ബാങ്ക് മാനേജർ നമ്പി നാരായണൻ NDS മൺവയൽ യൂണിറ്റ് കോ-ഓർഡിനേറ്റർ ശ്രീ. മനോജ്, NDS ട്രെയിനർ ശ്രീ. ജൂഡ് മാർട്ടിൻ എന്നിവരുടെ നേതൃത്വത്തിൽ NDS മൺവയൽ, വിമല ഗിരി യൂണിറ്റുകളിലെ മുഴുവൻ അപേക്ഷകരുടെയും വീടുകളിൽ ഫീൽഡ് വിസിറ്റ് നടത്തപ്പെട്ടു. ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച യൂണിറ്റുകൾക്ക് മുൻഗണന ക്രമമനുസരിച്ചു ലോണുകൾ പാസ്സാക്കി നൽകുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നു.

**NDS PMEGP ലോൺ അപേക്ഷകർക്കുള്ള മീറ്റിംഗ് @ കുന്നലാടി**

NDS ഉം നബാർഡ് തമിഴ്നാടും സംയുക്തമായി കഴിഞ്ഞ മാസങ്ങളിൽ നടത്തപ്പെട്ട LEDP ട്രെയിനിങ് പൂർത്തീകരിച്ചു. സബ്സിഡിയോടുകൂടി PMEGP പദ്ധതി വഴി വിവിധ ബാങ്കുകളിൽ ലോണിനു അപേക്ഷിച്ചിരിക്കുന്ന ആളുകളിൽ നിന്നും ലോൺ തിരിച്ചടവ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി അപേക്ഷകരിൽ നിന്ന് തന്നെ ഒരു കോ-ഓർഡിനേറ്ററെ തിരഞ്ഞെടുക്കുന്നതിനു വേണ്ടി മീറ്റിംഗ് കുന്നലാടി ഫാത്തിമ മാതാ ദേവാലയത്തിൽ നടന്നു. മീറ്റിംഗിന് NDS കുന്നലാടി യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പരുന്തനോലിൽ, NDS കുന്നലാടി യൂണിറ്റ് ഇൻ ചാർജ് ശ്രീ. തങ്കച്ചൻ NDS ട്രെയിനർ ജൂഡ് മാർട്ടിൻ, NDS കുന്നലാടി യൂണിറ്റ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. NDS കുന്നലാടി യൂണിറ്റിനു കീഴിലുള്ള ആടുവളർത്തൽ പദ്ധതിയിൽ അംഗങ്ങളായി ലോണിനു അപേക്ഷിച്ചിരിക്കുന്നവരിൽ നിന്നും ശ്രീമതി. റിൻസി സുനിലിനെ ലോൺ തിരിച്ചടവിന്റെ കാര്യങ്ങൾ നോക്കുന്നതിനു തിരഞ്ഞെടുത്തു.

**NDS PMEGP ലോൺ അപേക്ഷകർക്കുള്ള മീറ്റിംഗ് @ കയ്യൂന്നി**

08.12.2022 വ്യാഴാഴ്ച കയ്യൂന്നി ഫാത്തിമ മാതാ ദേവാലയത്തിൽ വെച്ച് NDS PMEGP ലോൺ അപേക്ഷകർക്കുള്ള മീറ്റിംഗ് നടന്നു. NDS ഉം നബാർഡ് തമിഴ്നാടും സംയുക്തമായി കഴിഞ്ഞ മാസങ്ങളിൽ നടത്തപ്പെട്ട LEDP ട്രെയിനിങ് പൂർത്തീകരിച്ചു സബ്സിഡിയോടുകൂടി PMEGP പദ്ധതി വഴി വിവിധ ബാങ്കുകളിൽ ലോണിനു അപേക്ഷിച്ചിരിക്കുന്ന ആളുകളിൽ നിന്നും ലോൺ തിരിച്ചടവ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നത്തിന്റെ ഭാഗമായി അപേക്ഷകരിൽ നിന്ന് തന്നെ ഒരു കോ-ഓർഡിനേറ്ററെ തിരഞ്ഞെടുക്കുന്നതിനു വേണ്ടിയാണു ഈ മീറ്റിംഗ് നടത്തപ്പെട്ടത്. മീറ്റിംഗിന് NDS കയ്യൂന്നി യൂണിറ്റ് ഡയറക്ടർ ഫാ. വിൻസെന്റ് കളപ്പുര, NDS കയ്യൂന്നി യൂണിറ്റ് ഇൻ ചാർജ് ശ്രീ. വർഗീസ്, NDS ട്രെയിനർ ജൂഡ് മാർട്ടിൻ, NDS കയ്യൂന്നി യൂണിറ്റ് പ്രതിനിധികൾ എന്നിവർ പങ്കെ

ടുത്തു. NDS കയ്യൂന്നി യൂണിറ്റിനു കീഴിലുള്ള ആടുവളർത്തൽ പദ്ധതിയിൽ അംഗങ്ങളായി ലോണിനു അപേക്ഷിച്ചിരിക്കുന്നവരിൽ നിന്നും ശ്രീമതി. സാലി കുര്യനെ ലോൺ തിരിച്ചടവിന്റെ കാര്യങ്ങൾ നോക്കുന്നതിനു തിരഞ്ഞെടുത്തു.

**Prime Minister's Kisan Yojana Meeting @ Communtiy Hall Bitherkad**

19.01.2023 വ്യാഴാഴ്ച 11. 00 മണിക്ക് തമിഴ്നാട് മുഖ്യമന്ത്രിയുടെ കൺവെർജൻസ് പദ്ധതി പ്രകാരം എല്ലാ ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി ബിദർകാട് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് യോഗം നടത്തപ്പെട്ടു. അതോടൊപ്പം കലൈഞ്ജർ ഗ്രാമ വികസന പദ്ധതിയുമായി ബന്ധപ്പെട്ടു നെല്ലാക്കോട്ടൈ ഗ്രാമം ദത്തെടുത്തു വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്തിനും, പിഎം കിസാൻ യോജനയുമായി ബന്ധപ്പെട്ടുള്ള പുതിയ സ്കീമുകൾ അറിയിക്കുന്നതിനും വേണ്ടിയുള്ള ഈ യോഗത്തിലേക്ക് NDS കൽപ്ര, കുന്നലാടി യൂണിറ്റിൽ നിന്നും യൂണിറ്റ് പ്രതിനിധികൾ പങ്കെടുത്തു.

**NDS NABARD MEDP BEE KEEPING PROGRAM**

നീലഗിരി മേഖലയിലെ കർഷകർ സമ്മിശ്ര കൃഷി രീതികൾ അവലംബിച്ചു മറ്റൊരു വരുമാന മാർഗം കൂടി നേടിയെടുക്കുന്നത്തിന്റെ ഭാഗമായി NDS ഉം തമിഴ്നാട് നബാർഡും സംയുകതമായി നടപ്പിലാക്കുന്ന MEDP തേനീച്ച വളർത്തൽ പരിപാടിക്കു അംഗീകാരം ലഭിച്ചു. NDS നു കീഴിൽ വരുന്ന എല്ലാ യൂണിറ്റുകളിലേക്കും ഈ പദ്ധതിയുടെ ഗുണം എത്തിക്കുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി നാഷണൽ ഖാദി വികസന ബോർഡ് വഴി സൗജന്യമായി ബീകീപ്പിങ് പെട്ടികളും അതോടൊപ്പം 25 മുതൽ 40 പേര് അടങ്ങിയ ഗ്രൂപ്പിന് സൗജന്യ പരിശീലനവും തമിഴ്നാട് ഹോർട്ടികോർപ് ഡിപ്പാർട്മെന്റ് വഴി നൽകുമെന്നു അറിയിച്ചു.

**LEDP BILLS SUBMISSION**

NDS ഉം തമിഴ്നാട് നബാർഡും സംയുക്തമായി നടപ്പിലാക്കുന്ന LEDP പദ്ധതിയുടെ ഭാഗമായി നിലവിലെ പ്രവർത്തനങ്ങളുടെ ബില്ലുകളും റിപ്പോർട്ടും 12.01.2022 വ്യാഴാഴ്ച കോയമ്പത്തൂർ നബാർഡ് DDM ഓഫീസിൽ എത്തിച്ചു. അതോടൊപ്പം പുതിയ പദ്ധതികളായ വാട്ടർഷെഡ് മാനേജ്മെൻറ്, MEDP ഹണി ബീ കീപ്പിങ്, LEDP കർഷകർക്കുള്ള FPO (Farmer's Producer Organisation)

തുടങ്ങിയ പദ്ധതികൾക്കുള്ള അംഗീകാരവും ഉടൻ ലഭ്യമാകുമെന്ന് അറിയിച്ചു.

**ദേശീയ ജൽജീവൻ മിഷൻ**

ദേശീയ ജൽജീവൻ മിഷൻ മലപ്പുറം ജില്ലയിലെ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിലെ ISA പ്രവർത്തനങ്ങൾ വിജയകരമായി നടന്നുവരുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾതലത്തിൽ നടത്തേണ്ടതായ ജലശ്രീ ക്ലബ് രൂപീകരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യഘട്ടം എന്നോണം എടവണ്ണ ഗ്രാമപഞ്ചായത്തിലെ തിരുവാലി ജി. എം.എൽ. പി സ്കൂളിൽ വെച്ച് ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ചു 'എന്റെ കുടിവെള്ളം' എന്ന് തലക്കെട്ടിൽ ജലവും ജലത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ രചനകൾ മാഗസിൻ രൂപത്തിലാക്കി പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു. വരും ദിവസങ്ങളിൽ പഞ്ചായത്തിലെ മറ്റു സ്കൂളുകളിൽ വെച്ച് ജലശ്രീ ക്ലബ്ബുകളുടെ രൂപീകരണവുമായി ബന്ധപെട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതിയായി. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ജലശ്രീ ക്ലബ് രൂപീകരണവുമായി ബന്ധപ്പെട്ട കല്ലരട്ടിക്കൽ എൽ.പി സ്കൂളിൽ വച്ച് ജലശ്രീ ക്ലബ് രൂപീകരിച്ചു. വരും ദിവസങ്ങളിൽ മറ്റു സ്കൂളുകളിലും ജലശ്രീ ക്ലബ് രൂപീകരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടക്കുമെന്നു അറിയിക്കുന്നു അതുപോലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ സ്വയം സഹായ സംഘങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടി നടത്തപ്പെട്ടു. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നുള്ള സ്വയം സഹായ സംഘങ്ങളുടെ നേതൃത്വനിരയിൽ ഉള്ളവർ ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്തു. കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി. ജമീലാ കുടുംബശ്രീ നേതൃത്വം, വിവിധ പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നൽകി. ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ ഫീൽഡ് കോഡിനേറ്റർ ശ്രീമതി ഫൗസിയ ക്ലാസുകൾ നൽകി. ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**

ഡയറക്ടർ, NDS




**പുതുശ്ശേരി കടുവ ആക്രമണത്തിൽ കൊല്ലപ്പെട്ട സാലു ചേട്ടന്റെ നിര്യാണത്തിൽ അനുശോചിച്ചു.**

പുതുശ്ശേരിയിൽ കടുവ ആക്രമണത്തിൽ കൊല്ലപ്പെട്ട സാലു എന്ന് വിളിക്കപ്പെടുന്ന തോമസിന്റെ നിര്യാണത്തിൽ കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത അനുശോചനം രേഖപ്പെടുത്തുന്നു. ഈ കടുവ ആക്രമണത്തെ അങ്ങേയറ്റം പ്രതിഷേധിക്കുകയും എതിർക്കുകയും ചെയ്യുന്നു. മനുഷ്യനാണോ മൃഗത്തിനാണോ ഈ നാട്ടിൽ വില?

നരഭോജിയായ കടുവയെ കൂട്ടിലടക്കരുത്, കൊന്നുകളയുക എന്ന ആവശ്യമാണ് കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതാസമിതി ആവശ്യപ്പെടുന്നത്. മരണപ്പെട്ട വ്യക്തിക്ക് വനംവകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന 5 ലക്ഷം രൂപ അത് മന്ത്രിയുടെ ഔദാര്യമല്ല എന്നും കടുവാക്രമണത്തിൽ മരിക്കപ്പെടുന്ന വ്യക്തിക്ക് 24 മണിക്കൂറിനുള്ളിൽ ലഭിക്കേണ്ട തുകയാണ് എന്ന് മന്ത്രി തിരിച്ചറിയുന്നതും നല്ലതാണ്. കടുവയെ കൂട് വെച്ച് പിടിക്കുകയും അതിനെ മയക്ക് വെടിവെച്ച് പിടിയ്ക്കുകയും ചെയ്യുകയല്ല ഇവിടെ ആവശ്യം. മറിച്ച് ഈ കടുവയെ വെടിവെച്ചു കൊല്ലുവാൻ ഉള്ള സർക്കാർ ഉത്തരവാണ് ഇപ്പോൾ ആവശ്യമുള്ളത്. വന്യജീവി സംരക്ഷണ നിയമം 11 എ പ്രകാരം നരഭോജിയായ കടുവയെ വെടിവെച്ചുകൊല്ലാനാണ് ഉത്തരവ് ആവശ്യമായിട്ടുള്ളത്. ഈ അടുത്തകാലത്ത് കർണാടകത്തിൽ ഇത്തരത്തിലുള്ള കടുവയെ വെടിവെച്ചു കൊല്ലുവാൻ ഉള്ള സർക്കാർ ഉത്തരവ് വന്നിട്ടുള്ളതുമാണ്. കർണാടകത്തിൽ വന നിയമം ഒരു തരവും കേരളത്തിലെ ജനങ്ങൾക്ക് മറ്റൊരു തരവും കാട്ടി കാടിന്റെ നീതി നടപ്പാക്കുന്ന ഈ അനീതിയെ കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത ശക്തമായി എതിർക്കുന്നു. മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് 25 ലക്ഷം രൂപ നഷ്ടപരിഹാരവും ആശ്രിതർക്ക് സർക്കാർ സംവിധാനത്തിൽ ജോലിയും നൽകണം. അല്ലാത്തപക്ഷം മരിച്ച വ്യക്തിക്കും കുടുംബത്തിനും നീതി ലഭിക്കുന്നതുവരെ ശക്തമായ സമരമുറയിലേക്ക് കർഷ

കരെ സംഘടിപ്പിച്ചുകൊണ്ടുള്ള സമര മുഖം സർക്കാർ കാണേണ്ടതായിട്ട് വരും എന്നുകൂടി സർക്കാരിനെ ഓർമിപ്പിക്കുകയാണ്. ഈ പ്രദേശത്തെ തുടർന്നാണ് ഇടവക പഞ്ചായത്തിലെ മുഴുവൻ ആളുകളെയുംഭീതിയിലാഴ്ത്തിയിരിക്കുന്നഈകടുവാസാന്നിധ്യംഅവസാനിപ്പിക്കുവാൻ വനംവകുപ്പ് അടിയന്തരമായ നിയമനടപടികൾ സ്വീകരിക്കണം എന്ന് ശക്തമായ ഭാഷയിൽ താക്കീത് നൽകുകയാണ്. കർഷകരെ പ്രതിരോധത്തിൽ ആക്കരുത് എന്നും പാവപ്പെട്ടവർക്ക് ഈ മണ്ണിൽ പണിയെടുത്ത് ജീവിക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിച്ചു തരണമെന്നും വനം വകുപ്പിനോട് വിനീതമായി അപേക്ഷിക്കുകയും ചെയ്യുകയാണ്. അല്ലാത്തപക്ഷം കർഷകരെ ചേർത്ത് വച്ചുകൊണ്ട് സർക്കാരിനെതിരെ പ്രതിരോധം സൃഷ്ടിക്കുമെന്നുള്ള താക്കീത് കൂടി നൽകുന്നു.

**ബത്തേരി മേഖല**

**മേഖലായോഗം**

9/1/2 3 ന് ബത്തേരി അസംപ്ഷൻ ദേവാലയത്തിൽ ചേർന്നു. ഫൊറോനപ്രസിഡണ്ട്ജോൺസൺതൊഴുത്തുങ്കൽഅധ്യക്ഷതവഹിച്ചു. സെക്രട്ടറി ചാൾസ് വടാശേരി സ്വാഗതവും പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു.

**തീരുമാനങ്ങൾ**

1 എറണാകുളം അങ്കമാലി അതിരൂപതയിലെ വൈദികർ നടത്തുന്ന വിമത പ്രവർത്തനം സഭയെ പൊതു സമൂഹത്തിൽ അപകീർത്തിപ്പെടുത്തുന്നതിനാൽ വൈദികർ, സിനഡ് തീരുമാനം അംഗീകരിച്ച് സമൂഹത്തിന് നല്ല മാതൃക നൽകണം.

2 നാരായൺപൂർ കത്തോലിക്കാ ദേവാലയം തകർത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

3. ഇടവക തലത്തിൽ സെമിനാർ നടത്തുവാൻ തീരുമാനിച്ചു.

4 വർദ്ധിച്ച് വരുന്ന വന്യ ജീവി ആക്രമണത്തിൽ പ്രതിഷേധിച്ചും ബഫർ സോൺ വനാതിർത്തിയിൽ നിലനിർത്തണമെന്നും ആവശ്യപ്പെട്ട് പ്രതിഷേധറാലി നടത്തുവാൻ തീരുമാനിച്ചു.

**എ. കെ. സി. സി പ്രതിഷേധറാലി നടത്തി**

ബത്തേരി: വന്യ ജീവി ആക്രമണത്തിൽ നിന്നും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ നിരന്തരം പരാജയപ്പെടുന്ന വനം വകുപ്പിന്റെ നടപടിയിൽ പ്രതിക്ഷേധിച്ചും, വനം

വകുപ്പിന്റെ പ്രവർത്തനത്തെ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിൽ സ്ഥിരമായി പരാജയപ്പെടുന്ന വനം വകുപ്പ് മന്ത്രി തൽസ്ഥാനം രാജി വെക്കണമെന്നും ബഫർ സോണിൽ നിന്ന് ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പൂർണ്ണമായും ഒഴിവാക്കി ബഫർ സോൺ വനത്തിനുള്ളിൽ തന്നെ നിലനിർത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എ.കെ .സി .സി ബത്തേരി ഫൊറോന കമ്മറ്റിയുടെ നേതൃത്വത്തിൽ ബത്തേരിയിൽ പ്രതിഷേധറാലി നടത്തി.

വനം സംരക്ഷിക്കുന്നതിലും വന്യമൃഗങ്ങളെ വനത്തിൽ തന്നെ നിലനിർത്തുന്നതിലും വനത്തിന് ഉൾക്കൊള്ളാനാകാത്ത വിധം വന്യമൃഗങ്ങൾ വർദ്ധിച്ച് വരുന്നത് നിയന്ത്രിക്കുന്നതിലും വനം വകുപ്പ് പൂർണ്ണ പരാജയമാണെന്ന് പ്രതിഷേധറാലി ഉദ്ഘാടനം ചെയ്ത ഫൊറോന വികാരി റവ. ഡോ. ജോസഫ് പരുവമ്മേൽ കുറ്റപ്പെടുത്തി. വന്യമൃഗങ്ങൾ വനത്തിൽ ഇറങ്ങാതിരിക്കാൻ കാടും നാടും വേർതിരിച്ച് ശക്തമായ ഫെൻസിംഗ് നിർമ്മിക്കണമെന്ന കർഷകരുടെ ആവശ്യത്തെ തള്ളിക്കളയുന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമെന്നും മുഖ്യ പ്രഭാഷണം നടത്തിയ എ. കെ. സി. സി രൂപതാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ആരോപിച്ചു. ബോർഡിൽ മാത്രം ഒതുങ്ങുന്ന വയനാട് മെഡിക്കൽ കോളേജിന്റെ ദയനീയ സ്ഥിതിയാണ് കടുവാ ആക്രമണത്തിൽ പരുക്കേറ്റ ശ്രീ തോമസിന്റെ മരണത്തിന് കാരണമെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

എ.കെ.സി.സി ബത്തേരി ഫൊറോന പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു.രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ, ഫാ. ജോർജ്കുട്ടി കണിപ്പള്ളി, ഫാ. അഖിൽ ഉപ്പുവീട്ടിൽ എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി ചാൾസ് വടാശ്ശേരിൽ, മോളി മാമൂട്ടിൽ, ഡേവി മാങ്കുഴ, രാജു മണക്കുന്നേൽ, ജേക്കബ് ബത്തേരി, ലൂക്കോസ് തറപ്പേൽ, സാജു പുലിക്കോട്ടിൽ, ജോയി പുളിക്കൽ എന്നിവർ നേതൃത്വം നൽകി.

**ഫ്ളക്സ് ബോർഡ് സ്ഥാപിച്ചു**

ബത്തേരി AKCC യൂണിറ്റിന്റെ നേതൃത്വത്തിൽ 'വയനാടും കേരളത്തിലാണ്' എന്ന തലക്കെട്ടോടെ പള്ളിമുറ്റത്ത് ഫ്ളക്സ് ബോർഡ് സ്ഥാപിച്ചു. ബഫർ സോൺ, വന്യമൃഗശല്യം, ചുരം ബദൽ റോഡ്, രാത്രിയാത്രാ നിരോധനം, മെഡിക്കൽ കോളേജ് എന്നീ വിഷയങ്ങൾ

ഉന്നയിച്ചാണ് ബോർസ് വെച്ചത്. വികാരി റവ. ഡോ. ജോസഫ് പരുവമ്മൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് ജേക്കബ് ബത്തേരി, ചാൾസ് വടാശേരിൽ എന്നിവർ നേതൃത്വം നൽകി

**പ്രതിഭാസ വിശകലന ദർശനത്തിൽ**

മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ബഹു. ഡോ. സജി കാട്ടാംകോട്ടിൽ അച്ചന് രൂപത സമിതി അംഗങ്ങൾ ആശംസകൾ നേർന്ന് അഭിനന്ദിച്ചു.

**സെബാസ്റ്റ്യൻ പുരയ്ക്കൽ**
കത്തോലിക്കാ കോൺഗ്രസ്
മാനന്തവാടി രൂപതാ സമിതി
ജനറൽ സെക്രട്ടറി

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാക്കുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1095 ഗ്രൂപ്പുകളിലായി (48 ICS- Internal cotnrols ystem) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും , ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

WSSS 02, WSSS ഇടവക ICSകളിൽ പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ റിലയബിൾ ഓർഗാനിക് സർട്ടിഫിക്കേഷൻ ഓർഗനൈസേഷൻ (ROCO)യിൽ നിന്നുള്ള ഓഡിറ്റ്, കോർഡിനേറ്റർ ശ്രീ ജോബി വർഗീസിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർമാരായ സ്റ്റാൻലി ജോൺസ്, ശ്രീ. രാകേഷ് എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**കാർഷിക സെമിനാറുകൾ സംഘടിപ്പിച്ചു**

ഡിസംബർ മാസം പയ്യമ്പള്ളി, കാട്ടിക്കുളം, കണിയാരം, മുള്ളൻകൊല്ലി, പുൽപള്ളി, കാവുംമന്നം, ചെറുകാട്ടൂർ, പാഴൂർ, പൊഴുതന,

വടുവഞ്ചാൽ, തൊർനാട്, നാരോക്കടവ്, കല്ലോടി, കാട്ടിമൂല, തവിഞ്ഞാൽ, കമ്മന, പാട്ടവയൽ, ഗൂഡല്ലൂർ എന്നിവിടങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചു. സെമിനാറുകളിൽ, ബയോവിൻ അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. ബിനു പൈനുങ്കൽ, ഫാ. നിതിൻ പാലക്കാട്ട്, പർച്ചേസ് മാനേജർ ശ്രീ.ഷാജി ജോസ്, ICS കോർഡിനേറ്റർ ശ്രീ. ജോബി എന്നിവർ ഫീൽഡ് കോർഡിനേറ്റർമാരോടൊപ്പം പങ്കെടുക്കുകയും ക്ലാസുകൾ നയിക്കുകയും ചെയ്തു. 5439 കർഷകർ വിവിധ സെമിനാറുകളിലായി പങ്കാളികളായി.

## NOP ഓഡിറ്റ് പൂർത്തീകരിച്ചു

WSSS പുൽപള്ളി, WSSS പനമരം, എന്നീ 02 ICS കളിലും സർട്ടിഫിക്കേഷൻ ഏജൻസിയായ ഇക്കോ സെർട്ടിൽ നിന്നുള്ള NOP ഓഡിറ്റ്, ICS കോർഡിനേറ്റർ ശ്രീ. ജോബി, ഡോക്യുമെന്റേഷൻ ഓഫീസർ രമ്യ എന്നിവരുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർ, ശ്രീ. ബാലചന്ദർ ഓഡിറ്റിന് നേതൃത്വം നൽകി.

## ടാർപോളിൻ ഷീറ്റ്, പോരാളി വിതരണം ചെയ്തു

വോഫാ, കഫെ സംഘടനകൾ വഴി ഏതെങ്കിലും ഒരു ഉത്പന്നം എങ്കിലും വിപണനം നടത്തിയിട്ടുള്ള മുഴുവൻ കർഷകർക്കും ടാർപോളിൻ ഷീറ്റും പോരാളിയും ( ഉറുമ്പിനെ പ്രതിരോധിക്കുന്ന ജൈവ സ്പ്രേ) വിതരണം ചെയ്തു. 3000 രൂപ വില വരുന്ന ടാർ പോളിൻ ഷീറ്റും 150 രൂപ വില വരുന്ന പോരാളി സ്പ്രേയുമാണ് തീർത്തും സൗജന്യമായി കർഷകർക്ക് വിപണനം ചെയ്യുന്നത്. വോഫെയിൽ നിന്നും 3200 കർഷകരും കഫെയിൽ നിന്നും 2400 കർഷകരുമാണ് പദ്ധതിയുടെ ഗുണഭോക്താക്കളായത്.

## വൊഫാ, കഫെ ഭരണസമിതി യോഗം ചേർന്നു

2022 ഡിസംബർ മാസം 13 നു വൊഫാ ഭരണസമിതി യോഗം ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിലിന്റെ അധ്യക്ഷതയിൽ ബയോവിൻ കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നു. യോഗത്തിൽ കോർഡിനേറ്റർ ശ്രീ. വിനീഷ് മാത്യു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. 2023 വർഷത്തിലെ ഉത്പന്നങ്ങളുടെ സംഭരണ ക്രമീകരണങ്ങളെപ്പറ്റി ധാരണയുണ്ടാക്കുവാനായി എത്രയും വേഗത്തിൽ പൊതുയോഗം വിളിച്ചുകൂട്ടുവാൻ യോഗം തീരുമാനിച്ചു. ബൈലോയിലേക്ക് പുതിയതായി സർവയലൻസ് കമ്മിറ്റി കൂടി കൂട്ടിച്ചേർക്കുവാൻ ശ്രീ. വിനീഷിനെ ചുമതലപ്പെടുത്തി. VFC ഗ്രാന്റിനായി അപേക്ഷ

സമർപ്പിച്ച 243 ഗ്രൂപ്പുകൾക്കും 5000 രൂപ വീതം ഗ്രാന്റ് നൽകുവാൻ യോഗം തീരുമാനിച്ചു. സെക്രട്ടറി ശ്രീ. ജോയ് പരിയാരത്തിന്റെ കൃതജ്ഞതയോടെ യോഗം പിരിഞ്ഞു.

കഫെഭരണസമിതി യോഗം കഫെ ചെയർമാൻ ഫാ. ബിനു പൈനുങ്കലിന്റെ അധ്യക്ഷതയിൽ ബയോവിൻ കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നു. കോർഡിനേറ്റർ ശ്രീ. ബിബിൻ ജോയ് സ്വാഗതമാശംസിക്കുകയും, സെക്രട്ടറി ശ്രീ. പി എ ജോസഫ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ബൈലോയിലേക്ക് സർവയലൻസ് കമ്മിറ്റി കൂട്ടി ചേർക്കുന്നതിനായി ശ്രീ. ബിബിനെ ഏൽപ്പിക്കുകയും പ്രത്യേക പൊതുയോഗം ചേരേണ്ടതിന്റെ ആവശ്യകത യോഗം ചർച്ച ചെയ്യുകയും തീയ്യതി നിശ്ചയിക്കുകയും ചെയ്തു. VFC ഗ്രാന്റിനായി അപേക്ഷ സമർപ്പിച്ച 187 ഗ്രൂപ്പുകൾക്കും 5000 രൂപ വീതം ഗ്രാന്റ് നൽകുവാൻ യോഗം തീരുമാനിച്ചു. സംഘടനാ അംഗത്വമുള്ള ഒരു കർഷകന്റെ ചികിത്സ സഹായ അപേക്ഷയുടെ സാധുത പരിശോദിക്കുകയും, തുടർ ചികിത്സയ്ക്കായി 50000 രൂപ വിതരണം ചെയ്യുവാനും തീരുമാനമായി.

**വൊഫ, കഫെ പ്രത്യേക പൊതുയോഗം ചേർന്നു**

2022 ഡിസംബർ മാസം 21 , 23 തീയതികളിലായി യഥാക്രമം കഫെ, വൊഫ എന്നിവയുടെ പൊതുയോഗം ചേർന്നു.

കഫെ ചെയർമാൻ ഫാ. ബിനു പൈനുങ്കൽ അധ്യക്ഷനായ പൊതുയോഗത്തിൽ 90 % അംഗത്വ പ്രാതിനിത്യം ഉണ്ടായിരുന്നു. സംഘടനയുടെ പ്രത്യേക പ്രവർത്തന റിപ്പോർട്ട്, FTDP എന്നിവ സെക്രട്ടറി ശ്രീ. പി. എ ജോസഫ് അവതരിപ്പിച്ചു.

വൊഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിലിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ സെക്രട്ടറി ശ്രീ. ജോയി പരിയാരത്ത് വോഫെയുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും, റിപ്പോർട്ട് ചർച്ചയ്ക്കു ശേഷം യോഗം അംഗീകരിക്കുകയും ചെയ്തു.

കഫെ, വൊഫ ബൈലോ അമെൻഡ്മെന്റ്, സർവയലൻസ് കമ്മിറ്റിയുടെ ആവശ്യകത എന്നിവ ചർച്ച ചെയ്തു. ഉത്പന്നങ്ങളുടെ തറവില നിശ്ചയിച്ചു. ഫെയർട്രേഡ് ഓർഗാനിക് കാപ്പി കിലോ 85 രൂപ, ഫെയർട്രേഡ് കാപ്പി കിലോ 80 രൂപ, ഉണക്ക മഞ്ഞൾ കിലോയ്ക്ക് 90 രൂപ, പച്ച മഞ്ഞൾ കിലോയ്ക്ക് 23 രൂപ, ഇഞ്ചി 60

കിലോ ചാക്കിന് 3000 രൂപ, കറുവപ്പട്ട 370 രൂപ, ഗ്രാമ്പൂ 750 രൂപ, കുരുമുളക് 450 രൂപ, പഴുത്ത കാപ്പി കിലോയ്ക്ക് 30 രൂപ എന്നിങ്ങനെ യാണ് തറവില നിശ്ചയിച്ചത്.

## NAAP പരിശീലനത്തിൽ പങ്കെടുത്തു.

നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സിന്റെ ആഭി മുഖ്യത്തിൽ കാപ്പി കർഷകർക്കായി ഡിസംബർ മാസം 19 ന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വച്ച് CCRI ശാസ്ത്ര ജ്ഞരുടെ നേതൃത്വത്തിൽ നടന്ന ട്രെയിനിങ് പ്രോഗ്രാമിൽ വൊഫ, കഫെ സംഘടനകളെ പ്രതിനിധീകരിച്ച് 20 കർഷകർ പങ്കെടുത്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

## റേഡിയോ മാറ്റൊലി 90.4 mhz

**മാധ്യമ ശില്പശാല**

ജനുവരി 12 ന് റേഡിയോ മാറ്റൊലി സ്റ്റാഫംഗങ്ങൾ, വോളണ്ടിയേഴ്സ്, ഇന്റേൺസ് എന്നിവർക്കായി മാധ്യമ ശില്പശാല സംഘടിപ്പിച്ചു. പ്രശസ്ത മാധ്യമപ്രവർത്തകനും ദ കാരവൻ മാഗസിൻ എക്സിക്യുട്ടീവ് എഡിറ്ററുമായ വിനോദ് കെ ജോസ് ക്ലാസ് നയിച്ചു.

**സന്ദർശനം**

കേരള സംസ്ഥാന സോയിൽ സർവേ ആന്റ് കൺസർവേഷൻ ഡയറക്ടർ ശ്രീ. എസ് സുബ്രഹ്മണ്യൻ ഐ. ഐ. എസ്, അസി. ഡയറക്ടർ ശ്രീമതി രഞ്ജിനി, സോയിൽ കൺസർവേഷൻ മാനന്തവാടി ഏരിയ ഓഫീസർ പി. ബി ഭാനു ഉദ്യോഗസ്ഥരായ സീയൂസ്, സിജിൽ എന്നിവരും ജനുവരി 11 ന് മാറ്റൊലി സന്ദർശിച്ചു.

റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ പ്രതിനിധി ജയേഷ് ജോഷി, സ്വീഡൻ സ്വദേശി അന്ന എന്നിവർ മാറ്റൊലി സന്ദർശിച്ചു.

**പഠന സന്ദർശനം**

പേരോട് എം. ഐ.എം.എച്ച്.എസ്.എസ് ലെ പ്ലസ് ടു ജേർണലിസം വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി ഡിസംബർ 7 നും തൃശ്ശൂർ പെരുമ്പിലാവ് അൻസാർ വിമൻസ് കോളേജ് വിദ്യാർത്ഥികൾ ഡിസംബർ 15 നും മാറ്റൊലി സന്ദർശിച്ചു. ഡിസംബർ 17 ന് തൃശ്ശൂർ വിദ്യാ അക്കാദമി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥികളും 21 ന് മലപ്പുറം സഹ്യ ആർട് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികളും മാറ്റൊലി സന്ദർശിച്ചു.

എറണാകുളം സെന്റ് തെരേസാസ് കോളേജ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിദ്യാർത്ഥികൾ രണ്ട് ദിവസത്തെ പ്രോഗ്രാം മേക്കിംഗ് ട്രെയിനിംഗിനായി ഡിസംബർ 17 ന് വന്നു.

കായക്കൊടി കെ.പി.ഇ.എസ് ഹയർസെക്കറി പ്ലസ് ടൂ ഹ്യൂമാനിറ്റീസ് വിദ്യാർത്ഥികൾ ജനുവരി 5 നും കൊണ്ടോട്ടി ഇ എം ഇ എ ഹയർ

സെക്കണ്ടറി പ്ലസ് ടു ഹ്യൂമാനിറ്റീസ് വിദ്യാർത്ഥികൾ ജനുവരി 13 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഇന്റേൺഷിപ്പ്**

കുറവിലങ്ങാട് ദേവമാതാ കോളേജിലെ ബി.എ ട്രിപ്പിൾ മെയിൻ വിദ്യാർത്ഥികളായ മരിയ സോണി, നവ്യ സിതാര എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പിനായി ചേർന്നു.

അരീക്കോട് സുല്ലുമുസ്സലാം ആർട്സ് ആന്റ് സയൻസ് കോളേജിലെ ബാച്ലർ ഓഫ് ബ്രോഡ്കാസ്റ്റിംഗ് ജേർണലിസം വിദ്യാർത്ഥികളായ ഫെബിന ഷെറിൻ, സജ കെ.പി, സിജി കെ. പി, ഫിദ പി, എന്നിവർ ജനുവരി 2 ന് ഒരു മാസത്തെ ഇന്റേൺഷിപ്പിനായി ചേർന്നു.

ഷില്ലോംഗ് ദ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാഗ്വേജ് യൂണിവേഴ്സിറ്റിയിലെ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിയായ പ്രിയംവദ യോഗി ജനുവരി 3 മുതൽ ഒരു മാസത്തെ ഇന്റേൺഷിപ്പിനായി ചേർന്നു.

തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ രണ്ടാം വർഷ മാസ് കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥിയായ നിഖില എം.എസ് ജനുവരി 9 മുതൽ ഒരു മാസത്തെ ഇന്റേൺഷിപ്പിനായി ചേർന്നു.

**ഓഫീസ് വെഞ്ചരിപ്പ്**

ഡിസംബർ 19 ന് റേഡിയോമാറ്റൊലി ഓഫീസ് വെഞ്ചരിപ്പ് കർമ്മം മുൻ സ്റേറഷൻ ഡയറക്ടർ ആയിരുന്ന ഫാ. സെബാസ്റ്റ്യൻ പുത്തേൻ നിർവ്വഹിച്ചു.

**ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 23 ന് റേഡിയോ മാറ്റൊലി ടീം ക്രിസ്മസ് ആഘോഷം നടത്തി.

**സന്മനസുള്ളവർക്ക് സമാധാനം**

സന്മനസുള്ളവർക്ക് സമാധാനം എന്ന പേരിൽ 25 ദിവസം ക്രിസ്തുമസ് സന്ദേശം പ്രക്ഷേപണം ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

**December 2022- January 2023**

- Equal Opportunity Cell (EOC) and Skill Orientation Centre for Engineering (SOCE), CUSAT in association with Mary Matha Arts and Science College, Mananthavady organized Skill Development Workshop on 6th & 7th January 2023.
- Department of Computer Scienceorganized Computer in Real Life Problems and Solutions Skill Development Workshop as part of the skill development workshop.
- Department of Commerce in association with Entrepreneurship Club Organized Entrepreneurship Development Marathon as part of the skill development workshop.
- Department of Mathematics organized a workshop on Application and Modeling of Mathematics on 6th January 2023. Dr. Sasi Gopalan , HoD, Department of Mathematics was the resource person.
- Department of Social Science Economics organized a workshop on Economics in Real Life Problems and Solutions on 6th January 2023. Dr. P R Suresh, Asst. Prof., Dept of Applied Economics, CUSAT was the resource person.
- Research Department of Zoology organized a Skill Development Workshop on Real Life Problems and Solutions Related to Life Science on 6th January 2023.
- Department of Computer Science: Signed MoU for ICT Support between Department of Computer Science andSt. Martin's School Ondayangadi on 15th December 2022.

- Organized awareness programme on intellectual property rights under National I P Awareness Mission (NIPAM 2.0) on 4th January 2023. Mr. Sreedhar Panchumarthi, Examiner of Patents and Designs under Ministry of Commerce and Industry Govt. of India was the resource person.
- Department of Social Science-Economics: Organized inter department article writing competition as part of Youth Day Celebration on 12th January 2023.
- Social Science-Economics Association was inaugurated on 12th January 2023. Dr. Shanavas P H, Asst. Professor, KMM College, Kannur was the Chief Guest. Dr Maria Martin Joseph, Principal presided over the function.
- Department of Hindi: in association with IQAC celebrated World Hindi Day on 10th January 2023.
- Music Club: Organized an Inter Department Carol singing competition on 22nd December 2022.
- Department of Physical Education: and College union organized inter department Volley Ball Tournament on 12th & 16th January 2023.
- Dr.Maria Martin Joseph (Principal): was the Guest of Honour for The Annual Athletic Meet 2023, of Kannur University Teacher Education Centre, Mananthavady on 7th Jan 2023.
- Mr. Toby K Joseph:Delivered a talk on The Fundamentals of Research Methodology at St Joseph's College, Devagiri,Calicut on 5th January,2023.
- Participated in the workshop conducted as part of the implementation of the question bank and automated generation and transmission of question papers organized by Kannur University on 13th January 2023.
- Ms. Sharon Rose:Participated in the workshop conducted as part of the implementation of the question bank and automated generation and transmission of question papers organized by Kannur University on 13th January 2023.

- Mr. Midhun Shaji:Completed 7 Day National Level Online Faculty Development Program on Outcome Based Education (OBE) in Computer Science Discipline organized by Marian College, Kuttikkanam (Autonomous) in association with The Kerala State Higher Education Council (KSHEC) from 8thto 15th December 2022.
- Co-ordinated the Intellectual Property Awareness program under National Intellectual Property Awareness Mission (NIPAM) organized by Intellectual Property Office on 4th January 2023.

**Dr. Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി C-SMILES ഓൺലൈൻ വെർച്ചൽ പ്ലാറ്റ്ഫോമിൽ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ DANCING SCHOOL WITH SANTAS മത്സരത്തിൽ എൽ. പി വിഭാഗത്തിൽ പതിനെട്ടും യുപി വിഭാഗത്തിൽ പതിനൊന്നും ഹൈസ്കൂൾ വിഭാഗത്തിൽ നാലും ഹയർസെക്കണ്ടറി വിഭാഗത്തിൽ അഞ്ചും വിദ്യാലയങ്ങൾ പങ്കെടുത്തു. എല്ലാ വിഭാഗങ്ങളുടെയും മത്സര വീഡിയോകൾ ഒന്നിനൊന്ന് മികച്ചതായിരുന്നു. ഹയർസെക്കണ്ടറി വിഭാഗത്തിൽ കല്ലോടി സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി, നടവയൽ സെന്റ് തോമസ് ഹയർ സെക്കണ്ടറി, കൊട്ടിയൂർ ഐ. ജെ. എം ഹയർ സെക്കണ്ടറി എന്നീ വിദ്യാലയങ്ങൾ ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗം മത്സരത്തിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടിയത് യഥാക്രമത്തിൽ മണിമൂളി സി. കെ. എച്ച്. എസ്. എസ്, കൊട്ടിയൂർ ഐ. ജെ .എം ഹയർ സെക്കണ്ടറി, പയ്യമ്പള്ളി സെന്റ് കാതറൈൻസ് ഹയർ സെക്കണ്ടറി എന്നീ വിദ്യാലയങ്ങളാണ്. മാനന്തവാടി സെന്റ് ജോസഫ് ടി ടി ഐ, ബത്തേരി അസംപ്ഷൻ യു.പി മുള്ളൻകൊല്ലി സെന്റ് തോമസ് യു. പി എന്നീ വിദ്യാലയങ്ങളാണ് യു.പി വിഭാഗത്തിൽ ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയത്. എൽ.പി വിഭാഗം മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ യഥാക്രമം ബത്തേരി അസംപ്ഷൻ യു.പി, പോരൂർ സെന്റ് സെബാസ്റ്റ്യൻസ് എൽ.പി എന്നീ വിദ്യാലയങ്ങളും മൂന്നാം സ്ഥാനം ആടിക്കൊല്ലി ദൈവമാതാ എൽ.പി അരിഞ്ചേർമല സെന്റ് തോമസ് എൽ.പി എന്നീ വിദ്യാലയങ്ങളും കരസ്ഥമാക്കി.

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

**1. സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്:** നല്ല പാഠം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജൈവ പച്ചക്കറിത്തോട്ടം നിർമ്മിച്ചു. ക്രിസ്തുമസ് ആഘോഷം വിപുലമായി സംഘടിപ്പിച്ചു.

**II. സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

വിദ്യാലയത്തിൽ ക്രിസ്തുമസ് ആഘോഷം സമുചിതമായി സംഘടിപ്പിച്ചു. നല്ല പാഠം വിദ്യാർഥികളുടെ നേതൃത്വത്തിൽ അരിഞ്ചേർമല പ്രദേശത്തുള്ള മിഷൻസ് ഇന്ത്യ വൃദ്ധമന്ദിരം സന്ദർശിക്കുകയും ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. രണ്ടാംഘട്ട മൂല്യനിർണയം വിലയിരുത്തുവാനായി ക്ലാസ് പി.ടി.എ സംഘടിപ്പിച്ചു. വാർഷിക ജനറൽ ബോഡിയോഗം ചേർന്നു. മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച ഡാൻസിങ് സ്കൂൾ വിത്ത് സാന്ത മത്സരത്തിൽ എൽ പി വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**III. സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാർത്ഥികൾക്കായി അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പ്രദർശനം തുടരുന്ന പൂപ്പൊലി പുഷ്പമേള, കാരാപ്പുഴ ഡാം എന്നിവിടങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിച്ചു.

**IV. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപീടിക**

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി ആശംസ കാർഡ് നിർമ്മാണം, കരോൾ ഗാന മത്സരം എന്നിവ നടത്തി. വിവിധ കലാപരിപാടികൾ അരങ്ങേറി.

**V. എ. എൽ. പി സ്കൂൾ കണിയാരം**

വിദ്യാലയവും പരിസരങ്ങളും ശുചീകരിച്ചുകൊണ്ട് പുതുവർഷത്തെ വരവേറ്റു. സമീപപ്രദേശങ്ങളിലെ കടകളിലും വീടുകളിലും ശുചിത്വ സന്ദേശം നൽകി.

**VI. സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ.**

അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് വീഡിയോ പ്രസന്റേഷനും വിവിധ മത്സരങ്ങളും നടത്തി. ഗ്രന്ഥശാലയുമായി ചേർന്ന് നടത്തിയ പരിപാടികളിൽ വിജയിച്ച കുട്ടികളെ അനുമോദിച്ചു. ലോകചിരി ദിനത്തിൽ ചിരിയും ആയുസ്സും എന്ന വിഷയത്തിൽ ക്ലാസ് നടത്തി. ഗോത്ര ഫെസ്റ്റ് വിവിധ പരിപാടികളോടെ അടുവാടി കോളനിയിൽ നടത്തപ്പെട്ടു.

**VII. സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

ക്രിസ്തുമസിനോട് അനുബന്ധിച്ച് നക്ഷത്ര നിർമ്മാണ മത്സരം, ആശംസകാർഡ് നിർമ്മാണ മത്സരം എന്നിവ നടത്തി. ബത്‌ലഹേം

2022 എന്ന പേരിൽ സംയുക്ത ക്രിസ്തുമസ് ആഘോഷം നടത്തി. സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് സെന്റ് ഓഫ് നൽകി.

**VIII. സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയടംകുന്ന്**

ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് കരോൾ ഗാന മത്സരം, പുൽക്കൂട് നിർമ്മാണം, സാന്താ ഡാൻസ് എന്നിവ സംഘടിപ്പിച്ചു. എല്ലാ ഞായറാഴ്ചകളിലും പ്രത്യേക ക്ലാസ്സും അസംബ്ലിയും മാസ്സ് ഡ്രില്ലും നടത്തിവരുന്നു. ഊർജോത്സവത്തോടനുബന്ധിച്ച് വാട്ടർ കളർ മത്സരം നടത്തി.

**IX ദേവമാത എൽ. പി സ്കൂൾ ആടിക്കൊല്ലി**

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച ഡാൻസിങ് സ്കൂൾ വിത്ത് സാന്ത മത്സരത്തിൽ എൽ . പി വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ക്രിസ്തുമസ് പരീക്ഷ അവലോകനവും പി.ടി.എ ജനറൽബോഡി യോഗവും നടത്തി. നല്ല പാഠം സീഡ് പദ്ധതികളുടെ ഭാഗമായി വിദ്യാലയ വളപ്പിൽ പൂമ്പാറ്റയ്ക്ക് ഒരു പൂന്തോട്ടം, മധുരവനം എന്നീ പദ്ധതികൾക്ക് തുടക്കം കുറിച്ചു. വിദ്യാലയത്തിലെ വിളവെടുപ്പ് ഉത്സവം നടത്തി. വിദ്യാർഥികൾ സ്വന്തമായി വീട്ടുവളപ്പിൽ നട്ടുവളർത്തിയ ചെടിച്ചട്ടികൾ വിദ്യാലയത്തിലേക്ക് സംഭാവന നൽകി.

**X. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ**

വിദ്യാലയത്തിൽ പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി നടത്തിവരുന്ന അക്ഷയ ദീപകം പദ്ധതിയുടെ ഭാഗമായി ടെസ്റ്റ് നടത്തി. വ്യത്യസ്തങ്ങളായ പഠന തന്ത്രങ്ങൾ കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയിട്ടുണ്ട്. വിപുലമായ രീതിയിൽ ക്രിസ്തുമസ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച ഡാൻസിങ് സ്കൂൾ വിത്ത് സാന്ത മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**XI. ക്രൈസ്റ്റ് കിംഗ് എൽ. പി സ്കൂൾ മണിമൂളി**

വിദ്യാലയത്തിൽ എയ്ഡ്സ് ബോധവൽക്കരണ അസംബ്ലി സംഘടിപ്പിച്ചു. ലോക അറബി ഭാഷാ ദിനത്തിന്റെ ഭാഗമായി ഡോക്യുമെന്ററി പ്രദർശനവും വിവിധ മത്സരങ്ങളും നടത്തി. ക്രിസ്തുമസ് ആഘോഷം വിപുലമായി സംഘടിപ്പിച്ചു.

**XII. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

ക്രിസ്തുമസ് ആഘോഷം വിപുലമായി ആചരിച്ചു. കുട്ടികൾക്കായി ക്രിസ്തുമസ് വിരുന്ന് ഒരുക്കി സ്കൂൾ പുറം ഭിത്തിയിൽ മഹാ

ന്മാരുടെ ചിത്രങ്ങൾ സ്ഥാപിച്ചു. വിളവെടുപ്പ് നടത്തി. ക്ലാസ് പി.ടി.എ ചേർന്ന് കുട്ടികളുടെ പഠന പുരോഗതി ചർച്ച ചെയ്തു.

**XIII. നിർമ്മല എൽ. പി സ്കൂൾ ആലാറ്റിൽ**

വിദ്യാലയത്തിലെ ഗോത്ര ഫെസ്റ്റ് 'ഊരരങ്ങ്' എന്ന പേരിൽ സംഘടിപ്പിച്ചു. ഗോത്ര ഫെസ്റ്റിന്റെ ഭാഗമായി ഊരു മൂപ്പന്മാരെ ആദരിക്കലും തനത് ഗോത്ര കലകളുടെ അവതരണവും നടന്നു. കബ്ബ് ബുൾ ബുൾ കുട്ടികളുടെ നേതൃത്വത്തിൽ വസ്ത്ര ശേഖരണം നടന്നത്.

**യുപി വിഭാഗം**

**I. സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

ക്രിസ്തുമസ് ആഘോഷം വ്യത്യസ്തമായ പരിപാടികളോടെ ഗംഭീരമാക്കി. വിദ്യാലയത്തിലെ ജൈവ പച്ചക്കറി വിളവെടുപ്പ് നടത്തി. ഭിന്നശേഷി ദിനാചരണം സംഘടിപ്പിച്ചു.

**II. സെന്റ് മേരീസ് യു. പി സ്കൂൾ തരിയോട്**

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ സമഗ്ര വളർച്ചയ്ക്കായി ആരംഭിച്ച 'അറിയാം നിറയാം'പരിപാടി ശ്രദ്ധേയമായി. സാമൂഹ്യശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടിയുടെയും കാർഷിക ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ കർഷകശ്രീ അവാർഡ് ജേതാവിനെ ആദരിച്ചു.

**III. സെന്റ് മേരീസ് എ. യു. പി സ്കൂൾ കബനിഗിരി**

ക്രിസ്തുമസ് ആഘോഷം വിപുലമായി സംഘടിപ്പിച്ചു . സമീപ വിദ്യാലയങ്ങളിലേക്കും കബിനിഗിരി ടൗണിലേക്കും കരോൾ ടീം തിരുപ്പിറവിയുടെ സന്ദേശവുമായി കടന്നു ചെന്നു. വിദ്യാലയത്തിന് സമീപത്തെ ജലശുദ്ധീകരണശാലയിലേക്ക് പഠനയാത്ര നടത്തി. കണ്ണൂർ ജില്ലയിലെ വിസ്മയവാട്ടർ തീം പാർക്ക് പറശ്ശിനിക്കടവ് പാമ്പ് വളർത്തൽ കേന്ദ്രം പയ്യാമ്പലം ബീച്ച് എന്നിവിടങ്ങളിലേക്ക് വിദ്യാർത്ഥികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു. മലയാളം ഇംഗ്ലീഷ് ഗണിതം വിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനം നടത്തി വരുന്നു.

**IV. അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി**

വിദ്യാലയത്തിൽ പൊതുവിജ്ഞാന ക്ലബ്ബ് രൂപീകരിച്ചു. അറബി ഭാഷാ ദിനത്തിന്റെ ഭാഗമായി മത്സരങ്ങൾ സംഘടിപ്പിച്ചു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച ഡാൻസിങ് സ്കൂൾ വിത്ത് സാന്താ മത്സരത്തിൽ യു. പി വിഭാഗത്തിൽ രണ്ടാം സ്ഥാനവും

എൽ പി വിഭാഗത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി. SPIC - MACAY യുടെ ആഭിമുഖ്യത്തിൽ ക്ലാസിക്കൽ കലാലയ കഥകിന്റെ അവതരണം നടന്നു. ആസ്പിരേഷൻ പാഠ്യപദ്ധതി തയ്യാറാക്കുന്നതിൽ പങ്കുവഹിച്ച വിദ്യാലയത്തിലെ അധ്യാപികയ്ക്കുള്ള സർട്ടിഫിക്കറ്റ് കളക്ടർ സമ്മാനിച്ചു.

**V. സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

വിദ്യാരംഗം കലാസാഹിത്യവേദി സംഘടിപ്പിച്ച ഉപജില്ല സർഗോത്സവത്തിൽ നാടൻപാട്ട് മത്സരത്തിൽ ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ക്ലാസ് പി.ടി.എ സംഘടിപ്പിച്ചു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച ഡാൻസിങ് വിത്ത് സാന്ത മത്സരത്തിൽ യു പി വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**VI. സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി INS എന്ന പ്രോഗ്രാമിലൂടെ പരിശീലനം നൽകിവരുന്നു. ഗൃഹ സന്ദർശനങ്ങൾ നടത്തിവരുന്നു. ക്രിസ്തുമസ് ആഘോഷം സമുചിതമായി നടത്തി.

**VII. അമ്പായത്തോട് യു. പി സ്കൂൾ**

വിദ്യാലയത്തിലെ ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി കണിച്ചാർ ശിശു ഭവനത്തിലെ കൊച്ചു കൂട്ടുകാർക്ക് സമ്മാനങ്ങൾ നൽകി. ക്രിസ്തുമസ് ആഘോഷം വിപുലമായി സംഘടിപ്പിച്ചു.

**VIII. സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി**

വിദ്യാലയത്തിന്റെ പ്ലാറ്റിനം ജൂബിലി സ്വാഗതസംഘം രൂപീകരിച്ചു. ജൂബിലിയുമായി ബന്ധപ്പെട്ട ധാരാളം ചാരിറ്റി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഭിന്നശേഷി വാരാചരണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടന്നു. സ്കൂൾ പച്ചക്കറി തോട്ടത്തിന്റെ വിളവെടുപ്പ് നടത്തി. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു.

**IX. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ**

വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി. ക്രിസ്തുമസ് ആഘോഷം വിപുലമായി സംഘടിപ്പിച്ചു. നല്ല പാഠം പ്രവർത്തകർ കോളനി സന്ദർശിച്ചു കേക്ക് വിതരണം ചെയ്തു. പി.ടി.എ മീറ്റിങ്ങ് സംഘടിപ്പിച്ചു. സ്കൂൾ വാർഷികത്തിന്റെ മുന്നോടിയായി പി.ടി.എ ജനറൽബോഡി ചേർന്നു. പച്ചക്കറി വിളവെടുപ്പ് നടത്തുകയും ഓൾഡേജ്ഹോം സന്ദർശിക്കുകയും ചെയ്തു. കണ്ണൂർ വിസ്മയ പാർക്കിലേക്ക് വിനോദയാത്ര സംഘടിപ്പിച്ചു.

**X. സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ**

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. ക്രിസ്തുമസ് പരീക്ഷയുമായി ബന്ധപ്പെട്ട് ക്ലാസ് പി.ടി.എ ചേർന്നു. പ്രാദേശികവികസനം ലക്ഷ്യമാക്കി സർവ്വേ ഫോം വിദ്യാർഥികൾക്ക് കൈമാറി.

**XI. സെന്റ് ജോസഫ് ടി. ടി. ഐ മാനന്തവാടി**

വയനാട് ജില്ലാ കലോത്സവത്തിൽ ഒരു വേദിയായി വിദ്യാലയം തെരഞ്ഞെടുക്കപ്പെട്ടു. കലോത്സവത്തിന് എത്തുന്നവർക്കുള്ള ഭക്ഷണം ഒരുക്കിയത് വിദ്യാലയത്തിൽ ആയിരുന്നു. കലോത്സവത്തിന് എത്തുന്നവർക്ക് ചായയും പലഹാരങ്ങളും നൽകാൻ ഉമ്മച്ചിയുടെ ചായക്കട എന്ന പേരിൽ ഒരുക്കിയ ചായക്കട മീഡിയയുടെ ശ്രദ്ധ പിടിച്ചുപറ്റി. മാനന്തവാടി ഉപജില്ല വിദ്യാരംഗം കലോത്സവത്തിൽ ഓവറോൾ ജേതാക്കൾ ആയി. വിദ്യാലയത്തിലെ പച്ചക്കറി തോട്ടത്തിലെ വിളവെടുപ്പ് നടത്തി. ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി അവശ്യവസ്തുക്കൾ അടങ്ങുന്ന കിറ്റുകളുമായി സമരിറ്റൻ ഭവൻ സന്ദർശിച്ചു. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തളിര് സ്കോളർഷിപ്പിന് വിദ്യാർത്ഥികൾ അർഹരായി. മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച ഡാൻസിങ് സ്കൂൾ വിത്ത് സാന്ത മത്സരത്തിൽ യു.പി വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**XII. എ. യു. പി സ്കൂൾ ദ്വാരക**

അപകടത്തിൽപ്പെട്ട് രക്ഷിതാവ് മരണമടഞ്ഞ നിരാലംബരായ കൂട്ടുകാർക്കായി വിഭവ സമാഹരണം നടത്തി അവർക്ക് കൈമാറി. ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി പെരുവകയിലെ ആൻസർ ഭവൻ വൃദ്ധമന്ദിരം സന്ദർശിച്ചു. വയനാട് ജില്ല ഊർജ്ജോത്സവത്തിന്റെ ഭാഗമായി നടത്തിയ ഉപന്യാസരചന മത്സരത്തിൽ വിജയം നേടുകയും സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

**XIII. സെന്റ് തോമസ് യു. പി സ്കൂൾ ഇടിവണ്ണ**

ഉപജില്ല കലോത്സവത്തിൽ ചാലിയാർ പഞ്ചായത്തിൽ വിദ്യാലയം ഒന്നാം സ്ഥാനം നേടി. ക്രിസ്തുമസ് ആഘോഷം വിപുലമായി സംഘടിപ്പിച്ചു.

## ഹൈസ്കൂൾ വിഭാഗം

### I. സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ

ക്രിസ്തുമസ് ആഘോഷം വളരെ വിപുലമായി നടത്തി. സ്ഥാപന പച്ചക്കറി കൃഷിയുടെ വിളവെടുപ്പിന്റെ ആദ്യഘട്ടം നടത്തി. ജില്ലാ കളരിപ്പയറ്റ് മത്സരത്തിൽ വിദ്യാർത്ഥികൾ ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കി.

### II. നിർമ്മല ഹൈസ്കൂൾ കബനിഗിരി

സംസ്ഥാന കായികമേളയിൽ ഡിസ്കസ് ത്രോയിൽ എട്ടാം സ്ഥാനം നേടി. വിദ്യാരംഗം ഉപജില്ല കലോത്സവത്തിൽ നിന്നും വിദ്യാർത്ഥികൾ ജില്ലാതല മത്സരത്തിനായി തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റാർ പദ്ധതിയിൽ മുൻനിരയിൽ എത്തിയ വിദ്യാർത്ഥികൾക്ക് സ്റ്റാർ ബാഡ്ജുകൾ വിതരണം ചെയ്തു. വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. അഗതികൾക്ക് ഒരു സ്നേഹസമ്മാനം പദ്ധതിയിലൂടെ ശേഖരിച്ച നിത്യ ഉപയോഗ സാധനങ്ങൾ സ്നേഹ ഭവൻ സന്ദർശിച്ചു പ്രിയ പ്പെട്ടവർക്ക് കൈമാറി. ലിറ്റിൽ കൈറ്റ് യൂണിറ്റ് ക്യാമ്പ് നടത്തി.

### III. സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി

ദേശീയ ജാംബൂരിയിൽ വിദ്യാലയത്തിലെ മൂന്നു കുട്ടികൾ പങ്കെടുത്തു. സ്കൗട്ട് യൂണിറ്റ് ക്യാമ്പ് നടത്തി. ക്രിസ്തുമസ് ആഘോഷം വിവിധ പരിപാടികളോടെ വിപുലമായി നടത്തി. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മികച്ച വിജയം നേടി. പത്താം ക്ലാസിലെ കുട്ടി കൾക്ക് 'ഉയരെ' എന്ന പേരിൽ മോട്ടിവേഷൻ ക്ലാസ് നടത്തി. സംസ്ഥാന കായികമേളയിൽ സബ്ജൂനിയർ വിഭാഗം ഹോക്കി ടൂർണമെന്റിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

### IV. ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം

വയനാട് റവന്യൂ ജില്ലാ കലോത്സവത്തിന് വിദ്യാലയം ആതിഥ്യം വഹിച്ചു. കൂട്ടായ്മയുടെ വിജയമായിരുന്നു ഈ കലോത്സവം. ജില്ലാ കലോത്സവത്തിൽ സംസ്കൃത വിഭാഗമത്സരങ്ങളിൽ ഓവറോൾ കിരീടം നേടി. എസ്. പി. സി വിജ്ഞാനോത്സവത്തിൽ സംസ്ഥാ നത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കി. വിദ്യാരംഗം ഉപജില്ല സർഗോ ത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചു. തിരുപ്പിറവിയുടെ സന്ദേശം പകർന്നുകൊണ്ട് ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. വിദ്യാ ലയത്തിന്റെ റൂബി ജൂബിലിയുടെ ഭാഗമായി പൂർവ്വ അധ്യാപക അന ധ്യാപക സംഗമം നടത്തി.

**V. അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വിദ്യാലയം വിവിധ ഇനങ്ങളിൽ എ ഗ്രേഡ് നേടി. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ വെളിച്ചത്തിൽ വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ ജെ. ആർ. സി യൂണിറ്റിന്റെ നേതൃത്വത്തിൽ ക്ലാസ് സംഘടിപ്പിച്ചു. രണ്ടാം പാദവാർഷിക മൂല്യനിർണയം വിലയിരുത്തുന്നതിനായി പി.ടി.എ യോഗം സംഘടിപ്പിച്ചു. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള ക്യാമ്പ് ജനുവരി രണ്ടാം വാരത്തിൽ ആരംഭിക്കാൻ തീരുമാനിച്ചു.

**VI. ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ**

വിദ്യാലയത്തിലെ ക്രിസ്തുമസ് ആഘോഷം വിവിധ പരിപാടികളോടെ വിപുലമായി ആഘോഷിച്ചു. മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച ഡാൻസിങ് സ്കൂൾ വിത്ത് സാന്ത മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. 1979, 1980 എസ്.എസ്.എൽ.സി ബാച്ചുകളുടെ സംഗമം സംഘടിപ്പിച്ചു. എസ്. പി. സി, സ്കൗട്ട്, ഗൈഡ് വിദ്യാർത്ഥികൾക്കായി ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് ക്യാമ്പ് നടത്തി.

**VII. സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ഒരുമ, ഒരുക്കം, ഓർമ്മ 23 എന്ന പേരിൽ കുട്ടികളുടെ പഠനമികവിനെ ആസ്പദമാക്കി 3 "O' S പ്രോഗ്രാം ആരംഭിച്ചു. ഓരോ പ്രദേശത്തുള്ള രക്ഷിതാക്കളെയും കുട്ടികളെയും ഒരു ഭവനത്തിൽ ഒരുമിച്ചുള്ള പഠന പദ്ധതികൾ അവലോകനം ചെയ്യുകയും രക്ഷിതാക്കൾ അറിയാൻ ക്ലാസ്സ് സംഘടിപ്പിക്കുകയും ചെയ്തു.

**VIII. സെന്റ് കാതറൈസ് ഹയർസെക്കൻറി സ്കൂൾ പയ്യമ്പള്ളി**

സംസ്ഥാനതല കലാമേളയിൽ വിവിധ ഇനങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു. മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച 'ഡാൻസിങ് സ്കൂൾ വിത്ത്' സാന്ത മത്സരത്തിൽ ഹൈസ്കൂൾ വിഭഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. വിദ്യാലയത്തിലെ കുട്ടി പോലീസ് അംഗങ്ങൾ ക്രിസ്തുമസ് ക്യാമ്പിനോട് അനുബന്ധിച്ച് ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി പാർക്ക് ഏവരുടെയും ശ്രദ്ധ ആകർഷിക്കുന്ന ഒന്നായി മാറി.

**IX. ക്രൈസ്റ്റ് കിംഗ് ഹയർസെക്കൻ്ററി സ്കൂൾ മണിമൂളി**

വിദ്യാലയത്തിന്റെ പുതിയ ക്ലാസ് മുറികൾ, നവീകരിച്ച കമ്പ്യൂട്ടർ ലാബ്, വിദ്യാലയങ്കണം ബാസ്ക്കറ്റ്ബോൾ കോർട്ട് എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കപ്പെട്ടു.

**ഹയർസെക്കൻ്ററി സ്കൂൾ വിഭാഗം**

**I. സെന്റ് ജോസഫ് ഹയർസെക്കൻ്ററി സ്കൂൾ കല്ലോടി**

നിറപ്പകിട്ടാർന്ന ക്രിസ്തുമസ് ആഘോഷങ്ങൾക്ക് വിദ്യാലയം സാക്ഷിയായി. സ്കൗട്ട് ഗൈഡ് വിദ്യാർത്ഥികൾക്കായി ക്യാമ്പ് സംഘടിപ്പിച്ചു. എൻ.എസ്.എസ് യൂണിറ്റിന്റെ സപ്തദിന ക്യാമ്പ് കണിയാരം സെന്റ് ജോസഫ്സ് ടി. ടി. ഐ യിൽ വെച്ചു നടത്തി.

**II. സെന്റ് തോമസ് ഹയർസെക്കൻ്ററി സ്കൂൾ നടവയൽ**

സംസ്ഥാന തല കലാമേളയിൽ പരിചമുട്ട് മത്സരത്തിൽ എ ഗ്രേഡ് നേടി. ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി. കൗമാര വിദ്യാഭ്യാസ ശില്പശാല നടത്തി. മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച ഡാൻസിങ് സ്കൂൾ വിത്ത് സാന്താ മത്സരത്തിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ മത്സരത്തിൽ പങ്കെടുത്ത വിദ്യാലയങ്ങൾക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ. വിദ്യാലയ മികവുകളെ ഉയർത്താൻ ലഭിക്കുന്ന അവസരങ്ങളിൽ ഇനിയും ഏറ്റവും പ്രയോജനപ്രദമായി വിനിയോഗിക്കാൻ എല്ലാ വിദ്യാലയങ്ങൾക്കും കഴിയട്ടെ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# *Bishop's Programme*



**February 2023**

*1 Wednesday.............Theneri: 75th Foundation Day of the parish.*

*2 Monday..................Bathery: Blessing of Foundation Stone &*
*Assumption School- Send Off Meeting*
*Afternoon: TTI: Sendoff Meeting*

*3 Tuesday.................10 Friday: Punjab Mission Visit*

*11 Saturday...............Engaged*

*13 Monday................Mullenkolli: Blessing of Capuchin Ashram*

*13 Monday................Afternoon: - 15 Wednesday- 1st Batch:*
*Ongoing formation of Priests*

*16 Thursday..............Presbyteral Council*

*16 Thursday..............Afternoon - 18 Saturday- 2nd Batch:*
*Ongoing formation of Priests*

*18 Saturday...............Ernakulam: KLM AGM*

*19 Sunday.................Kalpetta: Fathima Matha Hospital Jubilee*

*22 Wed - 26 Sun........Diocesan Golden Jubilee Bible Convention*

*25 Sat- 26 Sat...........Vincentgiri: Vincentian Sangamam*

# Auxiliary Bishop's Programme



**February 2023**

*02 Thursday...............Thrikkaipetta, First Holy Communion*

*03 Friday....................Engaged*

*04 Saturday................Pathenpara, Holy Qurbana*

*05 Sunday...................Rippon, Holy Qurbana*

*06 Monday..................Engaged*

*08 Wednesday.............Dwaraka, School Anniversary*

*10 Friday....................Seethamount, Blessing of Cemetery*

*11 Saturday.................Kallody, Holy Qurbana*

*12 Sunday...................Pallikkunnu, Holy Qurbana*

*13 Monday.................Afternoon:  - 15 Wednesday- 1st Batch:*
*Ongoing formation of Priests*

*16 Thursday...............Presbyteral Council*

*16 Thursday...............Afternoon - 18 Saturday- 2nd Batch:*
*Ongoing  formation of Priests*

*18 Saturday................Evening, Amarakuni, Holy Qurbana*

*19 Sunday..................Chungakkunnu, Holy Qurbana*

*22 Wed - 26 Sun.........Dwaraka, Bible Convention*

*27 Monday.................Engaged*

*28 Tuesday.................Visitors' Day*